
# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

**സെപ്റ്റംബർ 2024**




പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവിത്തിരുനാളിന്റെയും
വിശുദ്ധ കുരിശിന്റെ പുകഴ്ചയുടെ തിരുനാളിന്റെയും ആശംസകൾ



ചങ്ങനാശ്ശേരി അതിരൂപത
ആർച്ച് ബിഷപ്പായി
നിയമിതനായ
അഭിവന്ദ്യ
മാർ തോമസ് തറയിലിനും



ഷംഷാബാദ് രൂപത
ബിഷപ്പായി
നിയമിതനായ
അഭിവന്ദ്യ
മാർ പ്രിൻസ് പാണേങ്ങാടിനും

കാഞ്ഞിരപ്പള്ളി രൂപതാകുടുംബത്തിന്റെ
പ്രാർത്ഥനാശംസകൾ



# കാഞ്ഞിരപ്പള്ളി രൂപതാ ബുള്ളറ്റിൻ

Vol. XLVIII No. 9 സെപ്റ്റംബർ 2024

# കാഞ്ഞിരപ്പള്ളി
# രൂപതാ ബുള്ളറ്റിൻ

**Vol. XLVIII** **No. 9** **സെപ്റ്റംബർ 2024**


| | | |
|---|---|---|
| സിനഡനന്തര സർക്കുലർ | - | 3 |
| കച്ചേരിക്കാര്യം | - | 11 |
| അനുസ്മരണം | - | 18 |
| പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ | - | 21 |
| അജപാലനോത്തേജനവിഭാഗം | - | 22 |
| റെയിൻബോ – 2021 | - | 25 |
| വിശ്വാസജീവിതപരിശീലനരംഗം | - | 26 |
| ചെറുപുഷ്പ മിഷൻലീഗ് | - | 32 |
| ബൈബിൾ അപ്പോസ്തലേറ്റ് | - | 35 |
| സീറോ മലബാർ യൂത്ത് മൂവ്മെന്റ് | - | 36 |
| കുടുംബപ്രേഷിതത്വം | - | 40 |
| പിതൃവേദി | - | 42 |
| മാതൃവേദി | - | 45 |
| മേരി മാതാ മൈനർ സെമിനാരി | - | 48 |
| മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി | - | 49 |
| കാത്തലിക്ക് കരിസ്മാറ്റിക് നവീകരണം | - | 50 |
| മരിയൻ റിട്രീറ്റ് സെന്റർ | - | 55 |
| സന്യസ്തർ | - | 58 |
| കെ.സി.എസ്.എൽ. | - | 65 |
| കത്തോലിക്കാ കോൺഗ്രസ് | - | 67 |
| തേനി മിഷൻ വാർത്തകൾ | - | 70 |
| മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ | - | 72 |
| ഡി.സി.എം.എസ്. | - | 76 |
| ലീജിയൻ ഓഫ് മേരി | - | 77 |
| ഫ്രാൻസിസ്ക്കൻ അല്മായസഭ | - | 78 |
| വിൻസെൻഷ്യൻ വേദി | - | 80 |
| ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി | - | 86 |
| വിമല പബ്ലിക്കേഷൻസ് | - | 87 |
| Special Care Homes & Charitable institution | - | 89 |
| മലനാട് ഡവലപ്മെന്റ് സൊസൈറ്റി | - | 91 |
| ഇൻഫാം | - | 94 |
| പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി | - | 95 |
| രൂപതാവാർത്തകൾ | - | 100 |
| Bishop's Engagements | - | 103 |

Prot. No. 0857/2024

# സിനഡാനന്തര സർക്കുലർ

**സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ തന്റെ സഹശുശ്രൂഷകരായ മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക് ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.**

**കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടും കൂടെ ഉണ്ടായിരിക്കട്ടെ!**

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനം 2024 ആഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാനകാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. പ്രതിസന്ധികൾക്കിടയിലും ദൈവപരിപാലനയുടെ അതിശയകരമായ നടത്തിപ്പ് അനുഭവിച്ചറിയാനുള്ള അവസരമായാണ് സിനഡുസമ്മേളനം അനുഭവപ്പെട്ടത്. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി കാര്യങ്ങൾ സിനഡുപിതാക്കന്മാരുടെ പരിചിന്തനത്തിനു വിഷയമായി.

**പ്രകൃതി ദുരന്തങ്ങൾ**

വയനാട്ടിലും വിലങ്ങാടും സംഭവിച്ച സമാനതകളില്ലാത്ത പ്രകൃതിദുരന്തത്തിൽ മരണമടഞ്ഞവരെ സിനഡു പ്രാർഥനാപൂർവം അനുസ്മരിച്ചു. ഉറ്റവരെയും ഉടയവരെയും മാത്രമല്ല ഉള്ളതെല്ലാം നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന ദുരിതബാധിതർക്കൊപ്പം കേരളമൊന്നാകെ നിലകൊണ്ടതു നമ്മുടെ സമൂഹത്തിന്റെ നന്മയും പ്രത്യാശയുടെ പ്രകാശവുമാണ്. ദുരന്തബാധിതരെ പുനരധിവസിപ്പിക്കാനുള്ള സംരംഭത്തിൽ സഭയുടെ

സമ്പൂർണമായ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ കത്തോലിക്കാ മെത്രാൻസമിതികളുടെ സഹകരണത്തോടെ ഭവനങ്ങൾ നിർമിച്ചുനല്കാനും ഭൂരഹിതരായവർക്കു ഭവന നിർമാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാനുമുള്ള സഭയുടെ സന്നദ്ധത ഉത്തരവാദിത്വപ്പെട്ടവരെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. പുനരധിവാസപ്രക്രിയ ത്വരിതഗതിയിലാക്കാനും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാര പാക്കേജുകൾ സത്വരമായി പ്രഖ്യാപിക്കാനും സിനഡുസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നാം 'അധിവസിക്കുന്ന പൊതുഭവനം' എന്നു ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ച നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ, പരിസ്ഥിതിക്ക് ആഘാതം വരുത്തുന്ന വിവിധ ഖനനങ്ങൾക്കും വൻകിട നിർമാണങ്ങൾക്കും നേരേ കണ്ണടയ്ക്കുകയും കർഷകരെ പരിസ്ഥിതിഘാതകരായി ചിത്രീകരിക്കുകയും ചെയ്യുന്ന തെറ്റായ പരിസ്ഥിതി വാദത്തെ സഭ തിരിച്ചറിയുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളുടെ മറവിൽ കർഷകദ്രോഹപരമായ നടപടികളാരംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നീക്കങ്ങൾ അപലപനീയമാണ്. പരിസ്ഥിതിലോലപ്രദേശങ്ങളായി കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടുകേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം മലയോരകർഷകരിൽ ഏറെ ആശങ്കയുളവാക്കുന്നുണ്ട്. ആയുസ്സുമുഴുവനും അദ്ധ്വാനിച്ചുണ്ടാക്കിയ സ്വന്തം കൃഷിഭൂമി മൂല്യരഹിതമായിത്തീരുന്ന ദയനീയമായ സാഹചര്യമാണ് ഈ വിജ്ഞാപനംവഴി കർഷകർക്കുണ്ടായിരിക്കുന്നത്. ആഗോളതാപനംവഴിയുള്ള അതിവർഷം തുടങ്ങി പ്രകൃതിദുരന്തങ്ങളുടെ യഥാർഥ കാരണം വിശദീകരിക്കുന്ന ശാസ്ത്രീയപഠനങ്ങളെ നിരാകരിച്ചുകൊണ്ട് കർഷകരെ ബലിയാടാക്കാനു

ള്ള നീക്കം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ കർഷകരുടെ ആശങ്കയകറ്റാനുള്ള വ്യക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

**സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി**

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയ്ക്കു ആഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപതയിലെ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സെന്റ് തോമസ് കോളേജും സംയുക്തമായി ആതിഥേയത്വം വഹിച്ചു. സംഘാടക മികവുകൊണ്ടും കൂട്ടായ്മയുടെ സാക്ഷ്യം കൊണ്ടും ചർച്ചാവിഷയങ്ങളുടെ കാലികപ്രസക്തി കൊണ്ടും ഇത്തവണത്തെ അസംബ്ലി ഏറെ ശ്രദ്ധേയമായിരുന്നു. വിശ്വാസപരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ, മിഷൻപ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം, സീറോമലബാർ സമുദായശക്തീകരണം എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള പഠനങ്ങളും പരിചിന്തനങ്ങളുമാണ് അസംബ്ലിയിൽ പ്രധാനമായും നടന്നത്. സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടുത്തത്. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതി നിർണയിക്കാൻ സഹായകമായ ശ്രദ്ധേയമായ തീരുമാനങ്ങളും കർമപദ്ധതികളും അസംബ്ലിയിൽ രൂപീകരിച്ചിട്ടുള്ളത് വിശദമായി നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കംമൂലമുള്ള ദുർബലാവസ്ഥ കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തിനു നാശംവരുത്താൻ പര്യാപ്തമായ ഭീഷണിയായി വളർന്നിട്ടുണ്ട്. 'തമിഴ്നാടിനു വെള്ളവും കേരളത്തിനു സുരക്ഷിതത്വവുമെന്ന' നിലപാടിൽ ഉറച്ചുനിന്നുകൊണ്ടു ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള സത്വര

നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണമെന്നു സഭ അസംബ്ലി സർക്കാരിനോടു ആവശ്യപ്പെട്ടു.

ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ടു പ്രസിദ്ധീകരിക്കാനോ നിർദേശങ്ങൾ നടപ്പിലാക്കാനോ സർക്കാർ നാളിതുവരെ യാതൊന്നും ചെയ്തില്ല എന്ന സത്യം ക്രൈസ്തവസമൂഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സുതാര്യവും നീതിപൂർവകവുമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭ ആവശ്യപ്പെടുന്നു.

**കുടുംബപ്രാർഥന**

നമ്മുടെ കുടുംബങ്ങളുടെ ശക്തികേന്ദ്രം നിത്യേനയുള്ള കുടുംബപ്രാർഥനകളായിരുന്നു. തലമുറകളെ വിശ്വാസപാരമ്പര്യത്തിലും സഭാസ്നേഹത്തിലും നിലനിറുത്തുന്നതിൽ കുടുംബപ്രാർത്ഥനയ്ക്കുള്ള പങ്കുവലുതാണ്. എന്നാൽ, ജോലിത്തിരക്കുകൾമൂലവും കുടുംബാംഗങ്ങൾ വിവിധ ദേശങ്ങളിൽ ആയിരിക്കുന്ന സാഹചര്യത്തിലും നമ്മുടെ പവിത്രമായ കുടുംബപ്രാർഥനാസംസ്കാരത്തിനു കുറവുവന്നിട്ടുള്ളതായി സിനഡു വിലയിരുത്തി. നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയെയും നിലനില്പിനെയും പരിപോഷിപ്പിക്കുന്ന കുടുംബപ്രാർഥനാരീതി അവികലമായി നിലനിറുത്താൻ എല്ലാ കുടുംബാംഗങ്ങളും പരിശ്രമിക്കണം.

**ഏകീകൃത വിശുദ്ധ കുർബാനയർപ്പണം**

നമ്മുടെ സഭയുടെ ഏകീകൃത കുർബാനക്രമം എല്ലാ രൂപതകളിലും നടപ്പിലാക്കാനുള്ള 2021 ലെ സിനഡുതീരുമാനം സഭയിലുടനീളം മാറ്റമില്ലാതെ തുടരുന്നതാണ്. എന്നാൽ, ഈ

തീരുമാനം പൂർണമായും നടപ്പിലാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. സിനഡുതീരുമാനം നടപ്പിലാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ നിലനില്ക്കുന്നതിനാൽ, എറണാകുളം അങ്കമാലി അതിരൂപതയെ മനസ്സിലാക്കാനും പിതൃസഹജമായ സ്നേഹത്തോടെ ചേർത്തുപിടിക്കാനുമാണു സിനഡു ശ്രമിച്ചത്. ഇതിന്റെ ഭാഗമായി, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ ചൊല്ലിത്തുടങ്ങുന്ന പള്ളികളിലെ വൈദികർക്കു സഭാപരമായ നടപടികളിൽനിന്നു താത്ക്കാലികമായി ഇളവുനല്കുമെന്ന് അറിയിച്ചിരുന്നു. ഏകീകൃത കുർബാനയർപ്പണം അതിരൂപതമുഴുവനിലും നടപ്പിലാക്കാനായി ബോധവത്ക്കരണത്തിനുവേണ്ടിയുള്ള സാവകാശമായിട്ടാണ് ഈ ഇളവു നല്കിയത്. ഈ നിർദേശം നൂറിലധികം പള്ളികളിൽ നടപ്പിലായെങ്കിലും അതിരൂപതയിലെ മറ്റു പള്ളികൾ ഇക്കാര്യത്തിൽ പുലർത്തുന്ന വൈമുഖ്യത്തെ യാതൊരു വിധത്തിലും നീതീകരിക്കാനാവില്ല. ഇത്തരം നിലപാടുകൾ കുറ്റകരമായിക്കണ്ടു നടപടികൾ സ്വീകരിക്കുന്നതാണ്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കിയ പള്ളികളിൽ പലതിലും ആത്മാർഥമായ സമീപനം പ്രകടമായില്ല എന്ന പരാതി നിലവിലുണ്ട്. ഒരുമിച്ചുനടക്കാനുള്ള സിനഡിന്റെ പരിശ്രമങ്ങളെ ശരിയായ അർഥത്തിൽ മനസ്സിലാക്കി സഹകരിക്കാൻ എറണാകുളം അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അല്മായരോടും സിനഡ് ആവശ്യപ്പെടുകയാണ്. ഏറെ വെല്ലുവിളികൾക്കിടയിലും അപ്പസ്തോലിക ധീരതയോടെ സിനഡിന്റെ തീരുമാനം നടപ്പിലാക്കിയ വൈദികരെയും ഇടവകകളെയും സിനഡ് ആദരപൂർവം സ്മരിക്കുന്നു. അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പിലാക്കാ

നുള്ള വ്യക്തമായ നിർദേശങ്ങൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിനു നല്കിയിട്ടുണ്ട്. ഏകീകൃത കുർബാനയർപ്പണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോട് എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

**ജൂബിലിവർഷം**

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ അനുസ്മരണമായി രണ്ടായിരത്തി ഇരുപത്തിയഞ്ചാം ആണ്ടിനെ സാധാരണ ജൂബിലിവർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ 'പ്രത്യാശയുടെ തീർഥാടകരാകുവിൻ' എന്ന ആഹ്വാനമാണ് പരിശുദ്ധ പിതാവു ജൂബിലിവർഷത്തിൽ നല്കുന്നത്. നമ്മുടെ കർത്താവിലുള്ള വിശ്വാസത്തെ സഭയിലൂടെ ആഘോഷിക്കുക എന്നതാണു ജൂബിലിവർഷത്തിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (spes non confundit) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ജൂബിലിയാഘോഷത്തിനുള്ള മാർഗരേഖ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. 2024 ഡിസംബർ മാസം ജൂബിലിക്ക് അടുത്ത ഒരുക്കത്തിനായുള്ള പ്രാർഥനാദിനങ്ങളായി നാം ആചരിക്കണം.

2024 ഡിസംബർ 24 നു രാത്രി എല്ലാ കത്തീഡ്രൽപള്ളികളിലും തുടർന്നുവരുന്ന ഞായറാഴ്ച എല്ലാ ഇടവകപള്ളികളിലും ജൂബിലിവർഷം, ജൂബിലിതിരി തെളിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂബിലിവർഷത്തിന്റെ ലോഗോ ഉൾപ്പെടുന്ന ഫലകം എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. ജൂബിലിവർഷത്തിൽ തിരുസഭാമാതാവു തന്റെ മക്കൾക്കു നല്കുന്ന

വിവിധങ്ങളായ വരപ്രസാദവഴികളെയും ദണ്ഡവിമോചന ങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഇടയലേഖനം രൂപതാധ്യ ക്ഷന്മാർ നല്കുന്നതായിരിക്കും. പരിശുദ്ധ കുർബാന, അനുര ഞ്ജനകൂദാശ എന്നിവയിൽ അധിഷ്ഠിതമായതും തീർഥാടന ങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ കർമപദ്ധതിയാണ് രൂപ താതലങ്ങളിൽ നടപ്പിലാക്കേണ്ടത്. സഭയിലുടനീളം പ്രത്യാശ യുടെ പുതിയ പ്രകാശം പരക്കാനും കൂട്ടായ്മയുടെയും സഭാ സ്നേഹത്തിന്റെയും പുതിയ വസന്തം വിരിയാനും ജൂബിലിവ ർഷം നിമിത്തമാകട്ടെ എന്നു പ്രാർഥിക്കുന്നു.

**പുതിയ ഇടയന്മാർ**

നമ്മുടെ സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനമായി രണ്ടു പുതിയ ഇടയന്മാരെ ലഭിച്ചു എന്നത് ഏറെ അഭിമാനകരവും സന്തോഷകരവുമാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പ്രസ്തുത അതിരൂപതയുടെ സഹാ യമെത്രാനായി സേവനം ചെയ്തുവരികയായിരുന്ന മാർ തോമസ് തറയിൽ പിതാവു നിയമിതനായി. അറിയപ്പെടുന്ന മനഃശാസ്ത്ര വിശാരദനും സാമൂഹിക ആത്മീയമേഖലകളിലെ നലംതികഞ്ഞ നായകനുമായ നിയുക്ത ആർച്ചുബിഷപ്പിനു സഭയുടെ മുഴുവ ൻ പ്രാർഥനാമംഗളങ്ങൾ നേരുന്നു. പിതൃസഹജമായ വാ ത്സല്യത്തോടും സീറോമലബാർസഭയുടെ പാരമ്പര്യങ്ങളോടു മുള്ള അവികലമായ വിശ്വസ്തതയോടും കുലീനമായ ശാന്ത തയോടുംകൂടി കഴിഞ്ഞ ഇരുപത്തിരണ്ടു വർഷങ്ങൾ ചങ്ങ നാശ്ശേരി അതിരൂപതയിൽ മേല്പട്ടശുശ്രൂഷ നിർവഹിച്ച അഭി വന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടു സീറോമല ബാർസഭ ഏറെ കടപ്പെട്ടിട്ടുണ്ട്. പിതാവിന്റെ സേവനങ്ങളെ ആ ദരവോടെ സ്മരിച്ചുകൊണ്ടു താപസതുല്യമായ പിതാവിന്റെ

വഴികളെ കർത്താവു തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഭൂവിസ്തൃതികൊണ്ടു ഭാരതത്തിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദിന്റെ രണ്ടാമത്തെ മെത്രാനായി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവു നിയമിതനായി. സഹജമായ പ്രേഷിതതീക്ഷ്ണതയും കഠിനാദ്ധ്വാനശീലവും ജീവിതലാളിത്യവും അഭിവന്ദ്യ പിതാവിനു പുതിയ ദൗത്യത്തിൽ സഹായകമാകുമെന്ന് ഉറപ്പുണ്ട്. സഭയുടെ പ്രേഷിതമുഖമായി മാറാൻ പിതാവിനു കഴിയട്ടെയെന്നു പ്രാർഥിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഷംഷാബാദ് രൂപതയ്ക്കും സഭ മുഴുവന്റെയും പ്രാർഥനാശംസകൾ നേരുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പുപിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ആഗസ്റ്റു മാസം 31-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**

സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

NB : ഈ സർക്കുലർ 2024 സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമധ്യേ വായിക്കേണ്ടതാണ്.

# കച്ചേരിക്കാര്യം

**1. എട്ടുനോമ്പ്**

പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുനാളിന് ഒരുക്കമായി സെപ്റ്റംബർ 1-ാം തീയതി മുതൽ 8-ാം തീയതി വരെ വർഷം തോറും നടത്തിവരുന്ന എട്ടുനോമ്പാചരണം യഥാവിധി അനുഷ്ഠിക്കുവാൻ എല്ലാ ഇടവകകളിലും ബഹുമാനപ്പെട്ട വികാരിയച്ചന്മാർ വേണ്ടതു ചെയ്യേണ്ടതാണ്.

**2. വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ**

പൗരസ്ത്യസഭകളിലെ പ്രധാനപ്പെട്ട തിരുനാളുകളിലൊന്നായ വി. കുരിശിന്റെ പുകഴ്ചയുടെ തിരുനാൾ സെപ്റ്റംബർ 14-ാം തീയതിയാണ് ആഘോഷിക്കുന്നത്. ഈ തിരുനാളിന്റെ പ്രസക്തിയെക്കുറിച്ച് വിശ്വാസികളെ അറിയിക്കുകയും സമുചിതമായി തിരുനാൾ ആഘോഷിക്കാൻ ശ്രദ്ധിക്കുകയും ചെയ്യേണ്ടതാണ്.

**3. വി. മത്തായി ശ്ലീഹായുടെ തിരുനാൾ**

സെപ്റ്റംബർ 21-ാം തീയതി വി. മത്തായി ശ്ലീഹായുടെ തിരുനാളാണ്. മാത്യു നാമധാരിയായ അഭിവന്ദ്യ മാത്യു അറയ്ക്കൽ പിതാവിനെയും വൈദികന്മാരേയും അന്നേദിവസം പ്രത്യേകം അനുസ്മരിച്ച് പ്രാർത്ഥിക്കുവാൻ എല്ലാവരും ശ്രദ്ധിക്കുമല്ലോ.

**4. വൈദികരുടെ വാർഷികധ്യാനം**

വൈദികരുടെ **വാർഷിക ധ്യാനം ആരംഭിക്കുന്നത് ഞായറാഴ്ച വൈകുന്നേരം 7.30 നുള്ള റംശാപ്രാർത്ഥനയോടുകൂടിയാണ്.** അതനുസരിച്ച് ഈ വർഷത്തെ ധ്യാനം ആരംഭിക്കുന്നത് സെപ്റ്റംബർ 22-ാം

തീയതി ഞായറാഴ്ചയും സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ചയുമാണ്. ഇക്കാര്യം ബഹുമാനപ്പെട്ട വൈദികർ ശ്രദ്ധിക്കേണ്ടതാണ്.

ബഹുമാനപ്പെട്ട വൈദികരുടെ വാർഷികധ്യാനം ഈ വർഷവും രണ്ടു ബാച്ചുകളിലായിട്ടാണ് നടത്തുന്നത്. അച്ചന്മാരുടെ പുതുക്കിയ ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നു. ലിസ്റ്റിൽ ഇനിയും മാറ്റം ആവശ്യമുള്ളവർ മൈനർ സെമിനാരി റെക്ടറെ മുൻകൂട്ടി അറിയിക്കേണ്ടതാണ്. കുർബ്ബാന കണക്കുപുസ്തകം ധ്യാനത്തിനു വരുന്നവർ പരിശോധനയ്ക്കായി കൊണ്ടുവരേണ്ടതാണ്. Bination/ trination കണക്കുകളും ധ്യാനാവസരത്തിൽ ബഹു. പ്രൊക്കുറേറ്റർ അച്ചനെ ഏൽപ്പിക്കേണ്ടതാണ്.

## List of Participants of the Annual Retreat
## 1st Batch - 2024 Sept. 22-27
## Mary Matha Minor Seminary, Podimattam
## Retreat Preacher: Fr. Jilson Kakkattuthadathil VC

1. Alappattukunnel Joseph
2. Alunkel George
3. Arackaparambil Joby (JK)
4. Arackaparampil Joseph (Jr.)
5. Arackaparampil Mathew
6. Ayalooparampil Dominic
7. Ayalloor James
8. Chathanattu Jacob (Jr.)
9. Chavarapuzha James
10. Cheeramkunnel Thomas
11. Chenappurackal Thomas
12. Chennakkattukunnel Antony
13. Cherusseril Sebastian
14. Chintharmaniyil Thomas
15. Edathinakam Jose
16. Kaippenplackal Jacob
17. Kakkallil Varghese
18. Kallooparambathu Joseph
19. Kallumadickal Francis
20. Kandathil Thomas
21. Kannalil Thomas
22. Kannamkulam Geo CMI

23. Kariplackal Sebastian
24. Karuvallil Thomas
25. Kidangathazhe Sebastian
26. Kilirooparampil Thomas
27. Kizhakkayil Michael
28. Kochuveettil Abraham
29. Kochuveettil Joseph
30. Kollamkunnel Sebastian Jose
31. Kollamparampil James
32. Kollamparampil Joseph
33. Kondooparampil Mathews
34. Koottiyaniyil Zacharias MTSD
35. Kottoor Antony
36. Kumbukattu Sebastian
37. Kunnappally Mathew
38. Kunnathottel Joby O.Carm
39. Kunnathupurayidom Thomas
40. Madappallil Sebastian
41. Madukkakuzhy Emmanuel
42. Manakkatt Varghese
43. Mandapathil George
44. Maniampra Varghese
45. Maniangattu Antony
46. Manimalakunnel Philip
47. Manjakuzhakunnel Varghese
48. Mankamthanam Emmanuel (Jr.)
49. Mannamplackal Sebastian
50. Mannampurathu Jacob MCBS
51. Mannarathu Stephen OSB
52. Manniparampil Dominic
53. Marutholil Joseph
54. Mattamundayil Thomas
55. Mattathil Scaria
56. Mestriparampil Peter
57. Moonjely Koriakose MCBS
58. Mundattu Thomas
59. Muthanattu James
60. Narithookkil Kurian
61. Nattunilathu Thomas MST
62. Nedumthakadiyil Jacob
63. Njalliyil Thomas
64. Nirappel Mathew
65. Nirappel Thomas
66. Olickal Mathew
67. Paikkara Kuruvila
68. Palackal Mathew
69. Pannalakunnel Joseph
70. Parapallil Jose Mathew
71. Parinthirickal Thomas
72. Parinthirickal Varghese

73. Pattrakalayil Thomas
74. Payattukandathil Jilu MSFS
75. Pazhayaparampil Abraham
76. Pazheparampil Augustine
77. Peedikayil Jacob
78. Pezhumkattil Andrews
79. Ponganthanathu Joseph
80. Poochalil Mathew
81. Pottukulam Varghese
82. Pulickakunnel Sebastian
83. Pulikunnel Cherian VC
84. Pullanthanal George
85. Pullolickal Stanislaus
86. Puthenpurackal Antony
87. Puthumana Mathew
88. Puthupparampil Varghese
89. Puttananickal Jacob
90. Thadathil Philip
91. Thamarassery Kurian
92. Tharappel Jose
93. Thattamparampil Jose
94. Thayyil Thomas CMF
95. Thekkekuttu Antony
96. Thekkemuriyil Augustine
97. Thekkevayalil Joseph
98. Theruvankunnel George
99. Thockanattu Antony
100. Thottupuram Scaria
101. Thuruthipallil Thomas
102. Vadakkedathu Kuriakose
103. Vadakkel Mathew
104. Valanmanal Thomas
105. Valiaparampil Thomas
106. Valliparampil Mathew
107. Valumannel Francis
108. Vaniyapurackal Mathew
109. Vaniyapurackal Mathew (Jr.)
110. Vathallookunnel Antony
111. Vattayathil Philip
112. Vayalumkal Reji Mathew
113. Vazhappanady Joseph
114. Vazhappanady Mathew
115. Vazhayil Kurian
116. Vechookkarottu Sebastian
117. Velliyamkulam Martin
118. Venmanthara James
119. Vettuvayalili John

# List of Participants of the Annual Retreat
## 2nd Batch - 2024 Sept. 29- Oct. 4
## Mary Matha Minor Seminary, Podimattam
## Retreat Preacher: Fr. Jilson Kakkattuthadathil VC

1. Alapattukunnel Joseph (Jr.)
2. Ananthakkattu George
3. Arackal Sebastian
4. Arackaparampil Joseph
5. Athimmoottil Augustine
6. Aykaraparampil Josukutty CMI
7. Chathanattu Jacob
8. Chavarapuzha Jose
9. Chellamtharayil Antony
10. Cheripuram Johny
11. Cherolil Mathew
12. Chirackal Varghese
13. Chittadiyil Jose
14. Chulayillaplackal Cherian
15. Elanjipuram James
16. Eruppakkattu Joseph
17. Illickamuriyil Zacharias
18. Kadiyakuzhiyil Abraham
19. Kaiyaniyil Mathew
20. Kalathil Mathew CRM
21. Kallarackal Mathew
22. Kandaplackal Thomas
23. Kaniyampadickal Jose
24. Kanjirathinal Dominic
25. Kanjirakattu Thomas
26. Kannalil Joseph
27. Kappiyankal Thomas
28. Karickakunnel Sebastian
29. Karimattam Jose
30. Karingadu Chacko MCBS
31. Keeranchira Karlos
32. Kilikothippara Varghese
33. Kilirooparampil Sebastian
34. Kizhakkel Peter
35. Kizhakkeparampil Abraham CRM
36. Kizhakkethakidiyil James
37. Kizhakkevelickakathu Devasia
38. Kochuparambil George
39. Kochupurackal Varghese
40. Kodimarathummoottil Jacob
41. Kulampallil Varghese
42. Kunnathupurayidom Joseph
43. Kurisummoottil Mathew
44. Kuzhikattu Joseph
45. Kuzhikkattu George
46. Kuzhippallil George
47. Mailadiyil Joseph
48. Mangalathil Jose
49. Mannamparambil Joseph CMI
50. Mannookulam Jose
51. Marangattu Varghese
52. Mathenkunnel Cyriac

53. Mathiyathu John
54. Mattamundayil James
55. Mundiyanickal Thomas
56. Muthuplackal Sebastian
57. Nadackal Mathew
58. Nadackal Sijo OFM Conv.
59. Nalloor Kalayiparampil Thomas
60. Nariparayil Thomas
61. Narippara Mathew
62. Nellickal George
63. Nellipallil Paul
64. Njallimackal Varghese
65. Padinjareparambil Thomas
66. Paikatt Mathew
67. Palackal Thomas
68. Palakudy Martin
69. Palakudy Mathew
70. Pallivathukal Nicholas
71. Panachickal John
72. Panachickal Mathew
73. Pandanmanal Mathew
74. Pandiamparampil Jacob
75. Parackal Varghese
76. Perunilam Sebastian
77. Pezhumkattil Varghese
78. Platharavayalil Thomas
79. Plathottathil Jose VC
80. Poovathanikunnel Thomas
81. Pullemplayil Joseph
82. Pulthakidiyel Joseph
83. Punnolikunnel Abraham
84. Purathettu Amal CMI
85. Puthenparambil Mathew
86. Puthenveettil Manuraj Jude
87. Puthuparampil Augustine
88. Puttumannil Manuel
89. Souriamkuzhi Mathew
90. Thadathil Joseph
91. Thazhathuveettil Sebastian
92. Thekkel Thomas
93. Thekkemadathiparampil Luca O.Carm
94. Thekkemury Thomas
95. Thekkumcherikunnel James
96. Thommikkattil Abraham
97. Thoompunkal Devasia
98. Thundathil Antony
99. Thycheril Jacob
100. Ullattu Sebastian (Jr.)
101. Vadakemangalam Thomas
102. Valanmanal Dominic
103. Valiakunnathu Jose
104. Valliyamthadathil Joseph CMF
105. Varickamackal Jose
106. Vattathara Sebastian
107. Velickakathu Jose
108. Vellamattam Joseph
109. Vellappally Abraham
110. Wadakkekalam Philips

**ഇടയകൂടാരം**

വൈദിക തുടർപരിശീലനപരിപാടിയായ ഇടയകൂടാരം ഒക്ടോബർ 28, തിങ്കളാഴ്ച വൈകുന്നേരം 5 മണി മുതൽ ഒക്ടോബർ 30 ബുധൻ വൈകുന്നേരം 5 മണി വരെ വാഴൂർ അനുഗ്രഹ റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നു. ദ്വിദിന പരിശീലന പരിപാടിയിൽ അനുഗ്രഹ റിന്യൂവൽ സെന്ററിൽ താമസിച്ച് പൂർണ്ണമായും പങ്കെടുക്കേണ്ടതിനാൽ ആവശ്യമായ ക്രമീകരണങ്ങൾ മുൻകൂട്ടി നടത്തേണ്ടതാണ്.

1. റവ. ഫാ. നല്ലൂർകാലായിപറമ്പിൽ തോമസ്
2. റവ. ഫാ. മഞ്ഞക്കുഴക്കുന്നേൽ വർഗ്ഗീസ്
3. റവ. ഫാ. തടത്തിൽ ഫിലിപ്പ്
4. റവ. ഫാ. കൊടിമരത്തുംമൂട്ടിൽ ജേക്കബ്
5. റവ. ഫാ. കിടങ്ങത്താഴെ സെബാസ്റ്റ്യൻ
6. റവ. ഫാ. വാതല്ലൂക്കുന്നേൽ ആന്റണി
7. റവ. ഫാ. ഇല്ലിക്കമുറിയിൽ സക്കറിയാസ്
8. റവ. ഫാ. തെക്കേമുറി തോമസ്
9. റവ. ഫാ. കൊല്ലംപറമ്പിൽ ജോസഫ്
10. റവ. ഫാ. കിളിരൂപറമ്പിൽ തോമസ്
11. റവ. ഫാ. കിളിരൂപറമ്പിൽ സെബാസ്റ്റ്യൻ
12. റവ. ഫാ. പുത്തൻപറമ്പിൽ മാത്യു
13. റവ. ഫാ. മാടപ്പള്ളി സെബാസ്റ്റ്യൻ
14. റവ. ഫാ. കിഴക്കേത്തകിടിയിൽ ജയിംസ്
15. റവ. ഫാ. പൊങ്ങന്താനത്ത് ജോസഫ്

# അനുസ്മരണം



## റവ. ഫാ. ജോസഫ് (ജോയി) ചിറ്റൂർ

കുമരകത്ത് പ്രസിദ്ധമായ ചിറ്റൂർ കുടുംബത്തിൽ നിന്നും ഉപ്പുതറയിൽ താമസമാക്കിയ ജോസഫ്- മറിയം ദമ്പതികളുടെ മകനായി 1940 ഒക്ടോബർ 18-ന് ചിറ്റൂർ ബഹുമാനപ്പെട്ട ജോയിയച്ചൻ ജാതനായി. ഉപ്പുതറ എൽ.പി. സ്കൂളിലെ പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം കുമരകം ഗവ. ഹൈസ്കൂളിലും ചങ്ങനാശ്ശേരി എസ്.ബി. കോളേജിലുമായി പഠനം പൂർത്തിയാക്കി. പ്രതിഭാശാലി യായ പിതൃസഹോദരൻ മോൺ. എൽ. ജെ. ചിറ്റൂരിന്റെ പാതയിൽ പൗരോഹിത്യ ശുശ്രൂഷയാണ് തന്റെയും ദൈവവിളിയെന്ന് തിരിച്ചറിഞ്ഞ ജോയിയച്ചൻ പാറേൽ മൈനർ സെമിനാരിയിൽ ചേർന്നു. വടവാതൂർ സെമിനാരിയിലെ പരിശീലനത്തിനൊടുവിൽ 1971 ആഗസ്റ്റ് 13-ന് ശുശ്രൂഷാ പൗരോഹിത്യപട്ടം സ്വീകരിച്ച് കിഴക്കൻ

മേഖലയിൽ നിന്നുള്ള ആദ്യകാല വൈദികനായി.

അതിരമ്പുഴയിലും എടത്വായിലും കണ്ടങ്കരിയിലും അസിസ്റ്റന്റ് വികാരിയായി സേവനമനുഷ്ഠിച്ചു. നീണ്ട 10 വർഷക്കാലം വണ്ടൻ മേട്ടിൽ വികാരിയായിരുന്നു. നാടിന്റെ സാമൂഹിക-സാമ്പത്തിക സാംസ്കാരിക വികസനം ലക്ഷ്യമാക്കി അക്ഷീണം പ്രയത്നിച്ചു. തുടർന്ന് മണിപ്പുഴ, തുലാപ്പള്ളി, കണ്ണമ്പള്ളി, ഇടവകകളിൽ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചു. അച്ചന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കപ്പെട്ട ധ്യാനപരിപാടികളിൽ അനേകായിരങ്ങൾ പങ്കെടുത്തു.

അച്ചന്റെ ശുശ്രൂഷാകാലയളവിലാണ് മാർ സ്ലീവയുടെ തീർത്ഥാടന കേന്ദ്രമായി കപ്പാട് പള്ളി പ്രഖ്യാപിക്കപ്പെട്ടത്. നയനാനന്ദകരമായ മലർവാടികളും ആത്മീയ ചിന്തകളുണർത്തുന്ന ശില്പങ്ങളും നവീന പാരീഷ്ഹാളും നിർമ്മിച്ച് പള്ളിപ്പരിസരം മനോഹരമാക്കുന്നതിന് ജോയിഅച്ചൻ ശ്രദ്ധിച്ചു. മുണ്ടക്കയത്തും എലിക്കുളത്തും സമാനമായ പ്രവർത്തനശൈലി തുടർന്നു. തുടർന്ന് എലിക്കുളം സെറനിറ്റി ഹോമിൽ ചാപ്ലയിനായി ശുശ്രൂഷ നിർവഹിക്കുകയായിരുന്നു.

ജോയിയച്ചനോടൊപ്പം വൈദികശുശ്രൂഷ നിർവ്വഹിക്കുന്നതിലൂടെ സംതൃപതിയും സന്തോഷവും നിറഞ്ഞ ഓർമകൾ സ്വന്തമാക്കുന്നതിന് കൊച്ചച്ചൻമാർക്ക് സാധിച്ചിരുന്നു.അച്ചൻ അവരെ ഉത്തരവാദിത്വങ്ങൾ ഏല്പിക്കുകയും ക്ഷമയോടെ പരിശീലിപ്പിക്കുകയും ചെയ്യും. കുറവുകൾ സംഭവിച്ചാൽ വികാരിയച്ചൻ അതിന്റെ ഉത്തരവാദിത്വം ഏറ്റെടുക്കും. മറ്റുള്ളവരെ സ്നേഹാദരവുകളോടെ കാണാനും നല്ല ആതിഥേയനാകാനുമുള്ള കഴിവ് ജോയിയച്ചനെ എല്ലാവർക്കും പ്രിയങ്കരനാക്കിയിരുന്നു.

ഉടുപ്പിലും നടപ്പിലും കുലീനതയും സൗന്ദര്യബോധവും പുലർത്തുന്ന അച്ചന്റെ പ്രസന്നവദനം നിഷ്കളങ്ക സന്തോഷം നിറയുന്ന ആ മനസ്സിന്റെ കണ്ണാടിയാണ്. യൗസേപ്പിതാവിനെ പ്പോലെ ദൈവിക സന്ദേശങ്ങൾക്ക് സദാ കാതോർത്തിരിക്കുന്ന ബഹു. ചിറ്റൂരച്ചൻ ദൈവജനത്തിന് പ്രാർത്ഥനയുടെ മനുഷ്യനാണ്. ദിവസവും അനേകർ പ്രാർത്ഥനയും ആത്മീയോപദേശങ്ങളും തേടി അച്ചനെ കാണാനെത്തിയിരുന്നു. പാവങ്ങളോടും ക്ലേശിതരോടു മുള്ള കരുതലും കാരുണ്യവും സഹോദരന് കാവലായ നല്ല അയൽക്കാരനെ ജോസഫ് അച്ചനിൽ ദൃശ്യമാക്കി.

2024 ആഗസ്റ്റ് 27-ാം തീയതി നിത്യതയിലേക്ക് യാത്രയായ ചിറ്റൂർ ബഹുമാനപ്പെട്ട ജോയി അച്ചന്റെ മൃതസംസ്കാര ശുശ്രൂഷകൾ 2024 സെപ്റ്റംബർ 2, തിങ്കളാഴ്ച കുമരകം നസ്രത്ത് പള്ളിയിൽ നടത്തപ്പെട്ടു. 53 വർഷം നീണ്ട ശുശ്രൂഷ പൗരോഹിത്യം സ്വർഗ്ഗരാജ്യത്തിൽ മഹത്വപ്പെടുന്നതിനിടയാകട്ടെ.

PWA അംഗങ്ങൾ ബഹുമാനപ്പെട്ട ചിറ്റൂർ ജോസഫ് അച്ചന്റെ ആത്മശാന്തിക്കായി ഒരു പരിശുദ്ധ കുർബാന അർപ്പിക്കേണ്ടതാണ്.



# പ്രീസ്റ്റ് വെൽഫെയർ അസോസിയേഷൻ

**Contribution of Priests**

| | |
|---|---|
| റവ. ഫാ. ബിജു മങ്കന്താനം | 32,000/- |
| റവ. ഫാ. സിബി കുരിശുംമൂട്ടിൽ | 15,000/- |
| റവ. ഫാ. ജയിംസ് ഇലഞ്ഞിപ്പുറം | 10,000/- |
| റവ. ഫാ. സിബിച്ചൻ ചിന്താർമണിയിൽ | 12,500/- |

**ഫാ. മാർട്ടിൻ വെള്ളിയാംകുളം**

(പ്രസിഡന്റ്)

---

# സ്നേഹസ്മരണയ്ക്ക്



റവ. ഫാ. ജോസഫ് നഗരൂർ
02.09.2011



റവ. ഫാ. മാത്യു കുഴിവേലിൽ
04.09.2007



റവ. ഫാ. തോമസ് കുമ്പുക്കാട്ട്
07.09.2015



റവ. ഫാ. സ്തനിസ്ലാവോസ് മഠത്തിനകത്ത്
07.09.2022




റവ. ഫാ. ജോസഫ് കണികതോട്
09.09.1990



റവ. ഫാ. ജോസഫ് തോട്ടുപുറം
13.09.2004



റവ. ഫാ. തോമസ് പുത്തൻപുരയ്ക്കൽ
18.09.2014



റവ. ഫാ. ജോൺ തൊമ്മിത്താഴെ
20.09.2005

# അജപാലനോത്തേജന വിഭാഗം

**ആരാധനവത്സര കലണ്ടർ**

2024-2025 വർഷത്തെ ആരാധനവത്സര കലണ്ടർ തയ്യാറാക്കുന്നു. നമ്മുടെ കർത്താവീശോമിശിഹായുടെ മനുഷ്യാവതാര മഹാജൂബിലിയോടനുബന്ധിച്ചുള്ള വിഷയമാണ് ആരാധനവത്സര കലണ്ടറിൽ ഉൾപ്പെടുത്തുന്നത്. ഓഡറുകൾക്കനുസരിച്ച് പ്രിന്റിംഗ് നിർവഹിക്കുന്നതിനാൽ ഓഡറുകൾ ഒക്ടോബർ 20 നുള്ളിൽ ലഭ്യമാക്കുന്നതിന് ശ്രദ്ധിക്കുമല്ലോ.

**വെളിച്ചിയാനി ഫൊറോന ജൂബിലി ടീം**

വെളിച്ചിയാനി ഫൊറോനയിലെ ഇടവകകളിലും കുടുംബക്കൂട്ടായ്മകളിലും സഹായകരമാകുന്ന വിധത്തിലുള്ള വെളിച്ചിയാനി ഫൊറോന ജൂബിലി ടീം പ്രവർത്തനങ്ങൾ ആരംഭിച്ചു.

ഓഗസ്റ്റ് മാസത്തിലെ ഔദ്യോഗിക പരിശീലനത്തിനു ശേഷം ജൂലൈ 27, ആഗസ്റ്റ് 3, ആഗസ്റ്റ് 10, ആഗസ്റ്റ് 17, ആഗസ്റ്റ് 24 ദിവസങ്ങളിൽ ഓൺലൈനിൽ ഒത്തുചേരുകയും ശ്രീ. ജോയ്സ് കൊള്ളിക്കുളവിൽ, ശ്രീ. നോബിൻ വാഴയിൽ, ശ്രീ. ബിനോയി കൊച്ചുകരിപ്പാപ്പറമ്പിൽ, ശ്രീ. ജോസഫ് തൂങ്കുഴി, ശ്രീ. ഷെറിൻ കിഴക്കേമുറി, ശ്രീ. തോമസുകുട്ടി പൂതക്കുഴി, ശ്രീ. സിബി നമ്പുടാകം, ശ്രീ. പാട്രിക് നാലുതുണ്ടിയിൽ എന്നിവർ മാതൃകാക്ലാസ് നയിക്കുകയും ചെയ്തു. തുടർന്ന് നടത്തപ്പെട്ട ചർച്ചയിൽ ടീമംഗങ്ങളെല്ലാം സജീവമായി പങ്കുചേർന്നു.

ആഗസ്റ്റ് 3, ഞായറാഴ്ച പാലമ്പ്ര, പാലപ്ര, ഇഞ്ചിയാനി ഇടവകകളിലെ രണ്ടു കൂട്ടായ്മകൾ വീതം ക്ലാസ് നടത്തുകയും കൂട്ടായ്മ അംഗങ്ങളുടെ വിലയിരുത്തലുകൾ മനസ്സിലാക്കുകയും ചെയ്തു. ആവശ്യമായ തിരുത്തലുകൾ വരുത്തുന്നതിന് സഹായ കമായിരുന്ന വിലയിരുത്തലുകൾ നന്ദിയോടെ സ്മരിക്കുന്നു. ആദ്യപ്രവർത്തനത്തിന് സന്തോഷപൂർവം അവസരം നല്കിയ ഏറ്റവും ബഹുമാനപ്പെട്ട വൈദികരായ പാലക്കുടി മാർട്ടിനച്ചൻ, കണ്ണംകുളം ജിയോ അച്ചൻ, കല്ലൂപറമ്പത്ത് ജോസഫച്ചൻ എന്നിവരെ പ്രത്യേകം സ്മരിക്കുന്നു.

രൂപതാ ജൂബിലി റിസോഴ്സ് ടീമിനോട് ചേർന്നു പ്രവർത്തിക്കുന്ന ഫൊറോന ജൂബിലി ടീം കുടുംബക്കൂട്ടായ്മകളിൽ സഹായിക്കുന്നതിന് തയ്യാറാണ്. റിസോഴ്സ് ടീം സേവനത്തിനായി പാസ്റ്ററൽ ആനിമേഷൻ ഓഫീസിനെ സമീപിക്കാവുന്നതാണ്

**പാലപ്ര ഇടവക കുടുംബക്കൂട്ടായ്മകൾ**

പാലപ്ര ഇടവകയിലെ കുടുംബക്കൂട്ടായ്മകളിൽ ക്ലാസുകൾ പൂർത്തിയായി. ക്ലാസ് അവതരണത്തിനുശേഷമുള്ള ചർച്ചയിൽ കുടുംബക്കൂട്ടായ്മ അംഗങ്ങൾ സജീവമായി പങ്കുചേർന്നു. വെളിച്ചി യാനി ഫൊറോന ജൂബിലി ടീമിന്റെ നേതൃത്വത്തിലുള്ള ക്ലാസിനായി ക്രമീകരണങ്ങളൊരുക്കിയ പാലപ്ര പള്ളി വികാരി പാലക്കുടി ബഹുമാനപ്പെട്ട മാർട്ടിനച്ചനെ സ്നേഹപൂർവം സ്മരിക്കുന്നു.

**കുമളി, അണക്കര ഫൊറോനകൾ - സൗഹൃദസന്ദർശനം**

കുമളി, അണക്കര ഫൊറോനകളിലെ ഇടവകകളിലെ ബഹുമാനപ്പെട്ട വൈദികരെ ആഗസ്റ്റ് 8, 9 തീയതികളിൽ സന്ദർശി ക്കുകയും ആശയവിനിമയം നടത്തുകയും ചെയ്തു.

**കുമളി, അണക്കര ഫൊറോന ജൂബിലി ടീം**

കുമളി, അണക്കര ഫൊറോനയിലെ ഇടവകകളിൽ നിന്നും

തെരഞ്ഞെടുക്കപ്പെട്ട റിസോഴ്സ് ടീമംഗങ്ങളുടെ പരിശീലനം സെപ്റ്റംബർ 1 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ അണക്കര ഫൊറോനപള്ളി ഹാളിൽ നടത്തപ്പെടുന്നതാണ്.

**സുവർണ്ണജൂബിലി സന്യസ്ത പരിശീലനം**

സുവർണ്ണജൂബിലിക്കൊരുക്കമായ സന്യസ്ത പരിശീലനത്തിന്റെ ഭാഗമായി ആഗസ്റ്റ് 10, ശനിയാഴ്ച പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിലും ആഗസ്റ്റ് 24 ശനിയാഴ്ച കട്ടപ്പന സിസ്റ്റേഴ്സ് ഓഫ് ചാരിറ്റി ഓഫ് സെന്റ് ജോൺ ഓഫ് ഗോഡ് ജനറലേറ്റിലും രൂപതാ വികാരി ജനറാളും ചാൻസലറുമായ താമരശ്ശേരി ഏറ്റവും ബഹുമാനപ്പെട്ട കുര്യനച്ചൻ ക്ലാസുകൾ നയിക്കുകയും ചർച്ചയ്ക്ക് നേതൃത്വം നല്കുകയും ചെയ്തു. പൊടിമറ്റം റിന്യൂവൽ സെന്ററിൽ 2000 മുതൽ 2005 ബാച്ചുകളിലെ സന്യാസിനികളും കട്ടപ്പനയിൽ സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനികളും ക്ലാസിൽ പങ്കെടുത്തു.

സുവർണ്ണജൂബിലി സന്യസ്ത പരിശീലനത്തിന്റെ ഭാഗമായി വിവിധ ബാച്ചുകളിലെ സന്യാസിനികൾക്കായി നടത്തപ്പെടുന്ന പരിശീലന പരിപാടി സെപ്റ്റംബർ 14 ശനിയാഴ്ച നിർമ്മല റിന്യൂവൽ സെന്ററിൽ നടത്തപ്പെടുന്നതാണ്.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**
**ഡയറക്ടർ**

# റെയിൻബോ 2021

അഴങ്ങാട് നിർമ്മിക്കുന്ന രണ്ടു ഭവനങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ അവസാനഘട്ടത്തിലാണ്. കാലാതാമസം കൂടാതെ ഭവനങ്ങൾ കൈമാറാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഫാ. സ്റ്റാൻലി പുള്ളോലിക്കൽ**

**ജനറൽ കോർഡിനേറ്റർ**

# വിശ്വാസജീവിത പരിശീലനം

**2024 സെപ്റ്റംബർ മാസത്തെ കർമ്മപരിപാടികൾ**

| | | |
|---|---|---|
| 2 തിങ്കൾ | : | 12-ാം ക്ലാസുകാരുടെ പുസ്തക നിരൂപണവും അതിന്റെ മാർക്കും രൂപതാ ഓഫീസിൽ ലഭിക്കേണ്ട അവസാന തീയതി |
| 5 ചൊവ്വ | : | വി. മദർ തെരേസയുടെ തിരുനാൾ (കാരുണ്യദിനം) |
| 8 ഞായർ | : | പരിശുദ്ധ കന്യകാമറിയത്തിന്റെ പിറവി തിരുനാൾ. |
| 14 വ്യാഴം | : | സ്ലീവായുടെ പുകഴ്ചയുടെ തിരുനാൾ |
| 15 ഞായർ | : | 11-ാം ക്ലാസുകാരുടെ പ്രോജക്ട് പൂർത്തിയാക്കാനുള്ള അവസാന ദിവസം |
| | | : അണക്കര, മുണ്ടിയെരുമ, എരുമേലി ഫൊറോന കളിലെ ലൈഫ് ലൈനിൽ പങ്കെടുക്കുന്ന കുട്ടികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസ് അഡ്വാൻസ് തുകയും രൂപതാകേന്ദ്രത്തിൽ എത്തിക്കേണ്ട അവസാന തീയതി |
| 17 ചൊവ്വ | : | HDC (ക്ലാസ് 4), പാസ്റ്ററൽ സെന്റർ, കാഞ്ഞിരപ്പള്ളി |
| 18 ബുധൻ - 19 വ്യാഴം | : | ലൈഫ് ലൈൻ (എട്ടാം ക്ലാസിലെ കുട്ടികൾക്ക്) കട്ടപ്പന, ഉപ്പുതറ ഫൊറോനകൾ<br>18-ാം തീയതി 9.30 a.m. മുതൽ 3.30 p.m. വരെയും<br>19-ാം തീയതി 9.30 a.m. മുതൽ 3.30 p.m. വരെയും.<br>കട്ടപ്പന സെന്റ് ജോർജ് ഫൊറോനാപ്പള്ളിയിൽ വച്ച്. |

21 ശനി : ഫൊറോനാകലോത്സവം

: വി. മത്തായിശ്ലീഹായുടെ തിരുനാൾ

അഭിവന്ദ്യമാർ മാത്യു അറയ്ക്കൽ പിതാവിന്റെ നാമഹേതുക തിരുനാൾ. പിതാവിനുവേണ്ടി പ്രാർത്ഥിക്കുന്നു

28 ശനി : പ്രധാന മാലാഖമാരായ വി. മിഖായേൽ, വി. ഗബ്രിയേൽ, വി. റാഫേൽ മാലാഖാമാരുടെ തിരുനാൾ (സെപ്റ്റംബർ 29)

: ഫൊറോനാതല കലോത്സവ വിജയികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും കേന്ദ്രഓഫീസിൽ ഏൽപ്പിക്കേണ്ട അവസാന തീയതി .

**നാമഹേതുകതിരുനാൾ**

വിശുദ്ധ മത്തായി ശ്ലീഹായുടെ തിരുനാൾ ദിനമായ സെപ്റ്റംബർ 21-ാം തീയതി മത്തായി നാമധാരിയായ അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിനെയും ബഹുമാനപ്പെട്ട വൈദികരെയും തിരുനാളിന്റെ ആശംസകൾ അറിയിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുമല്ലോ.

**കലോത്സവം**

ഫൊറോനാതല കലോത്സവം സെപ്റ്റംബർ 21-ാം തീയതി ശനിയാഴ്ചയാണ്. ഫൊറോനാ വിശ്വാസജീവിതപരിശീലന സമിതിക്കാണ് ഫൊറോനാമത്സരങ്ങളുടെ ഉത്തരവാദിത്വം.

രൂപതാ കലോത്സവത്തിനായി സെപ്റ്റംബർ 29 ന് മുൻപ് ഫൊറോനാതല ബൈബിൾ കലോത്സവ വിജയികളുടെ ലിസ്റ്റും രജിസ്ട്രേഷൻ ഫീസും (ഒരു മത്സരാർത്ഥിക്ക് 200/- (ഇരുനൂറ്) രൂപാ വീതം) കേന്ദ്ര ഓഫീസിൽ ഏല്പിക്കേണ്ടതാണ്. മത്സരാർത്ഥികൾക്കും ടീം മാനേജേഴ്സിനും പ്രഭാതഭക്ഷണവും ഉച്ചഭക്ഷണവും നൽകുന്നതാണ്. കലോത്സവം സംബന്ധിച്ചുള്ള വിശദവിവരങ്ങൾ

Catechetical Directory 2024-25 പേജ് 35-41 ൽ കൊടുത്തിരിക്കുന്നതും, ഓഗസ്റ്റ് 16-ാം തീയതി ഫൊറോനാ വാട്ട്സാപ്പ് ഗ്രൂപ്പുകളിൽ നൽകിയിരിക്കുന്ന അറിയിപ്പും ശ്രദ്ധിക്കുമല്ലോ.

**കലോത്സവത്തിലെ മാറ്റങ്ങൾ സംബന്ധിച്ച്**

രൂപതയിലെ സംഘടനകളുടെയും ഡിപ്പാർട്ട്മെന്റുകളുടെയും നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന കലോത്സവങ്ങളുടെ നടത്തിപ്പ് സംബന്ധിച്ച് പഠിക്കുന്നതിന് അഭിവന്ദ്യ പിതാവ് നിയോഗിച്ച Presbytoral Council കമ്മീഷന്റെ നിർദ്ദേശങ്ങൾ പരിഗണിച്ച് വിശ്വാസജീവിത പരിശീലനരംഗത്തിന്റെ കലോത്സവ നടത്തിപ്പിൽ കാലാനുസൃതമായ പ്രായോഗിക മാറ്റങ്ങൾ വരുത്താൻ ആഗ്രഹിക്കുന്നു. ഇത് സംബന്ധിച്ച് ഫൊറോന ഡയറക്ടർമാരായ ഫൊറോനാ വികാരിയച്ചന്മാരുമായി നടത്തിയ ആശയ വിനിമയങ്ങളുടെ വെളിച്ചത്തിലാണ് ഈ വർഷത്തെ മാറ്റങ്ങൾ നിശ്ചയിച്ചിരിക്കുന്നത്.

താഴെപ്പറയുന്ന മാറ്റങ്ങൾ പ്രധാനമായും രൂപതാതല കലോത്സവത്തെ സംബന്ധിച്ച് ഉള്ളതാണ്.

- രൂപതാതലത്തിലുള്ള എഴുത്ത്, പെയിന്റിംഗ് മത്സരങ്ങളും സ്റ്റേജ് മത്സരങ്ങളും രണ്ട് ദിവസങ്ങളിലായിരിക്കും നടത്തുക. (രൂപതാതലത്തിലുള്ള എഴുത്ത്, പെയിന്റിംഗ് മത്സരങ്ങളുടെ തീയതി പിന്നീട് അറിയിക്കുന്നതാണ്).

- അനാവശ്യ മത്സരബുദ്ധിയും പ്രശ്നങ്ങളും ഒഴിവാക്കുന്നതിനു വേണ്ടി ഫൊറോനാകൾക്കുള്ള ഓവറോൾ ട്രോഫികൾ ഒഴിവാക്കുന്നു. എന്നാൽ മത്സരങ്ങളിലൂടെ കടന്നു പോകുന്നതും, വിജയത്തിന്റെ സന്തോഷവും പരാജയത്തിന്റെ സങ്കടവും അനുഭവിക്കുന്നതും മാനസികവും വൈകാരികവുമായ വളർച്ചയ്ക്ക് ആവശ്യമായതിനാലും മത്സരാധിഷ്ഠിതമായ ഒരു സമൂഹത്തിൽ നമ്മുടെ കുട്ടികൾ പിന്തള്ളപ്പെട്ടു പോകാതിരിക്കുന്നതിനും മത്സരങ്ങൾക്ക് 1, 2, 3 സമ്മാനങ്ങൾ നൽകുന്നതാണ്.

- അതോടൊപ്പംതന്നെ കഴിവുകളുള്ള കുട്ടികൾ പരിഗണിക്കപ്പെടേണ്ടതാണ് എന്ന കാര്യം ശ്രദ്ധയിൽ വച്ചുകൊണ്ട്, പ്രകടനമികവിനെ ആസ്പദമാക്കി A, B, C ഗ്രേഡുകൾ കുട്ടികൾക്ക് നൽകുന്നതും രൂപതാതലത്തിൽ അതിന്റെ സർട്ടിഫിക്കറ്റ് നൽകുന്നതുമാണ്. കൂടുതൽ കുട്ടികൾക്ക് സർട്ടിഫിക്കറ്റ് നൽകേണ്ടതിനാൽ അവർക്ക് അവ പിന്നീട് ഇടവകകളിൽ എത്തിച്ചു നൽകുന്നതാണ്.
- ഇടവക, ഫൊറോന മത്സരങ്ങളിൽ ഒന്നാം സ്ഥാനം കിട്ടുന്ന കുട്ടികൾക്കാണ് യഥാക്രമം ഫൊറോന, രൂപത തലങ്ങളിൽ മത്സരത്തിനുള്ള യോഗ്യത ലഭിക്കുക.
- ഒരു സ്റ്റേജ് ഇനത്തിനും ഒരു സാഹിത്യമത്സര ഇനത്തിനും രൂപതാതലത്തിൽ മത്സരത്തിന് പകരം ഏകദിന പരിശീലന പരിപാടി ഈ വർഷം പരീക്ഷണാർത്ഥം നടപ്പിലാക്കുന്നു. സെന്റ് അൽഫോൻസാവിഭാഗത്തിന്റെ സമൂഹഗാനവും സെന്റ് തോമസ് വിഭാഗത്തിന്റെ ഉപന്യാസ രചനയും ആണ് ഈ വർഷം ഇപ്രകാരം പരിശീലനത്തിനുള്ള ഇനങ്ങളായി തെരഞ്ഞെടുത്തിരിക്കുന്നത്.

  ഫൊറോനാതല മത്സരത്തിൽ ഈ ഇനങ്ങളിൽ A ഗ്രേഡ് നേടുന്ന എല്ലാ കുട്ടികൾക്കും രൂപതാതലത്തിലുള്ള ഈ പരിശീലന പരിപാടിയിൽ സംബന്ധിക്കാൻ അർഹതയുണ്ട്. അതായത് ഈ രണ്ട് ഇനങ്ങളുടെ ഫൊറോനാതല മത്സരത്തെ രൂപതാതല പരിശീലന പരിപാടിയിലേക്കുള്ള qualifying round ആയി കണക്കാക്കാവുന്നതാണ്. ഈ പരിശീലന പരിപാടിയുടെ ദിവസങ്ങളും പിന്നീട് അറിയിക്കുന്നതാണ്.
- വിശ്വാസ പരിശീലനത്തിന്റെ സെന്റ് തോമസ് വിഭാഗത്തിലും SMYM ലും ഉള്ള ഒരേ കുട്ടികൾ രണ്ടിന്റെയും മത്സരങ്ങളിൽ ഒരേ സമയം പങ്കെടുക്കേണ്ടി വരുന്ന സാഹചര്യം പരമാവധി ഒഴിവാക്കുന്നതിനായി ഒരേ ഗ്രൂപ്പ് ഇനങ്ങൾ ഒരേ വർഷം

രണ്ടിടത്തും വരുന്നത് പരമാവധി ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ്. (ഇതിൻപ്രകാരം ഈ വർഷം SMYM സമൂഹഗാന മത്സരം ഒഴിവാക്കിയിട്ടുണ്ട്.)

ഗ്രേഡുകൾ നിശ്ചയിക്കുന്നതിനുള്ള മാർക്ക്

90 - 100 A Grade

80 - 89 B Grade

70 - 79 C Grade

കുട്ടികളിൽ അനാവശ്യ മാത്സര്യചിന്ത ഉണ്ടാക്കുന്നതിൽ മുതിർന്നവർക്ക് പ്രധാന പങ്ക് ഉണ്ടെന്നും അതിനാൽ അത്തരം നിലപാടുകളിൽ നിന്ന് അവർ നിർബന്ധമായും മാറിനിൽക്കണമെന്നുമുള്ള നിരീക്ഷണങ്ങളും ഗൗരവമായി ശ്രദ്ധയിൽ കൊണ്ടുവരട്ടെ.

## 5, 9 ക്ലാസുകളിലെ സുറിയാനി പഠനം

സുറിയാനി ഭാഷാപഠനം എന്ന പുസ്തകത്തിന്റെ ആദ്യത്തെ 23 പേജുകൾ (അക്ഷരം സെമ്കസ്) വരെയുള്ള ഭാഗമാണ് ഒന്നാമത്തെ സെമസ്റ്റർ പരീക്ഷയ്ക്ക് 5, 9 ക്ലാസുകളിൽ പഠിക്കേണ്ടത്.

## ആഗസ്റ്റ് ഡയറി

10 ശനി : CTC ക്ലാസ് : CTC 39-ാം ബാച്ചിന്റെ രണ്ടാമത്തെ ക്ലാസ് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ചു നടന്നു. റവ. ഫാ. ആന്റണി ചെല്ലന്തറ ബൈബിൾ പഠനത്തിന് ഒരാമുഖം എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസ് നയിച്ചു.

HDC ക്ലാസ് : HDC കോഴ്സിന്റെ രണ്ടാമത്തെ ക്ലാസ് ആഗസ്റ്റ് 20-ാം തീയതിയും മൂന്നാമത്തെ ക്ലാസ് ആഗസ്റ്റ് 28-ാം തീയതിയും കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ വച്ച് നടന്നു. ബഹുമാനപ്പെട്ട സെബാസ്റ്റ്യൻ

കൊല്ലംകുന്നേലച്ചനും ബഹുമാനപ്പെട്ട തോമസ് പൂവത്താനിക്കുന്നേലച്ചനും ക്ലാസുകൾ നയിച്ചു.

**BTC**

വിശ്വാസജീവിത പരിശീലകർക്കുള്ള ബേസിക് ട്രെയിനിംഗ് കോഴ്സ് (BTC) ആഗസ്റ്റ് 24, 25, 26 (ശനി, ഞായർ, തിങ്കൾ) തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. കാഞ്ഞിരപ്പള്ളി രൂപത ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ ഫാ. മാത്യു ഓലിക്കൽ കോഴ്സ് ഉദ്ഘാടനം ചെയ്തു. രൂപതയിലെ വിവിധ ഇടവകകളിൽ നിന്നായി 96 വിശ്വാസജീവിത പരിശീലകർ കോഴ്സിൽ പങ്കെടുത്തു. ഫാ. ജെയിംസ് ചവറപ്പുഴ, ഫാ. തോമസ് നരിപ്പാറ, ഫാ. സെബാസ്റ്റ്യൻ വട്ടത്തറ, റവ. സി. അഡ്വ. ജ്യോതിസ് S.D., ശ്രീ. ബിനോ പെരുന്തോട്ടം, ഡോ. ജൂബി മാത്യു, ശ്രീ. ബിനീഷ് കളപ്പുരയ്ക്കൽ എന്നിവർ വിവിധ വിഷയങ്ങളെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു. വിശ്വാസജീവിത പരിശീലകർക്കുള്ള ചോദ്യങ്ങൾക്കും സംശയങ്ങൾക്കും വെരി റവ. ഡോ. ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ, റവ. ഫാ. ഡോ. ആന്റണി ചെല്ലന്തറ, റവ. ഡോ. ഫാ. ജയിംസ് ചവറപ്പുഴ എന്നിവർ ഉത്തരം നൽകി. കോഴ്സ് ദിനങ്ങളിൽ രൂപതാ വൈസ് ചാൻസലർ ഫാ. മാത്യു ശൗര്യാംകുഴി, സിൻചെല്ലൂസ് പെരിയ ബഹു. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ എന്നിവർ വിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നൽകി.

കോഴ്സിൽ പങ്കെടുത്ത എല്ലാ അധ്യാപകർക്കും കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തിലച്ചൻ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു.

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ചെറുപുഷ്പ മിഷൻ ലീഗ്

**സെപ്റ്റംബർ മാസത്തെ കർമ്മപരിപാടികൾ**

1 ഞായർ – മരിയൻ തീർത്ഥാടനം (ലോറേഞ്ച് മേഖല) കാഞ്ഞിരപ്പള്ളി പഴയപള്ളിയിലേക്ക്.

7 ശനി – മരിയൻ തീർത്ഥാടനം (ഹൈറേഞ്ച് മേഖല) ഉപ്പുതറ സെന്റ് മേരീസ് ഫൊറോന പള്ളിയിലേക്ക്

8 ഞായർ – പരി. കന്യകാമറിയത്തിന്റെ പിറവിത്തിരുനാൾ

9 തിങ്കൾ – സി.എം.എൽ സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിലിന്റെ 26–ാം ചരമവാർഷികം
: സി.എം.എൽ. ഡയറക്ടേഴ്സ് ഡേ.

29 ഞായർ – ലോഗോസ് ക്വിസ് രൂപതാ തല പരീക്ഷ (2 pm - 3.30 pm)

ഒക്ടോബർ

1 ചൊവ്വ – വി. കൊച്ചുത്രേസ്യായുടെ തിരുനാൾ, പൊതുസമ്മേളനം, അംഗത്വനവീകരണം

15 ചൊവ്വ – മിഷൻ ക്വിസ് 2024 ൽ പങ്കെടുക്കാനുള്ള മൂന്നു കുട്ടികളുടെ ടീമിന്റെ പേര് രൂപതാ കേന്ദ്രത്തിൽ തരേണ്ട അവസാന ദിവസം. രജിസ്ട്രേഷൻ ഫീസ് Rs. 400/-

**മരിയൻ തീർത്ഥാടനം**

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച്

കാഞ്ഞിരപ്പള്ളി രൂപത ചെറുപുഷ്പമിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ 2024 സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ച കാഞ്ഞിരപ്പള്ളി പഴയപള്ളിയിലേക്കും (ലോറേഞ്ച് മേഖല) സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച ഉപ്പുതറ ഫൊറോനാപ്പള്ളിയിലേക്കും (ഹൈറേഞ്ച് മേഖല) മരിയൻ തീർത്ഥാടനം നടത്തുന്നു.

സെപ്റ്റംബർ 1-ാം തീയതി ഞായറാഴ്ച രാവിലെ 9.45 ന് ദിവ്യകാരുണ്യ ആരാധന, 10.30 ന് മരിയൻ റാലി കത്തീഡ്രലിൽ നിന്നും പഴയപള്ളിയിലേയ്ക്ക്. 11.30 ന് തീർത്ഥാടന സമാപന സന്ദേശം അഭിവന്ദ്യ മാർ ജോസ് പുളിക്കൽ. തുടർന്ന് 12 മണിക്ക് മിഷൻലീഗ് രൂപതാ ജോയിന്റ് ഡയറക്ടർ റവ. ഫാ. ആന്റണി തുണ്ടത്തിൽ പഴയപള്ളിയിൽ പരിശുദ്ധ കുർബാനയർപ്പിക്കുന്നതുമാണ്.

സെപ്റ്റംബർ 7-ാം തീയതി ശനിയാഴ്ച രാവിലെ 9.45 ന് മരിയൻ റാലി ഉപ്പുതറ വി. യൂദാതദ്ദേവൂസ് പള്ളിയങ്കണത്തിൽ നിന്നും ഉപ്പുതറ ഫൊറോനാപള്ളിയിലേയ്ക്ക്. 11.30 ന് പരിശുദ്ധ കുർബാന, സന്ദേശം. അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ മുഖ്യ കാർമ്മികനായിരിക്കും. ഹൈറേഞ്ച് മേഖലയിലെ സി.എം.എൽ ഫൊറോനാ ഡയറക്ടർമാർ സഹകാർമ്മികരായിരിക്കും.

**ലോഗോസ് ക്വിസ് 2024**

ഈ വർഷത്തെ ലോഗോസ് ക്വിസ് രൂപതാതല പരീക്ഷ സെപ്റ്റംബർ 29-ാം തീയതി ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.00 മുതൽ 3.30 വരെ അതാത് ഇടവകകളിൽ നടത്തപ്പെടും. ഈ വർഷം നമ്മുടെ രൂപതയിൽനിന്നും 15709 പേർ ലോഗോസ് ക്വിസിന് പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്. രജിസ്റ്റർ ചെയ്തിരിക്കുന്ന എല്ലാവരും പഠിച്ചൊരുങ്ങി പരീക്ഷയിൽ പങ്കെടുക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**മിഷൻ ക്വിസ് 2024**

ഈ വർഷത്തെ മിഷൻക്വിസിന് പേര് രൂപതാ കേന്ദ്രത്തിൽ ഏൽപ്പിക്കേണ്ട അവസാന തീയതി ഒക്ടോബർ 15. രജിസ്ട്രേഷൻ

ഫീസ് 400 രൂപ. 5 മുതൽ 10 വരെ ക്ലാസുകളിൽ വിശ്വാസജീവിത പരിശീലനം നടത്തുന്ന, മൂന്നു കുട്ടികളടങ്ങുന്ന ഒരു ടീമിനാണ് ഓരോ ഇടവകയിലും നിന്ന് പങ്കെടുക്കാവുന്നത്. കൂടുതൽ വിവരങ്ങൾ Catechetical Directory 2024-25 Page 83.

**CML ഡയറക്ടേഴ്സ് ഡേ (സെപ്റ്റംബർ 14 തിങ്കൾ)**

ചെറുപുഷ്പ മിഷൻലീഗിന്റെ സ്ഥാപക ഡയറക്ടറായ ബഹു. ജോസഫ് മാലിപ്പറമ്പിലച്ചന്റെ 26-ാം ചരമവാർഷികമായ 2024 സെപ്റ്റംബർ 9-ാം തീയതി തിങ്കളാഴ്ച സി.എം.എൽ. ഡയറക്ടേഴ്സ് ഡേ ആയി ആചരിക്കുന്നു. ഇടവകകളിൽ ഡയറക്ടറച്ചന്മാരെ ആദരിക്കാനായി ഉചിതമായ പരിപാടികൾ സംഘടിപ്പിക്കുമല്ലോ.

**വി. കൊച്ചുത്രേസ്യായുടെ തിരുനാൾ (ഒക്ടോബർ 1) ചൊവ്വ**

ചെറുപുഷ്പമിഷൻലീഗിന്റെ സ്വർഗ്ഗീയ മദ്ധ്യസ്ഥയായ വി. കൊച്ചുത്രേസ്യായുടെ തിരുനാൾ ഒക്ടോബർ 1 ചൊവ്വാഴ്ച സമുചിതമായി ആഘോഷിക്കുമല്ലോ. ഒക്ടോബർ 1 ന് മുമ്പോ അതിനുശേഷമോ ഉള്ള ഞായറാഴ്ച പൊതുയോഗവും സി.എം.എൽ. അംഗത്വനവീകരണവും നടത്തേണ്ടതാണ്. ചെറുപുഷ്പ മിഷൻലീഗ് നിയമാവലി പേജ് 40-46 ൽ നൽകിയിരിക്കുന്ന ക്രമമനുസരിച്ച് അംഗത്വനവീകരണം നടത്താം. Catechetical Directory 2024-25 കവർ പേജിൽ (back cover inside) നൽകിയിരിക്കുന്ന പ്രതിജ്ഞയും ചൊല്ലേണ്ടതാണ്.

**ഫാ. ആന്റണി തുണ്ടത്തിൽ**
**അസി. ഡയറക്ടർ**

**ഫാ. ഫിലിപ്പ് വട്ടയത്തിൽ**
**ഡയറക്ടർ**

# ബൈബിള്‍ അപ്പോസ്തലേറ്റ്

**കഴിഞ്ഞ മാസത്തിലെ പരിപാടികള്‍**

ആഗസ്റ്റ് 10, 17 തീയതികളിലായി ബൈബിള്‍ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ 1, 2 ബാച്ചുകളുടെ ക്ലാസുകള്‍ നടത്തപ്പെട്ടു. രാവിലെ 10 മണി മുതല്‍ ഉച്ചകഴിഞ്ഞ് 3.30 വരെ നടത്തപ്പെട്ട ക്ലാസുകളിലായി ആകെ 82 പേര്‍ പങ്കെടുത്തു. ബൈബിളിലെ കാതോലിക ലേഖനങ്ങളായിരുന്നു പഠനവിഷയം. ബഹുമാനപ്പെട്ട മനുരാജ് പുത്തന്‍വീട്ടിലച്ചനാണ് ക്ലാസുകള്‍ക്ക് നേതൃത്വം നല്‍കിയത്.

**ഈ മാസത്തിലെ പരിപാടികള്‍**

സെപ്റ്റംബര്‍ 17 ചൊവ്വ, 21 ശനി ദിവസങ്ങളിലായി ബൈബിള്‍ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സിന്റെ ക്ലാസുകള്‍ നടത്തപ്പെടുന്നു. രാവിലെ 10 മണിക്ക് ആരംഭിച്ച് ഉച്ചകഴിഞ്ഞ് 3 മണിക്ക് അവസാനിക്കും. വി. പൗലോസ്ശ്ലീഹായുടെ ലേഖനങ്ങളാണ് പഠനവിഷയം.

**ഫാ. ആന്റണി ചെല്ലംതറ**
**ഡയറക്ടര്‍**

# സീറോ മലബാർ യൂത്ത് മൂവ്മെന്റ് (എസ്. എം. വൈ. എം.)

## ടീൻഫെസ്റ്റ്

കൗമാരക്കാരെ വിശ്വാസബോധ്യങ്ങളിൽ ഉറപ്പിക്കുക എന്ന ലക്ഷ്യത്തോടെ ടീൻഫെസ്റ്റ് ദ്വിദിന ക്യാമ്പ് രൂപത എസ്.എം.വൈ.എം. ന്റെ നേതൃത്വത്തിൽ കട്ടപ്പന, മുണ്ടിയെരുമ ഫൊറോനകളിലെ 11-ാം ക്ലാസ് സൺഡേസ്കൂൾ വിദ്യാർത്ഥികൾക്കായി പുളിയന്മല സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ച് നടത്തപ്പെട്ടു. 105 കുട്ടികൾ പങ്കെടുത്ത ഈ ക്യാമ്പിൽ എസ്.എം.വൈ.എം. രൂപത ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചൻ, സി. ദീപ്തി മരിയ എഫ്.സി.സി. എന്നിവർ ക്ലാസുകൾക്ക് നേതൃത്വം നൽകി. വി. കുമ്പസാരം, വി. കുർബാന, കൂട്ടായ്മ സന്ദർശനം, ആരാധന, ക്ലാസുകൾ, വിശ്വാസപ്രഘോഷണ റാലി തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിലൂടെ ആഗസ്റ്റ് 3, 4 തീയതികളിൽ ടീൻഫെസ്റ്റ് നടത്തപ്പെട്ടു.

ആഗസ്റ്റ് 10, 11 തീയതികളിൽ പൊൻകുന്നം ഫൊറോനയിലെ 101 കുട്ടികൾക്കായി ചെങ്ങളം സെന്റ് ആന്റണീസ് ദൈവാലയത്തിൽ വച്ച് ടീൻഫെസ്റ്റ് നടത്തപ്പെട്ടു. എസ്.എം.വൈ.എം. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും ശ്രീ. സാജൻ പാപ്പച്ചനും ക്ലാസുകൾക്ക് നേതൃത്വമേകി.

## Old is Gold

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. യുവദീപ്തിയെ

മുൻകാലങ്ങളിൽ ധീരമായി നയിച്ച രൂപതാസമിതി അംഗങ്ങളുടെ സംഗമം - ഓൾഡ് ഈസ് ഗോൾഡ് കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ ഓഗസ്റ്റ് 15 ന് നടത്തപ്പെട്ടു. സീറോ മലബാർ കൂരിയ ബിഷപ്പ് മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവിന്റെ കാർമ്മികത്വത്തിൽ രാവിലെ 10 മണിക്ക് അർപ്പിക്കപ്പെട്ട വിശുദ്ധ കുർബാനയോടെ ഓൾഡ് ഈസ് ഗോൾഡ് കൂട്ടായ്മ ആരംഭിച്ചു. തുടർന്ന് നടത്തപ്പെട്ട യോഗത്തിൽ ശ്രീ. അലൻ എസ്. വെള്ളൂർ ഏവർക്കും സ്വാഗതം ആശംസിച്ചു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് സമ്മേളനം ഉദ്ഘാടനം ചെയ്തു. അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വാണിയപ്പുരയ്ക്കൽ പിതാവ് മുഖ്യാതിഥിയായിരുന്നു. പ്രോട്ടോ സിഞ്ചെല്ലൂസ് പെരിയ ബഹു. ജോസഫ് വെള്ളമറ്റത്തില ച്ചന്റെയും മറ്റു വൈദികരുടെയും മഹനീയ സാന്നിധ്യം ഈ സമ്മേളനത്തെ അനുഗ്രഹമാക്കി. കാലത്തിന്റെ മാറ്റങ്ങളും ഓർമ്മ പുതുക്കലുകളും സ്നേഹസംഭാഷണങ്ങളും സൗഹൃദം നിറഞ്ഞ പങ്കുവയ്ക്കലുകളുമെല്ലാം ഒത്തുചേർന്ന Old is Gold കൂട്ടായ്മ സ്നേഹവിരുന്നോടെ സമാപിച്ചു.

**കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ്**

46-ാമത് കെ.സി.വൈ.എം. അർദ്ധവാർഷിക സെനറ്റ് സമ്മേളനത്തിൽ രൂപതാസമിതി അംഗങ്ങൾ പങ്കെടുത്തു. ആഗസ്റ്റ് 17-ാം തീയതി നടന്ന രൂപതാതല റിപ്പോർട്ട് അവതരണത്തിൽ കുമാരി അലോക മരിയ ബെന്നി രൂപതയുടെ 6 മാസക്കാലത്തെ പ്രവർത്തനങ്ങൾ വിവരിച്ചു.

**രൂപത എക്സിക്യൂട്ടീവ് സമ്മേളനം**

ആഗസ്റ്റ് 20-ാം തീയതി 10 മണി മുതൽ രൂപത എസ്.എം.വൈ.എം. ഓഫീസിൽ രൂപത എക്സിക്യൂട്ടീവിന്റെ

സമ്മേളനം നടത്തപ്പെട്ടു. ഈ യോഗത്തിൽ സംഘടനയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങളെ വിലയിരുത്തുകയും ഭാവി പ്രവർത്തനങ്ങളിൽ കൂട്ടായ്മ ശക്തമാക്കാനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**രൂപത അർദ്ധവാർഷിക സെനറ്റ്**

കാഞ്ഞിരപ്പള്ളി രൂപത എസ്.എം.വൈ.എം. അർദ്ധവാർഷിക സെനറ്റ് സമ്മേളനം കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് ആഗസ്റ്റ് 25 ന് നടത്തപ്പെട്ടു. മരിയൻ കോളേജ് അഡ്മിനിസ്ട്രേറ്റർ ബഹു. ജോസഫ് പൊങ്ങന്താനം അച്ചൻ സമ്മേളനം ഉദ്ഘാടനം ചെയ്തു. സമ്മേളനത്തിൽ കാഞ്ഞിരപ്പള്ളി രൂപതയിലെ 12 ഫൊറോനകളുടെ 6 മാസങ്ങളിലെ പ്രവർത്തനറിപ്പോർട്ട് അവതരണം നടന്നു. രൂപത എസ്.എം.വൈ.എം. അർദ്ധവാർഷിക പ്രവർത്തന റിപ്പോർട്ട് രൂപത ജനറൽ സെക്രട്ടറി ശ്രീ. അലൻ ജോളി പടിഞ്ഞാറേക്കര അവതരിപ്പിച്ചു. 12 ഫൊറോനകളിൽ നിന്നായി 120 സെനറ്റ് അംഗങ്ങൾ പങ്കെടുത്ത ഈ യോഗത്തിൽ തുടർപരിപാടികളെക്കുറിച്ചുള്ള ചർച്ചയും സംഘടനാചർച്ചകളും നടന്നു.

എസ്.എം.വൈ.എം. ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചൻ, അലൻ എസ്. വെള്ളൂർ, അലോക മരിയ ബെന്നി തുരുത്തിപ്പള്ളി, അലൻ ജോളി പടിഞ്ഞാറേക്കര, അലൻ വേഴമ്പത്തോട്ടം, മെറിൻ വണ്ടാനത്ത്, ഡാരൽ അന്ത്യാങ്കുളം, അലൻ കല്ലൂരാത്ത്, ജോസ്ന വെട്ടുകല്ലാംകുഴിയിൽ, സച്ചു തൊട്ടിയിൽ, ആൻ മരിയ കൊല്ലശ്ശേരിൽ, റ്റോം കൊച്ചുകുടിയിൽ, സോബിൻ സാജു കാരികുളം, സ്റ്റെഫിൻ മറ്റപ്പള്ളിൽ, സി. മേബിൾ SABS, ബ്രദർ റ്റോബിൻ ഏറത്തുകുന്നേൽ എന്നിവർ നേതൃത്വം നൽകി.

**ഖേലോത്സവ് 2024**

കത്തോലിക്ക യുവജനങ്ങളുടെ കായികക്ഷമത മാറ്റുരയ്ക്കപ്പെടുന്ന എസ്.എം.വൈ.എം. യുവദീപ്തി ഖേലോത്സവ് രൂപതാതലം 2024 ആഗസ്റ്റ് 26, 28 തീയതികളിലായി നടത്തപ്പെട്ടു. ഫുട്ബോൾ, വോളിബോൾ, ബാഡ്മിന്റൺ തുടങ്ങിയ മത്സര ഇനങ്ങളിൽ വിവിധ ഫൊറോനകളിൽ നിന്നുള്ള യുവതീയുവാക്കളുടെ പങ്കാളിത്തം ശ്രദ്ധേയമായിരുന്നു. എസ്.എം.വൈ.എം. രൂപതാ ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചനും രൂപത സമിതി അംഗങ്ങളും പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി.

**നൈറ്റ് വിജിൽ**

ആഗസ്റ്റ് 27-ാം തീയതി പുല്ലാനിത്തകിടി സെന്റ് റീത്താസ് പള്ളിയിലും 30-ാം തീയതി മുക്കൂട്ടുതറ സെന്റ് തോമസ് പള്ളിയിലും നൈറ്റ് വിജിൽ നടത്തപ്പെട്ടു. ധാരാളം യുവജനങ്ങളുടെ പങ്കാളിത്തം ഇതിലുണ്ടായിരുന്നു. രൂപത ഡയറക്ടർ ബഹു. തോമസ് നരിപ്പാറയിലച്ചൻ പ്രവർത്തനങ്ങൾക്ക് നേതൃത്വമേകി. വി. കുമ്പസാരം, വി. കുർബാന, ആരാധന, മറ്റു പ്രവർത്തനങ്ങൾ തുടങ്ങിയവയിലൂടെ നൈറ്റ് വിജിൽ സജീവമായി നടത്തപ്പെട്ടു. രൂപതാസമിതി അംഗങ്ങളും ഇതിൽ പങ്കെടുത്തു.

**ഫാ. തോമസ് നരിപ്പാറയിൽ**
**ഡയറക്ടർ**

# കുടുംബപ്രേഷിതത്വം

## വിവാഹ ഒരുക്ക ധ്യാനം

ഓഗസ്റ്റ് 1, 2, 3 തീയതികളിൽ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്റർ (NRC) യിലും ഓഗസ്റ്റ് 15, 16, 17 തീയതികളിൽ അണക്കര പാസ്റ്ററൽ ആനിമേഷൻ സെന്റർ (PAC) യിലും വച്ച് വിവാഹ ഒരുക്ക ധ്യാനങ്ങൾ നടത്തപ്പെട്ടു. ധ്യാനസമയം ഒന്നാം ദിവസം രാവിലെ 8.30 മുതൽ മൂന്നാം ദിവസം വൈകിട്ട് 4 മണി വരെയാണ്.

## വരുന്ന ധ്യാന തീയതികൾ

| | |
|---|---|
| സെപ്റ്റംബർ 5, 6, 7 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| സെപ്റ്റംബർ 19,20,21 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |
| ഒക്ടോബർ 3,4,5 (വ്യാഴം - ശനി) | നിർമ്മല റിന്യൂവൽ സെന്റർ, (NRC) പൊടിമറ്റം. |
| ഒക്ടോബർ 17,18,19 (വ്യാഴം - ശനി) | പാസ്റ്ററൽ ആനിമേഷൻ സെന്റർ, (PAC) അണക്കര. |

രജിസ്ട്രേഷൻ ഫീസ്: 1700/-(ആയിരത്തി എഴുനൂറ്) രൂപ. രജിസ്റ്റർ ചെയ്യുമ്പോൾ അഡ്വാൻസ് ആയി 700/-രൂപ അടയ്ക്കേണ്ട താണ്. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ 9497096431, 04828- 205628, 201100.

## എബനേസർ സംഗമം

കാഞ്ഞിരപ്പള്ളി രൂപതയിൽ 2024 ജനുവരി മുതൽ ജൂൺ വരെ യുള്ള മാസങ്ങളിൽ വിവാഹം കഴിഞ്ഞ ദമ്പതികളുടെ സംഗമം 2024

ഓഗസ്റ്റ് 4 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് അനുഗ്രഹപ്രഭാഷണം നടത്തി. ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടർ ആഘോഷമായ വി. ബലി അർപ്പിച്ചു. റവ. ഫാ. തോമസ് വാളന്മനാൽ പ്രസ്തുത സംഗമത്തിൽ ക്ലാസ് നയിച്ചു.

**കുടുംബവിശുദ്ധീകരണ ധ്യാനം**

ഓഗസ്റ്റ് 5 ന് താബോർ ധ്യാനകേന്ദ്രത്തിൽ ഫാമിലി അപ്പസ്തോലേറ്റ് ഡയറക്ടറച്ചൻ 'കുടുംബവിശുദ്ധീകരണം കൂദാശകളിലൂടെ' എന്ന വിഷയത്തെ ആസ്പദമാക്കി ക്ലാസുകൾ നയിച്ചു.

**സീറോ മലബാർ മാട്രിമണി ഡയറക്ടേഴ്സ് മീറ്റ്**

ഓഗസ്റ്റ് 8 ന് കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്ന സീറോ മലബാർ മാട്രിമണി ഡയറക്ടേഴ്സ് മീറ്റിൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**സീറോ മലബാർ സിനഡ്**

ഓഗസ്റ്റ് 28-ാം തീയതി കാക്കനാട് സെന്റ് തോമസ് മൗണ്ടിൽ വച്ച് നടന്നുകൊണ്ടിരുന്ന സീറോ മലബാർ സിനഡിൽ ഫാമിലി അപ്പസ്തോലേറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ അവതരിപ്പിച്ചു.

**മാർച്ച് ഫോർ ലൈഫ് ജീവസന്ദേശ യാത്ര**

ഓഗസ്റ്റ് 10-ാം തീയതി തൃശൂരിൽ വച്ച് നടന്ന മാർച്ച് ഫോർ ലൈഫ് ജീവസന്ദേശയാത്രയിൽ രൂപതയിൽ നിന്ന് അംഗങ്ങൾ പങ്കെടുത്തു.

**ഡയറക്ടേഴ്സ് മീറ്റ്**

ചങ്ങനാശ്ശേരിയിൽ വച്ച് നടന്ന Inter Diocesion Meet - ൽ ഡയറക്ടറച്ചൻ പങ്കെടുത്തു.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# പിതൃവേദി

## ലീഡേഴ്സ് മീറ്റ് - വെളിച്ചിയാനി ഫൊറോന

വെളിച്ചിയാനി ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നുമുള്ള എക്സിക്യൂട്ടീവ് അംഗങ്ങൾ വെളിച്ചിയാനി ഫൊറോന ദൈവാലയത്തിന്റെ പാരീഷ് ഹാളിൽ ഒത്തുചേരുകയും പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുകയും ചെയ്തു. താഴെ പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

| | |
|---|---|
| പ്രസിഡന്റ് | : ഷാബോച്ചൻ മുളങ്ങാശ്ശേരി, പാലപ്ര |
| വൈസ് പ്രസിഡന്റ് | : സൂരജ് പുത്തൻപുരയിൽ, ഇടക്കുന്നം |
| സെക്രട്ടറി | : ഷാജി ജേക്കബ് ഇടത്തിൽ, വെളിച്ചിയാനി |
| ജോയിന്റ് സെക്രട്ടറി | : തോമസ് വർഗീസ് വലിയകുളത്തിൽ, പാലമ്പ്ര |
| ട്രഷറർ | : ബിനോയി ജോസ് കൊച്ചുകരിപ്പാപ്പറമ്പിൽ, കാരികുളം |

## യൂണിറ്റ് സന്ദർശനം

ഓഗസ്റ്റ് 11 ന് ചേമ്പളം സെന്റ് മേരീസ് ഇടവകയിൽ നടന്ന പിതൃസംഗമത്തിൽ ഡയറക്ടറച്ചൻ പരി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

നമ്മുടെ രൂപതയുടെ സുവർണ്ണജൂബിലിക്ക് ഒരുക്കമായും രൂപതയിൽ പിതൃവേദി സംഘടന സ്ഥാപിതമായതിന്റെ രജതജൂബിലിയോടും അനുബന്ധിച്ച് നടത്തുന്ന പിതൃസംഗമം 'പാത്രിസ് കോർദേ' എരുമേലി, പത്തനംതിട്ട, റാന്നി

ഫൊറോനകളിലെ പള്ളികളിൽ നടത്തി. ഈ സംഗമത്തിൽ താഴെപറയുന്ന റിസോഴ്സ് ടീം അംഗങ്ങൾ ക്ലാസുകൾ നയിച്ചു.

**എരുമേലി ഫൊറോന**

1. എരുമേലി - അസംപ്ഷൻ ഫൊറോന
   - ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ
2. പഴയകൊരട്ടി - സെന്റ് മേരീസ്
   - ശ്രീ. ഷിബു കല്ലറക്കൽ
3. കുരുമ്പൻമൂഴി - സെന്റ് തോമസ്
   - ശ്രീ. സാജു ജോസഫ് കൊച്ചുവീട്ടിൽ
4. മണിപ്പുഴ - ക്രിസ്തുരാജ
   - ശ്രീ. സാജൻ പാപ്പച്ചൻ, മാമ്മൂട്ടിൽ
5. എലിവാലിക്കര - സെന്റ് ആന്റണീസ്
   - ശ്രീ. അരുൺ നെടുംതകിടിയേൽ
6. കണ്ണിമല - സെന്റ് ജോസഫ്
   - ശ്രീ. സാജൻ പാപ്പച്ചൻ, മാമ്മൂട്ടിൽ
7. ഉമിക്കുപ്പ - ലൂർദ് മാതാ
   - ശ്രീ. തോമസ് മണിയങ്കേരിൽ
8. നിലയ്ക്കൽ തുലാപ്പള്ളി - മാർ തോമാശ്ലീഹാ
   - ശ്രീ. ഷിബു കല്ലറക്കൽ
9. വെച്ചൂച്ചിറ - സെന്റ് ജോസഫ്
   - ശ്രീ. ഷിജോ തോണിയാങ്കൽ
10. മുക്കൂട്ടുതറ - സെന്റ് തോമസ്
    - ശ്രീ. ഷിജോ തോണിയാങ്കൽ
11. കണമല - സെന്റ് തോമസ്
    - ശ്രീ. ജോസഫ് മാത്യു ഓലിക്കൽ
12. കൊല്ലമുള - സെന്റ് മരിയ ഗൊരേത്തി
    - ശ്രീ. ജോബി പാലാപുളിക്കൽ
13. അറയാഞ്ഞിലിമണ്ണ് - സെന്റ് ജോസഫ്
    - ശ്രീ. മോൻസൻ വെട്ടിക്കാട്ട്

14. നിരവ് - സെൻ്റ് മേരീസ് - ശ്രീ. ജോസഫ് മാത്യു ഓലിക്കൽ

15. പാണപിലാവ് - സെൻ്റ് ജോസഫ്
 - ശ്രീ. സാജു ജോസഫ് കൊച്ചുവീട്ടിൽ

16. എരുത്വാപ്പുഴ - ഇൻഫന്റ് ജീസസ്
 - ശ്രീ. അരുൺ നെടുംതകിടിയേൽ

**പത്തനംതിട്ട ഫൊറോന**

1. പത്തനംതിട്ട - മേരി മാതാ ഫൊറോന
 - ശ്രീ. ജോസഫ് മാത്യു ഓലിക്കൽ

2. മീൻകുഴി - ലിറ്റിൽ ഫ്ളവർ
 - ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ

3. ചിറ്റാർ - അസംപ്ഷൻ - ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ

4. സീതത്തോട് - സെൻ്റ് ജോർജ്
 - ശ്രീ. ഷിജോ തോണിയാങ്കൽ

**റാന്നി ഫൊറോന**

1. റാന്നി - ഇൻഫന്റ് ജീസസ് ഫൊറോന
 - ശ്രീ. ജോസഫ് മാത്യു ഓലിക്കൽ

ചെമ്പനോലി - സെൻ്റ് സെബാസ്റ്റ്യൻ
 - ശ്രീ. സാജു ജോസഫ് കൊച്ചുവീട്ടിൽ

പെരുന്തേനരുവി- സെൻ്റ് ജോസഫ്
 - ശ്രീ. സാജു ജോസഫ് കൊച്ചുവീട്ടിൽ

ഇടമൺ - സെൻ്റ് മേരീസ് - ശ്രീ. ഷിജോ തോണിയാങ്കൽ

പെരുനാട് - സെൻ്റ് ജൂഡ് - ശ്രീ. സാജൻ പാപ്പച്ചൻ, മാമ്മൂട്ടിൽ

ബഥനിമല - സെൻ്റ് മേരീസ് - ശ്രീ. സാജൻ പാപ്പച്ചൻ, മാമ്മൂട്ടിൽ

കണ്ണംപള്ളി - സെൻ്റ് മേരീസ് - ശ്രീ. സെബാസ്റ്റ്യൻ താന്നിക്കൽ

ഓരോ ഇടവകകളിലും പിതൃസംഗമങ്ങൾക്ക് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട വൈദികർക്കും പങ്കെടുത്ത എല്ലാവർക്കും നന്ദി.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മാതൃവേദി

**പ്രചോദിനി**

അമ്മമാരിൽ മറഞ്ഞിരിക്കുന്ന കഴിവുകളെ കണ്ടെത്തുന്നതിനും വളർത്തുന്നതിനുമായി ഓഗസ്റ്റ് 7 ന് പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ച് ലോറേഞ്ച് മേഖലയിലെ പ്രചോദിനിയും ഓഗസ്റ്റ് 14 ന് കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ച് ഹൈറേഞ്ച് മേഖലയിലെ പ്രചോദിനിയും നടത്തപ്പെട്ടു. കൂദാശകൾ എന്ന വിഷയങ്ങളെക്കുറിച്ചു റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ ക്ലാസുകൾ നയിച്ചു.

**എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് 13-ാം തീയതി മാതൃവേദി രൂപതാ എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടുകയും ഈ മാസം നടത്തപ്പെടേണ്ട കാര്യങ്ങൾ ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**റിസോഴ്സ് ടീം പരിശീലനം**

മാതൃവേദിയുടെ നേതൃത്വത്തിൽ അമ്മമാരുടെ ഒരു റിസോഴ്സ് ടീം രൂപതാതലത്തിൽ രൂപീകരിക്കുന്നതിന് ഒരുക്കമായി ഓഗസ്റ്റ് 20-ാം തീയതി കാഞ്ഞിരപ്പള്ളി ഫാമിലി അപ്പസ്തോലേറ്റ് ഓഫീസിൽ വച്ച് മീറ്റിംഗ് നടത്തി.

**യൂണിറ്റ് സന്ദർശനം**

കൽത്തൊട്ടി ഇടവകയിൽ ഓഗസ്റ്റ് 25 ന് മാതൃസംഗമത്തിന് ഡയറക്ടറച്ചൻ ക്ലാസ് എടുത്തു.

ഓഗസ്റ്റ് 11 ന് ചേമ്പളം സെന്റ് മേരീസ് ഇടവകയിൽ നടന്ന മാതൃസംഗമത്തിൽ ഡയറക്ടറച്ചൻ പങ്കെടുക്കുകയും ക്ലാസ് നല്കുകയും ചെയ്തു.

ഇടക്കുന്നം വേളാങ്കണ്ണിമാതാ ഇടവകയിൽ ഓഗസ്റ്റ് 26 ന് നടത്തിയ മാതൃസംഗമത്തിൽ രൂപതാ ഡയറക്ടറച്ചൻ പങ്കെടുക്കുകയും ക്ലാസ് നല്കുകയും ചെയ്തു.

ഓഗസ്റ്റ് 28 ന് കാരികുളം ഫാത്തിമമാതാ ഇടവകയിൽ നടന്ന മാതൃസംഗമത്തിൽ രൂപതാ ആനിമേറ്റർ കുടുംബവിശുദ്ധീകരണം കൂദാശകളിലൂടെ എന്ന വിഷയം ക്ലാസ് എടുത്തു

**വി. മോനിക്കയുടെ തിരുനാൾ**

മാതൃവേദിയുടെ സഹമദ്ധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ യൂണിറ്റ് ഫൊറോന തലങ്ങളിൽ മാതൃവേദി അംഗങ്ങൾ ആഘോഷിച്ചു.

**പ്രചോദിനി വരുന്ന മാസത്തെ തീയതികൾ**

ലോറേഞ്ച് മേഖലയിലെ പ്രചോദിനി സെപ്റ്റംബർ 11 ബുധനാഴ്ച പൊടിമറ്റം നിർമ്മലാ റിന്യൂവൽ സെന്ററിൽ വച്ചും ഹൈറേഞ്ച് മേഖലയിലെ പ്രചോദിനി സെപ്റ്റംബർ 18 ബുധനാഴ്ച കട്ടപ്പന സെന്റ് ജോർജ് ഫൊറോന പാരീഷ് ഹാളിൽ വച്ചും നടത്തപ്പെടുന്നു.

**മാതൃവേദി ഇലക്ഷൻ**

സെപ്റ്റംബർ 20 ന് മുൻപായി ഫൊറോനയിലെ ഇലക്ഷൻ നടത്തി ഭാരവാഹികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**മാതൃവേദി കലോത്സവം**

സെപ്റ്റംബർ 15 ന് മുൻപായി ഫൊറോനയിലെ

കലാമത്സരങ്ങൾ നടത്തി വിജയികളുടെ ലിസ്റ്റ് രൂപതാ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**മരിയൻ തീർത്ഥാടനം**

സെപ്റ്റംബർ 3 ന് രൂപതാ മാതൃവേദിയുടെ നേതൃത്വത്തിൽ മരിയൻ തീർത്ഥാടനവും മേരിനാമധാരികളുടെ സംഗമവും നടത്തപ്പെടുന്നു. കത്തീഡ്രൽ ദൈവാലയത്തിൽ ദിവ്യകാരുണ്യ ആരാധനയും 10.30 ന് അക്കരപ്പള്ളിയിലേക്ക് ജപമാല പ്രദക്ഷിണവും തുടർന്ന് അഭിവന്ദ്യ പിതാവിന്റെ മരിയൻ സന്ദേശവും പരിശുദ്ധ കുർബാനയും തുടർന്ന് സ്നേഹവിരുന്നും ഉണ്ടായിരിക്കും.

**മംഗളവാർത്ത ധ്യാനം**

സെപ്റ്റംബർ 27, 28, 29, 30 തീയതികളിൽ ഗർഭസ്ഥ ശിശുക്കളുടെ മാതാപിതാക്കൾക്കും കുഞ്ഞുങ്ങളെ സ്വീകരിക്കാൻ ഒരുങ്ങുന്നവർക്കും കുഞ്ഞുങ്ങളില്ലാത്തവർക്കുമായുള്ള മംഗളവാർത്ത ധ്യാനം ഓൺലൈനായി zoom പ്ളാറ്റുഫോമിൽ വൈകുന്നേരം 7.00 മണി മുതൽ 9.00 മണി വരെ നടത്തപ്പെടുന്നു. പ്രമുഖ ഗൈനക്ക് ഡോക്ടർമാർ, പിഡിയാട്രീഷൻമാർ, വൈദികർ, വചനപ്രഘോഷകർ എന്നിവർ ക്ലാസുകൾ നയിക്കുന്നു. രജിസ്ട്രേഷനായി ബന്ധപ്പെടേണ്ട നമ്പർ: 9605518984, 7907064415.

**ഫാ. സെബാസ്റ്റ്യൻ പുളിക്കക്കുന്നേൽ**
**അസി. ഡയറക്ടർ**

**ഫാ. മാത്യു ഓലിക്കൽ**
**ഡയറക്ടർ**

# മേരിമാതാ മൈനർ സെമിനാരി

**ആഗസ്റ്റ് 2024**

03 ഫമിലിയ 2024 എന്ന പേരിൽ ബെനഫാക്റ്റേഴ്സ് ഡേ നടത്തി. രൂപതാധ്യക്ഷൻ അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവ് പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കുകയും സൗഹൃദസമ്മേളനത്തിൽ സംബന്ധിക്കുകയും ചെയ്തു. ബെനഫാക്റ്റേഴ്സും കുടുംബാംഗങ്ങളുമടക്കം 25 പേർ സമ്മേളനത്തിൽ പങ്കെടുത്തു.

04 വൈദികരുടെ മധ്യസ്ഥനായ വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വൈസ് റെക്ടർ റവ. ഫാ. ആന്റണി കുഴിപ്പിൽ പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി. രാവിലെ 9 മണിയോടെ വൈദികവിദ്യാർത്ഥികൾ രൂപതയിലെ മുതിർന്ന വൈദികരുടെ ഭവനമായ വിയാനി ഹോം സന്ദർശിച്ച് ബഹു. അച്ചന്മാർക്ക് ആശംസകളും പ്രാർത്ഥനകളും നേരുകയും വിയാനി ഹോമും അനുബന്ധ കെട്ടിടങ്ങളും പരിസരവും ശുചിയാക്കി വൈകുന്നേരത്തോടെ മടങ്ങി യെത്തുകയും ചെയ്തു.

06 നമ്മുടെ കർത്താവിന്റെ രൂപാന്തരീകരണത്തിരുനാളിനോടനുബന്ധിച്ച് ഫാ. ഡോ. ഫിലിപ്പ്സ് വടക്കേക്കളം പരിശുദ്ധ കുർബാനയർപ്പിച്ച് സന്ദേശം നല്കി.

15 പരി. മറിയത്തിന്റെ സ്വർഗ്ഗാരോപണത്തിരുനാളും മാതൃരാജ്യമായ ഇന്ത്യയുടെ 78-ാം സ്വാതന്ത്ര്യദിനവും സംയുക്തമായി ആഘോഷിച്ചു. റെക്ടർ ഫാ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ പരി. കുർബാനയർപ്പിച്ച്



# മാർത്തോമാശ്ലീഹാ ദയാറ നല്ലതണ്ണി

- രണ്ടാം ശനിയാഴ്ച അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ ഏകദിന ധ്യാനം നടത്തപ്പെട്ടു. അതിൽ 30 പേർ പങ്കെടുത്തു.
- നസ്രാണി സംഗമം - ആഗസ്റ്റ് 24 മുതൽ 26 വരെ അഭിവന്ദ്യ മുരിക്കൻ പിതാവിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ടു.
- ഒരു അൽമായന്റെ 4 ദിവസത്തെ ധ്യാനം

**ഫാ. സേവ്യർ കൂടപ്പുഴ**
Ph : 04869-299207

---

## മേരിമാതാ മൈനർ സെമിനാരി

സന്ദേശം നല്കി. പരി. കുർബാനയ്ക്കുശേഷം ദേശീയ പതാകയുയർത്തി മധുരം വിതരണം ചെയ്തു. ഉച്ചയ്ക്കുശേഷം സൗഹൃദബാസ്ക്കറ്റ് ബോൾ മത്സരം നടത്തി.

16-17 വൈദിക വിദ്യാർത്ഥികളുടെ മാസധ്യാനം നടത്തപ്പെട്ടു. റവ. ഫാ. മാത്യു വാലുമണ്ണേൽ OFM Cap ധ്യാനം നയിച്ചു.

31 വൈദികവിദ്യാർത്ഥികൾ കാഞ്ഞിരപ്പള്ളി ബേത്ലഹേം ആശ്രമം സന്ദർശിച്ച് ആശ്രമമക്കളോടൊപ്പം സമയം ചെലവഴിക്കുകയും ആശ്രമത്തിന്റെയും പരിസരങ്ങളുടെയും ശുചീകരണ പരിപാടികളിൽ പങ്കെടുക്കുകയും ചെയ്തു.

**ഫാ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റെക്ടർ**



# കാത്തലിക് കരിസ്മാറ്റിക് നവീകരണം

**സോണൽ സേവനസമിതി**

ഓഗസ്റ്റ് 1 ന് പഴയകൊരട്ടി സെന്റ് മേരീസ് പള്ളിയിൽ നടന്ന സോൺ ഉപദേശക സമിതിയിൽ വച്ച് കാഞ്ഞിരപ്പള്ളി സോണിന്റെ പുതിയ സേവനസമിതിയെ തിരഞ്ഞെടുത്തു. കെ.സി.എസ്.സി. കോഡിനേറ്റർ ബഹു. ജോസഫ് താമരവെളിയച്ചന്റെ നേതൃത്വത്തിൽ കേരള സേവനസമിതി തിരഞ്ഞെടുപ്പു നടപടികൾ നടത്തി.

1. കെ.സി. എബ്രഹാം, കുമ്പുക്കൽ (കോർഡിനേറ്റർ)
2. ജോസഫ് സ്കറിയാ, കല്ലറയ്ക്കൽകടവിൽ (സെക്രട്ടറി)
3. ജെറോം ആന്റണി കരോട്ടില്ലം (ട്രഷറർ)
4. ജോസഫ് ഫ്രാൻസീസ്, വട്ടക്കുന്നേൽ
5. റെജി ജോസഫ്, പുതുപറമ്പിക്കുന്നേൽ
6. മാർട്ടിൻ ജോസഫ്, സ്രാകത്ത്
7. ലീലാമ്മ ജോസഫ്, മാപ്പിളശ്ശേരി
8. സോണിയാ ബിജോ, വടശ്ശേരി
9. കുഞ്ഞുമോൾ ബാബു, കൊച്ചുപുരയ്ക്കൽ

എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു. കുമാരി റ്റിന്റു പുല്ലാട്ട് സേവനസമിതിയിൽ YU4C പ്രതിനിധിയായി തെരഞ്ഞെടുക്കപ്പെട്ടു.

2024 ഓഗസ്റ്റ് 28, 29 തീയതികളിൽ പുതിയ സേവനസമിതി അംഗങ്ങൾക്കായി എമ്മാവൂസിൽ നടത്തപ്പെട്ട ഫോർമേഷൻ പ്രോഗ്രാമിൽ എല്ലാവരും പങ്കെടുത്തു.

2024 ഓഗസ്റ്റ് 16-ാം തീയതി പഴയകൊരട്ടി ആവേമരിയായിൽ ബഹു. ഡയറക്ടറച്ചന്റെ സാന്നിദ്ധ്യത്തിൽ നിലവിലുള്ള

സേവനസമിതിയും പുതിയതായി പുനഃസംഘടിപ്പിക്കപ്പെട്ട സേവനസമിതിയും സംയുക്തമായി സമ്മേളിക്കുകയുണ്ടായി.

പുതിയ സേവനസമിതി അംഗങ്ങൾക്ക് സബ്സോൺ, മിനിസ്ട്രി തിരിച്ച് ഉത്തരവാദിത്വങ്ങൾ നൽകപ്പെട്ടു. വിവിധ പദ്ധതികളെക്കുറിച്ച് സംയുക്തമായി ചർച്ചകൾ നടത്തി.

**ജൂബിലേവൂസ് 2026 - സഹസ്രദിന ചെയിൻപ്രാർത്ഥന**

2024 ഓഗസ്റ്റ് 8-ാം തീയതി കാഞ്ഞിരപ്പള്ളി സെന്റ് ഡോമിനിക്സ് കത്തീഡ്രൽ പള്ളിയിൽ വച്ച് ഈ മാസത്തെ സഹസ്രദിന മദ്ധ്യസ്ഥപ്രാർത്ഥനയ്ക്ക് ജൂബിലി തിരിതെളിച്ചുകൊണ്ട് ആർച്ച് പ്രീസ്റ്റ് റവ. ഫാ. വർഗ്ഗീസ് പരിന്തിരിക്കൽ ആമുഖസന്ദേശം നൽകി. തുടർന്ന് കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ പെരിയ ബഹു. ജോസഫ് വെള്ളമറ്റം അച്ചൻ അനുഗ്രഹപ്രഭാഷണം നടത്തി. കൂടാതെ രൂപതാ കരിസ്മാറ്റിക് ഡയറക്ടർ ഫാ. കുര്യാക്കോസ് വടക്കേടത്ത് വചനസന്ദേശം കൊടുത്തു. പിന്നീട് കാഞ്ഞിരപ്പള്ളി സബ്സോൺ ആനിമേറ്റർ ബഹു. ഫാ. ജോസുകുട്ടി ഇടത്തിനകം ദിവ്യബലി അർപ്പിച്ച് സമാപനാശീർവാദം നൽകി.

**LSS ഓൺലൈൻ പരിശീലനം**

2024 ഓഗസ്റ്റ് 12, 19 തീയതികളിൽ ലൈഫ് ഇൻ ദി സ്പിരിറ്റ് സെമിനാർ ഓൺലൈനിൽ നടത്തപ്പെട്ടു.

**തുവാനിസാ മിനിസ്ട്രി**

എല്ലാ ദിവസവും പ്രഭാതത്തിൽ ബഹു. ഡയറക്ടറച്ചന്റെ വചനസന്ദേശം വാട്ട്സ് ആപ്പ് ഗ്രൂപ്പിൽ നൽകിവരുന്നു. പ്രത്യേകനിയോഗം വച്ച് അംഗങ്ങൾ ജപമാല പ്രാർത്ഥന ചൊല്ലി ഗ്രൂപ്പിൽ ഷെയർ ചെയ്യുന്നു.

**ബൈബിൾ ദൈവശാസ്ത്ര ഡിപ്ലോമാ കോഴ്സ്**

2024 ഓഗസ്റ്റ് 17-ാം തീയതി കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്ററിൽ രൂപതാ തലത്തിൽ കരിസ്മാറ്റിക് നേതൃത്വം നൽകിവരുന്ന ബൈബിൾ ഡിപ്ലോമാ കോഴ്സ് നടത്തപ്പെട്ടു. അടുത്ത ക്ലാസ് 2024 സെപ്റ്റംബർ 21-ാം തീയതി ഉണ്ടായിരിക്കുന്നതാണ്. ഡയറക്ടർ ഡോ.

ആന്റണി ചെല്ലന്തറ അച്ചൻ ക്ലാസുകൾക്ക് നേതൃത്വം കൊടുക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ മിനിസ്ട്രി**

മാസത്തിലെ എല്ലാ ചൊവ്വാഴ്ചകളിലും കാഞ്ഞിരപ്പള്ളി കുന്നും ഭാഗം സെന്റ് ജോസഫ്സ് പള്ളിയിൽ രാവിലെ 10 മണി മുതൽ 1 മണി വരെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തപ്പെടുന്നു. കൂടാതെ എല്ലാ ദിവ സവും വാട്സ് ആപ്പ് ഗ്രൂപ്പുവഴി KCSC നൽകുന്ന പ്രത്യേക നിയോഗ പ്രാർത്ഥനകൾ നൽകുന്നു.

**ആവേ മരിയാ ശുശ്രൂഷ**

കാഞ്ഞിരപ്പള്ളി രൂപതയുടെ പഴയകൊരട്ടി ആവേ മരിയാ പ്രാർത്ഥനാലയത്തിൽ 02-08-2024 ആദ്യവെള്ളിയാഴ്ച ഏകദിനധ്യാന ത്തിൽ ഫാ. കുര്യാക്കോസ് വടക്കേടത്ത് ദിവ്യബലി അർപ്പിച്ച് വചന സന്ദേശം നല്കി. 2024 ഓഗസ്റ്റ് മാസത്തെ വെള്ളിയാഴ്ച ശുശ്രൂഷ കൾക്ക് മുണ്ടക്കയം സബ്സോൺ നേതൃത്വം വഹിച്ചു. 14-08-2024 ൽ മുണ്ടക്കയം സബ്സോണിന്റെ നേതൃത്വത്തിൽ അഖണ്ഡ ജപമാല, രാത്രി ആരാധന എന്നീ ശുശ്രൂഷകൾ സെന്റ് മേരീസ് ലത്തീൻ പള്ളിയിൽ നടത്തപ്പെട്ടു. 24-08-2024 ൽ മുണ്ടക്കയം സബ്സോൺ സേവനസമിതി പ്രാർത്ഥനാദിനമായി ആചരിച്ചു. മറ്റ് സബ് സോണുകളിലും സേവനസമിതി ഒരുമിച്ചുകൂടി കർമ്മപദ്ധതികൾക്ക് രൂപം നൽകി വരുന്നു.

**ഹൈറേഞ്ച് വാർത്തകൾ**

**കട്ടപ്പന സോണിന് പുതിയ നേതൃത്വം ഉത്തരവാദിത്വങ്ങൾ**

സോണൽ സേവന സമിതി അംഗങ്ങളുടെ പേര്, ഇടവക, ഫോൺ നമ്പർ, ഉത്തവാദിത്വങ്ങൾ, എന്ന ക്രമത്തിൽ

1. സണ്ണി വരകുകാലായിൽ തങ്കമണി 8078180835 കോഡിനേറ്റർ, ജീവജാല
2. സിബിച്ചൻ (സന്തോഷ് ) പുത്തേട്ട് കൽത്തൊട്ടി 9446818308 സെക്രട്ടറി, കട്ടപ്പന സബ്സോൺ.
3. ജോജി ( ഉണ്ണി) ചോക്കാട്ട് വാഴവര 9947585830 ട്രഷറർ , പാരീഷ് - LSS, കുമളി സബ്സോൺ.

4. സിബിച്ചൻ പീടികപറമ്പിൽ വെള്ളാരംകുന്ന് 9744243404 കെറിഗ്മ , ഉപ്പുതറ സബ്സോൺ.
5. ബിനു കളത്തുക്കുന്നേൽ എഴുകുംവയൽ 8281757726 മദ്ധ്യസ്ഥ പ്രാർത്ഥന, നെടുങ്കണ്ടം സബ്സോൺ.
6. ഷാജി കിഴക്കേനാത്ത് അണക്കര 9562986635 YU4C, മീഡിയ , കല്ലാർ സബ്സോൺ.
7. ജാൻസി ജോസ് തഴവൻക്കോട്ടവിള ചീന്തലാർ 9744713276 ഫിനാൻസ്, പാമ്പനാർ സബ്സോൺ.
8. അൽഫോൻസ തുരുത്തിയിൽ സ്വരാജ്, 8547071850 ലോർഡ്സ് കപ്പിൾസ്, ഇരട്ടയാർ സബ്സോൺ.
9. ഇറ്റാലിയ ഐസക്ക് വെള്ളക്കുന്നത്ത് കല്ലാർ 6282815942 തുവാനിസ, മരിയൻ സിംഗിൾസ്, അണക്കര സബ്സോൺ.

എന്നിങ്ങനെ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കപ്പെട്ടു. YU4C സോൺ കോഡിനേറ്റർ ജസ്റ്റിൻ കരിമ്പനക്കൽ കാൽവരിമൗണ്ട് സേവന സമിതിയിൽ യുവജന പ്രതിനിധിയാകും.

**ജൂബിലേവൂസ് - 2026**

കരിസ്മാറ്റിക്ക് നവീകരണത്തിന്റെ ജൂബിലിയാഘോഷത്തിന്റെ സഹസ്രദിന പ്രാർത്ഥനാ ഒരുക്കം കട്ടപ്പന സോണിൽ എല്ലാ മാസവും 9-ാം തീയതി നടക്കും.

ആഗസ്റ്റ് മാസത്തിലെ ശുശ്രൂഷ നെടുങ്കണ്ടം സബ്സോണിലെ കോമ്പയർ ഉണ്ണിമിശിഹാ പള്ളിയിൽ നടന്നസോണൽ സർവ്വീസ് ടീം നേതൃത്വം നൽകി.

**നൈറ്റ് വിജിൽ**

കമ്പംമെട്ട് സെന്റ് ജോസഫ് ഇടവകയിൽ ആഗസ്റ്റ് 25 ഞായർ വൈകിട്ട് 7 മണി മുതൽ 26 തിങ്കൾ രാവിലെ 6 മണി വരെ ജാഗരണ ആരാധന നടന്നു.

**ശിഷ്യത്വ പരിശീലനം**

സോണൽ നേതൃത്വത്തിൽ ഉള്ളവർക്കായുള്ള ശിഷ്യത്വ

പരിശീലനത്തിന്റെ പതിമൂന്നാമത്തെ ക്ലാസ് ആഗസ്റ്റ് 23 വെള്ളിയാഴ്ച്ച വൈകിട്ട് 5:30- മുതൽ 9.00 വരെ കട്ടപ്പന സെന്റ് സ്റ്റീഫൻസ് പള്ളിയിൽ നടന്നു. ശ്രീ. വി.വി. അഗസ്റ്റിൻ ( ഇടുക്കി തങ്കച്ചായൻ ) ക്ലാസ് നയിച്ചു.

അണക്കര സബ് സോണിൽ എല്ലാ രണ്ടാം ബുധനാഴ്ചയും നടക്കുന്ന ശിഷ്യത്വ പരിശീലനത്തിൽ ശ്രീ. ജോർജ് കുമ്പിളുമൂട്ടിൽ ക്ലാസെടുക്കും.

**സബ് സോൺ സെമിനാറുകൾ**

അണക്കര സബ് സോണിൽ എല്ലാ മൂന്നാം വെള്ളിയാഴ്ച്ചയും 10 മുതൽ ഒരു മണി വരെ പുറ്റടിപ്പള്ളിയിൽ നടന്നു വരുന്നു.

കുമളി സബ് സോണിൽ മൂന്നാം വെള്ളി വൈകിട്ട് 6 മുതൽ മുരിക്കടി ഏയ്ഞ്ചൽ വാലി ധ്യാനകേന്ദ്രത്തിൽ നടന്നു വരുന്നു.

കല്ലാർ സബ് സോണിൽ എല്ലാ രണ്ടാം വെള്ളിയാഴ്ചയിലും കല്ലാർ മേരിഗിരിപ്പള്ളിയിൽ വൈകിട്ട് 4 മണി മുതലും കട്ടപ്പന സബ്സോണിൽ എല്ലാ രണ്ടാം വ്യാഴാഴ്ച രാവിലെ 10 മുതൽ ഇരുപതേക്കർ സെന്റ് ജോസഫ് പള്ളിയിലും ഇരട്ടയാർ സബ് സോൺ സെമിനാർ എല്ലാ രണ്ടാം ശനിയാഴ്ചയും രാവിലെ 10 മുതൽ 2 വരെ ഇരട്ടയാർ സെന്റ് തോമസ് പള്ളിയിലും നെടുങ്കണ്ടം സബ്സോൺ സെമിനാർ എല്ലാ മൂന്നാം ശനിയാഴ്ചയും രാവിലെ 9:30 മുതൽ 2 വരെ കരുണാ ധ്യാനകേന്ദ്രത്തിലും നടക്കുന്നു.

**മദ്ധ്യസ്ഥ പ്രാർത്ഥന**

അണക്കര സബ് സോണിൽ ആദ്യ വെള്ളിയാഴച 4 മുതൽ 6:30 വരെ ആമയാർ OCD ആശ്രമത്തിലും ഉപ്പുതറ സബ് സോണിൽ എല്ലാ വ്യാഴാഴ്ചയും പരപ്പ് ധ്യാന കേന്ദ്രത്തിലും കല്ലാർ സബ് സോണിൽ ആദ്യ ചൊവ്വാഴ്ചയും കുമളി സബ് സോണിൽ മൂന്നാം ഞായറാഴ്ചയും കട്ടപ്പന സബ് സോണിൽ എല്ലാ ഞായറാഴ്ചയും മദ്ധ്യസ്ഥ പ്രാർത്ഥന നടക്കുന്നു.

**ഫാ. കുര്യാക്കോസ് വടക്കേടത്ത്**
**ഡയറക്ടർ**

# മരിയൻ റിട്രീറ്റ് സെന്റർ

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

ഓഗസ്റ്റ് മാസം 3-ാം തീയതി രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഡയറക്ടർ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചന്റെ നേതൃത്വത്തിൽ ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തി. റവ. ഫാദർ റോബിൻസ് മറ്റത്തിൽ, റവ. ഫാദർ അനൂപ് പൊയ്യാനിയിൽ, റവ. ഫാദർ ചാക്കോച്ചൻ കളപ്പുരയിൽ, ബ്രദർ ജോസ്സി, ബ്രദർ വിൻവി എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

ഓഗസ്റ്റ് മാസം 4-ാം തീയതി ഞായറാഴ്ച മുതൽ 9-ാം തീയതി വെള്ളിയാഴ്ച വരെയും 10-ാം തീയതി ശനിയാഴ്ച മുതൽ 15-ാം തീയതി വ്യാഴാഴ്ച വരെയും മരിയൻ ധ്യാനകേന്ദ്രത്തിൽ വച്ച് താമസിച്ചുള്ള ധ്യാനങ്ങൾ നടത്തി.

**നാഷണൽ & ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

ഓഗസ്റ്റ് 17-ാം തീയതി ശനിയാഴ്ച മുതൽ 26-ാം തീയതി തിങ്കളാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേകം ധ്യാനങ്ങളും കൺവെൻഷനുകളും നടത്തി.

28-ാം തീയതി ബുധനാഴ്ച മുതൽ സെപ്റ്റംബർ മാസം 1-ാം തീയതി വരെ തീയതികളിൽ കുറവിലങ്ങാട് കൃപാഭിഷേകം കൺവെൻഷൻ തീർത്ഥാടന കേന്ദ്രമായ കുറവിലങ്ങാട് മർത്ത മറിയം പള്ളിയിൽ വച്ച് നടത്തി.

**കൃപാനുഭവ ഏകദിന ഉപവാസ കൺവെൻഷൻ**

ഓഗസ്റ്റ് മാസം 10,17,24,31 തീയതികളിൽ രാവിലെ 9 മണി മുതൽ വൈകുന്നേരം 3 മണി വരെ ഏകദിന കൺവെൻഷൻ മരിയൻ ധ്യാന കേന്ദ്രത്തിൽ വച്ച് നടത്തി. റവ. ഫാ. റോബിൻസ് മറ്റത്തിൽ, റവ. ഫാ. അനൂപ് പൊയ്യാനിയിൽ എന്നിവർ ശുശ്രൂഷകളിൽ സഹായിച്ചു.

**മദ്ധ്യസ്ഥ പ്രാർത്ഥനാ സഹായം**

ഞായർ ഒഴികെയുള്ള എല്ലാ ദിവസങ്ങളിലും രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ മധ്യസ്ഥപ്രാർത്ഥനാ സഹായത്തിനായി ഫോണിലൂടെ സംസാരിക്കുന്നതിനു സൗകര്യം ക്രമീകരിച്ചിരിക്കുന്നു. വിളിക്കേണ്ട ഫോൺ നമ്പറുകൾ: 04868-253300, 9656141917

**Grace Anointing in Shalom World TV**

Shalom World International TV യുടെ ചാനലിലൂടെ ബഹുമാനപ്പെട്ട ഡൊമിനിക് വാളന്മനാൽ അച്ചൻ GRACE ANOINTING എന്ന ഇംഗ്ലീഷ് ശുശ്രൂഷ എല്ലാ വെള്ളിയാഴ്ചകളിലും ഉച്ചകഴിഞ്ഞ് 3.30 ന് (ET/AEDT/ GMT, ശനിയാഴ്ച രാവിലെ 2 am IST) നടത്തുന്നു.

**Resurrection**

Resurrection എന്ന ശുശ്രൂഷയിലൂടെ ബഹു. ഡൊമിനിക് വാളന്മനാൽ അച്ചൻ, FrDominic Valanmanal എന്ന യൂട്യൂബ് ചാനലിലൂടെ ദൈവവചനം പങ്കുവെക്കുന്നു.

**കൃപാഭിഷേകം ടെലിവിഷൻ ശുശ്രൂഷകൾ**

എല്ലാ ആഴ്ചയിലും ശാലോം ടിവിയിൽ പറുദീസ എന്ന പേരിൽ ഞായർ ഉച്ചയ്ക്ക് 1:30നും, തിങ്കൾ വൈകിട്ട് 5 മണിക്കും, വ്യാഴം രാവിലെ 6:30 നും, കൂടാതെ ഗുഡ്നെസ് ടിവിയിൽ വെള്ളിയാഴ്ച രാവിലെ 6:30നും, ചൊവ്വാഴ്ച രാവിലെ 6:30നും ടെലിവിഷൻ ശുശ്രൂഷകൾ നടത്തുന്നു.

**അണക്കര മരിയൻ ധ്യാനകേന്ദ്രത്തിൽ വരും മാസത്തിൽ നടക്കുന്ന ശുശ്രൂഷകൾ**

**കൃപാഭിഷേകം ആദ്യശനി ബൈബിൾ കൺവെൻഷൻ**

സെപ്റ്റംബർ മാസം 7-ാം തീയതി രാവിലെ 9 മണി മുതൽ കൃപാഭിഷേക ആദ്യശനി ബൈബിൾ കൺവെൻഷൻ നടത്തപ്പെടുന്നു.

**കൃപാനുഭവ റെസിഡൻഷ്യൽ റിട്രീറ്റ്**

സെപ്റ്റംബർ മാസം 8-ാം തീയതി ഞായറാഴ്ച മുതൽ 13-ാം തീയതി വെള്ളിയാഴ്ച വരെ. ( Booking Date: 20th August)

സെപ്റ്റംബർ മാസം 15-ാം തീയതി ഞായറാഴ്ച മുതൽ 20-ാം തീയതി വെള്ളിയാഴ്ച വരെ. ( Booking Date: 26th August)

ധ്യാനത്തിന്റെ ബുക്കിങ്ങുകൾക്കു 04868-253300 എന്ന ഫോൺ നമ്പരിൽ ബന്ധപ്പെടുക.

**നാഷണൽ ആൻഡ് ഇന്റർനാഷണൽ കൃപാഭിഷേകം കൺവെൻഷൻസ്**

സെപ്റ്റംബർ മാസം 28-ാം തീയതി ശനിയാഴ്ച മുതൽ ഒക്ടോബർ മാസം 3-ാം തീയതി തിങ്കളാഴ്ച വരെ ഇന്റർനാഷണൽ കൃപാഭിഷേക ധ്യാനങ്ങളും കൺവൻഷനുകളും നടത്തപ്പെടുന്നു.

**ഫാ. ഡൊമിനിക് വാളന്മനാൽ**
**(ഡയറക്ടർ)**

**ഫാ. സ്കറിയ മറ്റത്തിൽ**
**(അസി. ഡയറക്ടർ)**



# സന്യസ്തർ

## കർമ്മലീത്താ സന്യാസിനി സമൂഹം (CMC)

- 10/8/24 ശനിയാഴ്ച പ്രോജക്ട് ജെംസ് കുട്ടികളുടെയും മാതാപിതാക്കളുടെയും സംഗമം നടത്തി. പ്രോജക്ട് ഡയറക്ടർ നിധിൻസർ ക്ലാസ്സെടുത്തു.
- പ്രോവിൻസിലെ ജൂണിയർ Sisters ന്റെ meeting 10, 11 തീയതികളിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് നടന്നു. ഫാ. തോമസ് കോഴിമല MCBS ക്ലാസ്സിന് നേതൃതം നൽകി.
- 15 ന് ഇന്ത്യൻ സ്വാതന്ത്ര്യദിനത്തിൽ കാഞ്ഞിരപ്പള്ളി സുവാറ ഡയറക്ടർ ഫാ. ഫിലിപ്പ് വട്ടയത്തിൽ പതാകയുയർത്തി. വിവിധഭാഷകളിൽ സ്വാതന്ത്ര്യദിനസന്ദേശം സിസ്റ്റേഴ്സ് നൽകി.
- ഒഡീഷ്യ - അമൽ ജ്യോതി റീജനിൽ നിന്ന് സി. കരീനായും സി. രാജശ്രീയും പ്രൊവിൻഷ്യൽ ഹൗസിൽ എത്തി. ആലുവായിൽ നടക്കുന്ന ഒരു മാസത്തെ കോഴ്സിന് 5 ജൂണിയർ സിസ്റ്റേഴ്സ് പങ്കെടുക്കുന്നു.
- 17-ാം തീയതി ആലുവ ജനറലേറ്റിൽ വച്ച് സി. അഞ്ചു മരിയ, സി. മരിയ റെയ്ച്ചൽ എന്നിവർ നിത്യവ്രതം ചെയ്തു. സീറോ മലബാർ മേജർ ആർച്ചു ബിഷപ്പ് മാർ റാഫേൽ തട്ടിൽ മുഖ്യകാർമികത്വം വഹിച്ചു.
- ആഗസ്റ്റ് മാസം 19, 20, 23, 24, 25, 26, 27, 28 തീയതികളിൽ പ്രൊവിൻഷ്യൽ ഹൗസിൽ വച്ച് സിസ്റ്റേഴ്സിന്റെ ബാച്ച്

ഒത്തുചേരൽ നടത്തി. ബഹുമാനപ്പെട്ട ഫാദർ തോമസ് കോഴിമല എം.സി.ബി. എസ് ക്ലാസിന് നേതൃത്വം നൽകി

- റാന്നി സിറ്റാഡൽ സ്കൂളിൽ വച്ച് നടത്തിയ ഇന്റർ സ്കൂൾ ദേശഭക്തിഗാനം മത്സരത്തിൽ പത്തനംതിട്ട മേരി മാതാ പബ്ലിക് സ്കൂൾ ഒന്നാം സ്ഥാനം നേടി.
- കാഞ്ഞിരപ്പള്ളി ഇൻഫന്റ് ജീസസ് സ്കൂളിൽ വച്ച് ഐ.സി.എസ്.ഇ സ്കൂൾ സംസ്ഥാനതല ചെസ് മത്സരം നടത്തി.
- സൈബർ എത്തിക്സിന്റെ ക്ലാസ് ഓൺലൈൻ പ്ലാറ്റ്ഫോമിൽ അമല പ്രോവിൻസിലെ എല്ലാ സ്കൂളിലെയും അധ്യാപകർക്കായി എം. സ്കറിയ സാർ (JCI India National Trainer) നൽകി.
- അമല പ്രൊവിൻസിലെ കാർമൽ ബഡ്സ് കുട്ടികൾക്കായും പ്രോജക്ട് ജെംസ് കുട്ടികൾക്കായും ഓൺലൈനായി മൂന്നു ദിവസത്തെ ധ്യാനം ഷിജോ സാറിന്റെ നേതൃത്വത്തിൽ നൽകി.
- എട്ടു മുതൽ 12 വരെ ക്ലാസ്സുകളിൽ പഠിക്കുന്ന ലോറേഞ്ചിലെ കുട്ടികൾക്കായി മികവ് എന്ന പ്രോഗ്രാം ഗൂഗിൾ പ്ലാറ്റ്ഫോമിൽ നൽകി. സിസ്റ്റർ ടെസ്സിൻ മരിയ നേതൃത്വം നൽകി.
- ഹൈറേഞ്ചിലെ സുസ്ഥിതി ഗ്രൂപ്പിലെ വിധവകൾക്കായി പ്രചോദിനി നടത്തി. സിസ്റ്റർ ടെസ്റ്റിൻ മരിയ, സി. ജ്യോതിസ് ലൂസി എന്നിവർ നേതൃത്വം നൽകി.
- സുസ്ഥിതി മെമ്പേഴ്സിന് വേണ്ടിയുള്ള Mighty minds ക്ലാസ് പതിനാലാം തീയതി ഗൂഗിൾ ഫ്ളാറ്റ് ഫോമിൽ നടത്തി. 20 പേർ പങ്കെടുത്തു. സിസ്റ്റർ റ്റെസിൻ മരിയ ക്ലാസിന് നേതൃത്വം നൽകി
- പതിനെട്ടാം തീയതി ലോറേഞ്ചിലെ വിധവകൾക്കായുള്ള പ്രചോദിനി മരിയൻ കൗൺസിലിംഗ് സെന്ററിൽ വച്ച് സിസ്റ്റർ ടെസ്സിൻ മരിയയുടെ നേതൃത്വത്തിൽ നടത്തി.

# ക്ലാരിസ്റ്റ് സന്യാസിനി സമൂഹം (FCC)

- വിശുദ്ധ ക്ലാരയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു.
- കാഞ്ഞിരപ്പള്ളി രൂപത പാസ്റ്ററൽ ആനിമേഷന്റെയും കാഞ്ഞിരപ്പള്ളി സി.ആർ.ഐ യൂണിറ്റിന്റെയും നേതൃത്വത്തിൽ നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് ബഹുമാനപ്പെട്ട കുര്യൻ താമരശ്ശേരി അച്ചൻ നയിച്ച ക്ലാസിൽ 1999 മുതൽ 2005 വരെ ബാച്ചുകളിലുള്ള സിസ്റ്റേഴ്സ് പങ്കെടുത്തു.
- എരുമേലി നിർമ്മല പബ്ലിക് സ്കൂളിൽ K.C.S.L, Alphonsa Garden എന്നിവയുടെ ഉദ്ഘാടനം കാഞ്ഞിരപ്പള്ളി രൂപത വികാരി ജനറാൾ വെരി. റവ. ഫാ. ബോബി മണ്ണംപ്ലാക്കൽ അച്ചൻ നിർവ്വഹിച്ചു.
- സ്വരാജ് സെന്റ് പോൾ ഇടവകയിൽ സി. റ്റെസി മരിയ (Happy Home) ക്ലാസെടുത്തു.
- വെളിച്ചിയാനി സെന്റ് മേരിസ് കോൺവെന്റിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങൾക്ക് തുടക്കം കുറിച്ചു. വെളിച്ചിയാനി സെന്റ് തോമസ് ഫൊറോന പള്ളി വികാരി റവ. ഫാ. ഇമ്മാനുവൽ മടക്കക്കുഴി കൃതജ്ഞതാ ബലിയർപ്പിച്ച് സന്ദേശം നൽകി.
- Jesus Fraternity യുടെ ആഭിമുഖ്യത്തിൽ എരുമേലി നിർമ്മല പബ്ലിക് സ്കൂളിലെ കുട്ടികൾ ജയിൽ സന്ദർശനം നടത്തുകയും അവർക്കായി ക്വിസ് മത്സരം നടത്തി സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.
- മ്ലാമല ഫാത്തിമമാതാ ഭവനാംഗമായിരുന്ന റവ.സി. വേറോനിക്ക പുളിക്കൽ (95) കർത്താവിൽ നിദ്ര പ്രാപിച്ചു. അമ്മയുടെ മൃതദേഹം പൊടിമറ്റം സെന്റ് മേരീസ് പള്ളി സെമിത്തേരിയിൽ സംസ്കരിച്ചു.
- സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തി. റവ. ഫാ. ജിന്റോ CSsR ക്ലാസെടുത്തു.

## ആരാധനാ സന്യാസിനി സമൂഹം (SABS)

- വി.അൽഫോൻസാമ്മയുടെ തിരുനാളിനോടനുബന്ധിച്ച് ഭരണങ്ങാനത്തിന് തീർത്ഥാടനം നടത്തി.
- പൊൻകുന്നം ഇടവകയിൽ ദിവ്യകാരുണ്യ സായാഹ്നം നടത്തി.
- സിസ്റ്റേഴ്സിനായി പൊടിമറ്റം നിർമ്മല തിയോളജിക്കൽ കോളേജിൽ വച്ച് സംഘടിപ്പിക്കപ്പെട്ട ഏകദിന സെമിനാറിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.
- വയനാട് പ്രകൃതിദുരന്തത്തിന് ഇരയായ നമ്മുടെ സഹോദരങ്ങൾക്ക് ധനസഹായം നല്കി.
- സ്വാതന്ത്ര്യദിനാഘോഷപരിപാടികളുടെ ഭാഗമായി AKJM സ്കൂളിലെ NSS കുട്ടികൾ സാൻജോ ഓൾഡേജ് ഹോമിലെത്തി പരിപാടികൾ അവതരിപ്പിക്കുകയും പ്രായമായ അമ്മമാർക്കൊപ്പം സ്നേഹവും സന്തോഷവും പങ്കുവയ്ക്കുകയും ചെയ്തു. കൂടാതെ ഇടയിരിക്കപ്പുഴ ഹെൽത്ത് സെന്ററിലെ മെഡിക്കൽ ടീമിന്റെ ആഭിമുഖ്യത്തിൽ സൗജന്യരോഗനിർണ്ണയ പരിശോധനക്യാമ്പും നടത്തപ്പെട്ടു.
- കാഞ്ഞിരപ്പള്ളി AKJM സ്കൂളിൽ നടത്തപ്പെട്ട ഇഗ്നേഷ്യസ് ലയോളയുടെ തിരുനാൾ ആഘോഷത്തിൽ സിസ്റ്റേഴ്സ് പങ്കെടുത്തു.

## സെന്റ് ജോൺ ഓഫ് ഗോഡ് സന്യാസിനി സമൂഹം (SCJG)

- സുപ്പീരിയർ ജനറൽ റവ. സി. നിർമ്മല കുര്യാക്കോസ് മാതിരപ്പള്ളി, അമ്മംകുളം ഭവനങ്ങളിൽ കാനോനിക സന്ദർശനം നടത്തി
- ഓഗസ്റ്റ് 18 മുതൽ 24 വരെ കട്ടപ്പന ജനറലേറ്റ് ഭവനത്തിൽ വച്ച് സിസ്റ്റേഴ്സിന്റെ രണ്ടാം ബാച്ച് വാർഷിക ധ്യാനം ക്ലരീഷ്യൻ സന്യാസ സമൂഹംഗമായ ഫാ. ജോയി ചെറാടിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു

- ഓഗസ്റ്റ് 23 മുതൽ 26 വരെ കളമശ്ശേരി രാജഗിരി ക്യാമ്പസിൽ വച്ച് ജീസസ് യൂത്തിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട കേരള ക്യാമ്പസ് കോൺഫ്രൻസിൽ സി. ആൻസ് മരിയ പങ്കെടുത്തു.
- ഓഗസ്റ്റ് 22 മുതൽ 25 വരെ പാലായിൽ വച്ച് നടത്തിയ മേജർ ആർക്കി എപ്പിസ്കോപ്പിൽ അസംബ്ലിയിൽ സുപ്പീരിയർ ജനറൽ റവ. സി. നിർമല കുര്യാക്കോസ് പങ്കെടുത്തു.
- ഓഗസ്റ്റ് മാസത്തിലെ ഞായറാഴ്ചകളിൽ വോയിസ് ഓഫ് നൺസിന്റെ നേതൃത്വത്തിൽ നടത്തപ്പെട്ട വെബിനറിൽ ജനറൽ ടീം പങ്കെടുത്തു.
- ഓഗസ്റ്റ് 24 ന് റവ. ഡോ. കുര്യൻ താമരശ്ശേരി വി. കുർബാനയെപ്പറ്റി സിസ്റ്റേഴ്സിന് ക്ലാസ് എടുത്തു
- ഓഗസ്റ്റ് 25 മുതൽ 28 വരെ സെൻകുളം ആവില എക്കോ സ്പിരിച്വാലിറ്റി സെന്ററിൽ വച്ച് സുപ്പീരിയേഴ്സ് മീറ്റിംഗ് നടത്തി.
- ഓഗസ്റ്റ് 31 ന് പി.ഒ.സി യിൽ വച്ച് നടത്തിയ കേരള കോൺഫ്രൻസ് ഓഫ് മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിങ്ങിൽ സുപ്പീരിയർ ജനറൽ റവ. സി. നിർമല കുര്യാക്കോസും അതിനോട് അനുബന്ധിച്ച് നടത്തിയ പഠനശിബിരത്തിൽ സി. ആൻസ് മരിയായും പങ്കെടുത്തു.

## തിരുഹൃദയ സന്യാസിനി സമൂഹം (SH)

- 27-29 തീയതികളിലായി റിന്യൂവൽ അസംബ്ലി നടത്തി.
- ബ. ജനറാളമ്മ സി. അൽഫോൻസ തോട്ടുങ്കലിന്റെ നാമഹേതുക തിരുനാൾ ആഘോഷത്തിൽ പ്രൊവിൻഷ്യൽ റ്റീം പങ്കെടുത്തു.
- തിരുഹൃദയ സന്യാസിനി സമൂഹം ഒരു പൊതുശ്രേഷ്ഠയുടെ കീഴിൽ ആയതിന്റെ സുവർണ്ണജൂബിലി ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ ടീമും ജനറൽ കൗൺസിലേഴ്സ് ആയിരുന്ന എല്ലാ സഹോദരിമാരും പങ്കെടുത്തു.

- കാഞ്ഞിരപ്പള്ളി എ.കെ.ജെ.എം. സ്കൂളിൽ ഇഗ്നേഷ്യസ് ലയോളയുടെ തിരുന്നാൾ ആഘോഷത്തിൽ സി. മേരി ഫിലിപ്പ്, സി. ജൂലിയ, സി. റ്റെസി ജോർജ് എന്നിവർ പങ്കെടുത്തു.
- പ്രൊവിൻഷ്യൽ ഹൗസിൽ സുപ്പീരിയേഴ്സ് മീറ്റ് നടത്തി.
- VJSSS കോർ ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ഉദയനഗർ വാഴ്ത്തപ്പെട്ട സി. റാണി മരിയ പള്ളിയിലേക്ക് നടത്തിയ തീർത്ഥാടനത്തിൽ സി. ലിസ്ബത്ത്, രഞ്ജിത് എന്നിവർ പങ്കെടുത്തു.
- വരുമാനദായകപദ്ധതിയുടെ ഭാഗമായി പഴയിടത്ത് വനിതകൾക്കായി വിമൽജ്യോതി സോഷ്യൽ സർവീസ് സൊസൈറ്റിയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തുമായി ചേർന്ന് സോപ്പുനിർമ്മാണ പരിശീലനം നടത്തി.
- കുട്ടിക്കാനം, വണ്ടൻപതാൽ എന്നിവിടങ്ങളിൽ വച്ച് സോഷ്യൽ വർക്ക് സോണൽ മീറ്റിംഗ് നടത്തി.
- സീനിയർ സിറ്റിസൺ ദിനത്തോടനുബന്ധിച്ച് പ്രായമായവരെ സന്ദർശിച്ച് സമ്മാനങ്ങൾ നല്കി ആദരിച്ചു.
- ജയിൽ മിനിസ്ട്രിയുടെ സോണൽ മീറ്റിംഗിൽ സി. ലിസ്ബത്ത്, സി. റ്റാനിയ എന്നിവർ പങ്കെടുത്തു.
- സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് കുട്ടികൾക്ക് പോസ്റ്റർ രചനാമത്സരം നടത്തി.
- എല്ലാ ഞായറാഴ്ചയും ലഹരിവിമുക്ത കൂട്ടായ്മ പൊടിമറ്റത്തുവച്ച് നടത്തുന്നു.
- ആശാകിരൺ പദ്ധതിയുടെ ഭാഗമായി 2 ക്യാൻസർ രോഗികൾക്ക് ചികിത്സാ സഹായം നല്കി.
- വിമൽജ്യോതി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ 27-ാമത്തെ വീട് ആനിക്കാട് പുല്ലാനിതകിടിയിൽ പണി പൂർത്തിയാക്കി വെഞ്ചരിച്ചു.
- Lev Shema കൗൺസലിംഗ് ആൻഡ് ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആഭിമുഖ്യത്തിൽ നിർമ്മല റിന്യൂവൽ സെന്ററിൽ മെമ്മറി

എൻഹാൻസിംഗ് ടെക്നിക്ക് ദ്വിദിന ക്ലാസ് നടത്തി.

- കോട്ടയം ജില്ലാ ജയിൽ സി. ഡോ. അന്നാ മരിയ സന്ദർശിച്ചു.
- പാലാ ഗാഡലുപ്പേ ലാറ്റിൻ ചർച്ചിൽ സി. ഡോ. അന്നാ മരിയായുടെ നേതൃത്വത്തിൽ വചനപ്രഘോഷണവും ആരാധനയും നടത്തി.
- നേര്യമംഗലത്ത് പതിനഞ്ചു ദിവസത്തെ എസ്.എച്ച്. കൾച്ചറൽ ധ്യാനത്തിൽ അഞ്ച് സിസ്റ്റേഴ്സ് പങ്കെടുത്തു.
- വിജയപുരം രൂപതയുടെ എരുമേലി ഫൊറോനയിൽ അൾത്താര ബാലന്മാർക്ക് സി. അഞ്ജു, സി. സേറ, സി. എവ്‌ലിൻ എന്നിവർ ക്ലാസ്സെടുത്തു.
- കളത്തിപ്പടി ധ്യാനകേന്ദ്രത്തിൽ ക്രിസ്റ്റീൻ ധ്യാന പരിശീലനത്തിൽ ആറ് സിസ്റ്റേഴ്സ് പങ്കെടുത്തു.

## സ്നേഹസ്മരണയ്ക്ക്



**റവ. സി. വേറോനിക്ക FCC**
**പുളിക്കൽ**

| | | |
|---|---|---|
| ജനനം | : | 23 - 06 - 1929 |
| ആദ്യവ്രതം | : | 22 - 04 - 1956 |
| നിത്യവ്രതം | : | 22 - 04 - 1959 |
| മരണം | : | 20 - 08 - 2024 |

# കെ.സി.എസ്.എൽ.

**ഏകദിന സെമിനാർ**

ആനിക്കാട്, ഇഞ്ചിയാനി, ചെങ്ങളം സ്കൂളുകളിൽ കുട്ടികൾക്കായി ഏകദിന സെമിനാർ നടത്തപ്പെട്ടു. നിരവധി കുട്ടികൾ ഈ സെമിനാറുകളിൽ പങ്കെടുത്തു.

**ലീഡേഴ്സ് മീറ്റ്**

കാഞ്ഞിരപ്പള്ളി രൂപത കെ.സി.എസ്.എൽ ലീഡേഴ്സ് മീറ്റും ഇലക്ഷനും 03/08/2024 ശനിയാഴ്ച കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് രാവിലെ 10.00 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ നടത്തപ്പെട്ടു. രൂപതയിലെ വിവിധ സ്കൂളുകളിൽ നിന്നുള്ള സ്റ്റുഡന്റ് ലീഡേഴ്സും, ആനിമേറ്റേഴ്സും ഇതിൽ പങ്കെടുത്തു.

**ഭാരവാഹികൾ**

| | |
|---|---|
| പ്രസിഡന്റ് : | ആഷ്‌ലിൻ അനീഷ് കണിക്കുന്നേൽ<br>സെന്റ് ജോർജ് HSS, കട്ടപ്പന |
| വൈസ് പ്രസിഡന്റ്: | അന്ന മരിയ ഫ്രാൻസിസ് കൊച്ചുകരിമ്പനാൽ<br>സെന്റ് ഡൊമിനിക്സ് HSS, കാഞ്ഞിരപ്പള്ളി |
| ജനറൽ സെക്രട്ടറി : | എയ്മി തെരേസ റ്റോണി കല്ലറയ്ക്കൽ<br>സെന്റ് മേരിസ് GHS, കാഞ്ഞിരപ്പള്ളി |
| ജോയിന്റ് സെക്രട്ടറി: | ക്ലെമന്റ് ജോസ് തെരുവംകുന്നേൽ<br>ഹോളി ഫാമിലി HS, ഇഞ്ചിയാനി |

| | | |
|---|---|---|
| ട്രഷറർ | : | ജൂലിയ ജോർജ് തെക്കേൽ<br>സെന്റ് ജോസഫ് HSS, പെരുവന്താനം |
| HSS പ്രതിനിധി | : | നോബിൾ ടെന്നിസൺ<br>സെന്റ് തോമസ് HSS, എരുമേലി |
| UP പ്രതിനിധി | : | 1. ഡോണ വർഗീസ് തുണ്ടിയിൽ<br>സെന്റ് തോമസ് UPS, കണമല<br>2. അഗസ്റ്റിൻ ജേക്കബ് കാട്ടൂർ<br>സെന്റ് തോമസ് UPS, കണമല |

**സംസ്ഥാനതല ലീഡേഴ്സ് മീറ്റ്**

കെ. സി. എസ്. എൽ സംസ്ഥാന തല ലീഡേഴ്സ് മീറ്റ് ഓഗസ്റ്റ് 19 തിങ്കളാഴ്ച വൈകിട്ട് 4 മണി മുതൽ 20 ചൊവ്വാഴ്ച ഉച്ചക്ക് 1 മണി വരെ പൊടിമറ്റം നിർമ്മല റിന്യൂവൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. സംസ്ഥാനത്തെ 12 ഓളം രൂപതകളിൽ നിന്നുള്ള തെരഞ്ഞെടുക്കപ്പെട്ട 100 ഓളം ലീഡേഴ്സ് ഈ മീറ്റിംഗിൽ പങ്കെടുത്തു.

**ഫാ. ജോർജ് അനന്തക്കാട്ട്**
**ഡയറക്ടർ**

# കത്തോലിക്കാ കോൺഗ്രസ് (A.K.C.C.)

**നേതൃസമ്മേളനം നടത്തി**

കത്തോലിക്കാ കോൺഗ്രസ് കാഞ്ഞിരപ്പള്ളി രൂപത നേതൃസമ്മേളനവും ഗ്ലോബൽ ഭാരവാഹികളുടെ സന്ദർശന പരിപാടികളും ആഗസ്റ്റ് 18 ഞായറാഴ്ച കാഞ്ഞിരപ്പള്ളി പാസ്റ്ററൽ സെന്റർ ഓഡിറ്റോറിയത്തിൽ നടന്നു. രൂപത വികാരി ജനറാൾ റവ. ഡോ. ജോസഫ് വെള്ളമറ്റം പതാക ഉയർത്തി. വർത്തമാന സമൂഹനിർമ്മിതിയിലും സമുദായ ശാക്തീകരണത്തിലും 'കത്തോലിക്കാ കോൺഗ്രസിന്റെ പ്രസക്തി' എന്ന വിഷയത്തിൽ കത്തോലിക്കാ കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിലും 'കത്തോലിക്കാ കോൺഗ്രസ് സമുദായ സംഘടന' എന്ന വിഷയത്തിൽ ഗ്ലോബൽ പ്രസിഡന്റ് രാജീവ് കൊച്ചുപറമ്പിലും ക്ലാസ് നയിച്ചു. തുടർന്ന് രൂപത പ്രസിഡന്റ് ബേബി കണ്ടത്തിൽ അദ്ധ്യക്ഷത വഹിച്ച പൊതുസമ്മേളനം രൂപത വികാരി ജനറാൾ ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി. ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ജെ. ഒഴുകയിൽ, വൈസ് പ്രസിഡന്റുമാരായ ജോമി കൊച്ചുപറമ്പിൽ, രാജേഷ് ജോൺ, ബെന്നി ആന്റണി, ഗ്ലോബൽ സെക്രട്ടറി ആൻസമ്മ സാബു, ഗ്ലോബൽ സമിതിയംഗം ടെസി ബിജു പാഴിയാങ്കൽ, രൂപതാ ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ എന്നിവർ പ്രസംഗിച്ചു.

ഭാരവാഹികളായ സണ്ണിക്കുട്ടി അഴകംപ്രായിൽ, ഫിലിപ്പ് പള്ളിവാതുക്കൽ, സിനി ജിബു നീറനാക്കുന്നേൽ, ഡെയ്സി ജോർജുകുട്ടി, ആൻസമ്മ തോമസ്, സബിൻ ജോൺ, ജിൻസ് പള്ളിക്കമ്യാലിൽ, ജോസ് മാത്യു കല്ലൂരാത്ത്, ബിജു തോമസ്

ആലപ്പുരയ്ക്കൽ, ജാൻസി മാത്യു തുണ്ടത്തിൽ, അനിത ജസ്റ്റിൻ, സച്ചിൻ വെട്ടിയാങ്കൽ, ജോബി തെക്കുംചേരിക്കുന്നേൽ, തോമസ് ചെമ്മരപ്പള്ളി തുടങ്ങിയവർ നേതൃത്വം നൽകി.

**ഫൊറോന സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് വെളിച്ചിയാനി ഫൊറോന സമ്മേളനവും ഭാരവാഹികളുടെ സത്യപ്രതിജ്ഞയും ആഗസ്റ്റ് 11 ഞായറാഴ്ച പാലമ്പ്ര ഗദ്സമേനി ഇടവക പാരീഷ് ഹാളിൽ നടന്നു. ഫൊറോന പ്രസിഡന്റ് ടോമി ജോസഫ് നീറുവേലിൽ അദ്ധ്യക്ഷത വഹിച്ച സമ്മേളനം വികാരി ഫാ. ജിയോ കണ്ണംകുളം ഉദ്ഘാടനം ചെയ്തു. രൂപത ഡയറക്ടർ ഫാ. മാത്യു പാലക്കുടി ആമുഖസന്ദേശം നൽകി, ഭാരവാഹികൾക്ക് സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. എയ്‌ലൻ മാർട്ടിൻ ചീരമറ്റം പ്രാർത്ഥനാഗാനം ആലപിച്ചു. മുൻ രൂപത വൈസ് പ്രസിഡന്റ് പി.സി. ജോസഫ് പാറടിയിലിനെ യോഗത്തിൽ ആദരിച്ചു. രൂപത പ്രസിഡന്റ് ബേബി കണ്ടത്തിൽ, ഗ്ലോബൽ വൈസ് പ്രസിഡന്റ് ജോമി കൊച്ചുപറമ്പിൽ, രൂപത ജനറൽ സെക്രട്ടറി ജോസഫ് പണ്ടാരക്കളം, ട്രഷറർ ജോജോ തെക്കുംചേരിക്കുന്നേൽ, രൂപത സമിതിയംഗം സെബാസ്റ്റ്യൻ വട്ടക്കുന്നേൽ, ഫൊറോന എക്സിക്യൂട്ടീവ് അംഗം രഞ്ജിത് മുക്കുങ്കൽ എന്നിവർ പ്രസംഗിച്ചു.

എരുമേലി ഫൊറോന സമിതിയോഗം 11-08-2024 എരുത്വാപ്പുഴ ഉണ്ണിമിശിഹാപള്ളി പാരീഷ്ഹാളിൽ പ്രസിഡന്റ് ബിജു തേനംമാക്കലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന് 18-08-2024 ൽ കാഞ്ഞിരപ്പള്ളിയിൽ നടക്കുന്ന നേതൃസമ്മേളനത്തിൽ എരുമേലി ഫൊറോനയിൽ നിന്ന് പരമാവധി അംഗങ്ങളെ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു. രൂപത പ്രസിഡന്റ് ബേബി കണ്ടത്തിൽ ഉദ്ഘാടനം ചെയ്തു.

**ഫിലിം ഷോ നടത്തി**

കത്തോലിക്കാ കോൺഗ്രസ് കൊല്ലമുള യൂണിറ്റിന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുള്ള ഫണ്ട് ശേഖരണാർത്ഥം "The Hope" എന്ന സോദ്ദേശ കുടുംബചലച്ചിത്രം 11-08-2024 ഞായറാഴ്ച കൊല്ലമുള ലിറ്റിൽ

ഫ്ളവർ സ്കൂൾ ഓഡിറ്റോറിയത്തിൽ പ്രദർശനം നടത്തി. യൂണിറ്റ് ഡയറക്ടർ ഫാ. മാത്യു കല്ലറയ്ക്കൽ പ്രദർശനം ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് ബിജു തേനംമാക്കൽ, സെക്രട്ടറി ജോഷി ഞൊണ്ടിമാക്കൽ, ട്രഷറർ ബിനി കാട്ടാമ്പള്ളി തുടങ്ങിയവർ നേതൃത്വം നൽകി.

**വീടുകൾ പുനർനിർമ്മിച്ചു**

കത്തോലിക്കാ കോൺഗ്രസ് കൊല്ലമുള യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ ഇടവകയിലെ രണ്ടു നിർധനകുടുംബങ്ങളുടെ ജീർണ്ണാവസ്ഥയിലായിരുന്ന വീടുകൾ പുനർനിർമ്മിച്ച് വാസയോഗ്യമാക്കി നൽകി. വീടുകളുടെ താക്കോൽദാനം വികാരി ഫാ. മാത്യു കല്ലറയ്ക്കൽ നിർവഹിച്ചു. ഭാരവാഹികളായ ബിജു സ്കറിയ തേനംമാക്കൽ, ജോഷി ജെയിംസ് ഞൊണ്ടിമാക്കൽ, ബിനി ചെറിയാൻ കാട്ടാമ്പള്ളി, സണ്ണി ജോസഫ് കൈപ്പടാകരി, അനുമോൾ വെട്ടിക്കാലായിൽ, റോസമ്മ എബ്രഹാം തൈപ്പറമ്പിൽ തുടങ്ങിയവർ നേതൃത്വം നൽകി.

കത്തോലിക്കാ കോൺഗ്രസ് കത്തീഡ്രൽ യൂണിറ്റിന്റെ നേതൃത്വത്തിൽ ദേശീയ പാതയിൽ കാഞ്ഞിരപ്പള്ളി മേഖലയിലുള്ള സൈൻ ബോർഡുകൾ വൃത്തിയാക്കി. വികാരി ഫാ. വർഗീസ് പരിന്തിരിക്കൽ ഉദ്ഘാടനം ചെയ്തു.

**ചേനപ്പാടി യൂണിറ്റ്**

കത്തോലിക്കാ കോൺഗ്രസിന്റെ പുതിയ യൂണിറ്റ് ചേനപ്പാടി തരകനാട്ടുകുന്ന് സെന്റ് ആന്റണീസ് ഇടവകയിൽ ആരംഭിച്ചു. വികാരി ഫാ. ബെന്നി കൊടിമരത്തുംമൂട്ടിൽ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ രൂപത ഡയറക്ടർ പുതിയ അംഗങ്ങൾക്ക് അംഗത്വവും നിയമാവലിയും നൽകി. ഭാരവാഹികളായി ജോബിൻ പുറയാറ്റ് (പ്രസിഡന്റ്), ബൈജു വടക്കേതകിടി (സെക്രട്ടറി), സാജൻ പുന്നമറ്റം (ട്രഷറർ), ഷിബു നടുവിലേടത്ത് (വൈസ് പ്രസിഡന്റ്), ഡെന്നീസ് പനച്ചയിൽ (ജോ. സെക്രട്ടറി) എന്നിവരടങ്ങുന്ന കമ്മിറ്റിയെ തിരഞ്ഞെടുത്തു.

**ഫാ. മാത്യു പാലക്കുടി**
**ഡയറക്ടർ**

# തേനി മിഷൻ വാർത്തകൾ

**തേനി മിഷൻ**

- അന്നാനഗർ, സുക്കാൻഗൽപട്ടി എന്നീ ഗ്രാമങ്ങളിൽ നടക്കുന്ന ട്യൂഷൻ സെന്ററുകൾ സന്ദർശിക്കുകയും കുട്ടികൾക്കും, ടീച്ചേഴ്സിനും വേണ്ട നിർദ്ദേശങ്ങൾ നല്കുകയും ചെയ്തു. ഭവന സന്ദർശനങ്ങൾ നടത്തി. അവശ്യ വസ്തുക്കൾ മറ്റു ആവശ്യങ്ങൾ എന്നിവ വേണ്ടവർക്ക് അത് ലഭ്യമാക്കാൻ പ്രത്യേകം ശ്രദ്ധിക്കുന്നു. ഭക്ഷണം ഇല്ലാതെ വിഷമിക്കുന്ന ഏതാനും കുടുംബങ്ങളിൽ ഭക്ഷണം എത്തിച്ചു നൽകി. ഞായറാഴ്ചകളിൽ പള്ളിയിൽ വരാൻ സാധ്യത ഉള്ളവരെ അതിനു പ്രോത്സാഹിപ്പിച്ച് കൊണ്ടുവരുന്നു.
- നിർമല കോളനിയിൽ പുതിയതായി കുട്ടികൾക്ക് tuition ആരംഭിക്കണം എന്ന ഗ്രാമവാസികളുടെ അഭ്യർഥന അനുസരിച്ച് അതിനു വേണ്ട ക്രമീകരണങ്ങൾ തുടങ്ങി.

**കമ്പം മിഷൻ**

- ജൂലൈ 27 നു grandparents day ആഘോഷിച്ച് അവരെ ആദരിച്ചു.
- ആഗസ്റ്റ് 3 ന്റെ മരിയ വിയാനി തിരുനാൾ ആഘോഷം ആഗസ്റ്റ് 4 ഞായറാഴ്ച നടത്തി.

- ആഗസ്റ്റ് 4 ന് Night dress & inskirt തയ്യൽ പരിശീലനം കമ്പം S H സെന്ററിൽ നൽകി.
- ആഗസ്റ്റ് 5 ന് കമ്പം സ്വദേശിനി നിർമല എന്ന 72 വയസുള്ള അമ്മയെ പാലപ്ര ലിസ്യൂ ഭവനിൽ ചേർത്തു.
- ആഗസ്റ്റ് 5 ന് അട്ടപ്പള്ളം ഇടവകയിൽ നിന്ന് കൊണ്ടുവന്ന തുണികൾ ഗ്രാമവാസികൾക്ക് കൈമാറി.
- ആഗസ്റ്റ് 13 ന് S H സെന്ററിൽ ജപമാല പ്രാർത്ഥന നടത്തി.
- ആഗസ്റ്റ് 16 ന് hairband project മായി കമ്പമെട്ട് ഇടവകയിൽ എത്തി വികാരിയച്ചന്റെയും ആനിമേറ്ററുടെയും സാന്നിധ്യത്തിൽ മാതൃവേദി ഭാരവാഹികളുമായി കൂടിക്കാഴ്ച നടത്തി.
- ഭവനങ്ങളിലും കമ്പം SH സെന്ററിലും കൗൺസിലിംഗ് നല്കി വരുന്നു.

**ഫാ. തോമസ് കാഞ്ഞിരക്കാട്ട്**
**(ഡയറക്ടർ)**

**ഫാ. ഷാൻ ആയല്ലൂർ**
**(അസി. ഡയറക്ടർ)**

# മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ

**മിഷൻ ഹോസ്പിറ്റലുകൾ ദൈവ സ്നേഹത്തിന്റെ മുഖമാവണം: മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ**

മിഷൻ ഹോസ്പിറ്റലുകൾ ദൈവ സ്നേഹത്തിന്റെ മുഖമാണെന്നും പ്രത്യേകിച്ച് തോട്ടം മേഖലയിൽ പ്രവർത്തിക്കുന്ന മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ ആതുര സേവനത്തിന്റെയും ദൈവസ്നേഹത്തിന്റെയും മുഖമാണെന്നും സീറോ മലബാർ മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ. MMT ഹോസ്പിറ്റലിൽ പുതുതായി ആരംഭിച്ച എമർജൻസി ഡിപ്പാർട്ട്മെന്റും മദർ & ചൈൽഡ് കെയർ സെന്ററും സന്ദർശിക്കുകയായിരുന്നു അദ്ദേഹം. ഡയാലിസിസ് രോഗികളെയും മറ്റ് കിടപ്പ് രോഗികളെയും സന്ദർശിച്ച് പ്രാർത്ഥിക്കുകയും ചെയ്തു. ആതുരശുശ്രൂഷ സഭയുടെ ഏറ്റവും പ്രധാന ശുശ്രൂഷയാണെന്നും അത് വളരെ നല്ല രീതിയിൽ കാഞ്ഞിരപ്പള്ളി രൂപതയുടെ നേതൃത്വത്തിൽ MMT ഹോസ്പിറ്റൽ ചെയ്യുന്നുണ്ടെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. സാധാരണക്കാരെയും സാമ്പത്തികമായി പിന്നോക്കാവസ്ഥയിൽ നില്ക്കുന്നവരെയും എപ്പോഴും ചേർത്ത് നിർത്താൻ കഴിയണമെന്നും മേജർ ആർച്ച് ബിഷപ്പ് ഉദ്ബോധിപ്പിച്ചു. കാഞ്ഞിരപ്പള്ളി രൂപത അധ്യക്ഷൻ മാർ ജോസ് പുളിക്കൽ പിതാവ്, MMT ഹോസ്പിറ്റൽ ഡയറക്ടർ ഫാദർ സോജി തോമസ് കന്നാലിൽ, MMT അഡ്മിനിസ്ട്രേറ്റർ ഫാദർ ദീപു പുത്തൻപുരയ്ക്കൽ, MMT അസിസ്റ്റന്റ് ഡയറക്ടർ ഫാദർ സിജു ഞള്ളിമാക്കൽ, സ്പിരിച്വൽ ഡയറക്ടർ റവ. ഫാദർ ജേക്കബ് മന്നാംപുറത്ത്, സ്റ്റാഫ് അംഗങ്ങൾ തുടങ്ങിയവർ ചേർന്നാണ് മേജർ ആർച്ച് ബിഷപ്പിനെ MMT ഹോസ്പിറ്റലിൽ സ്വീകരിച്ചത്.

**സ്നേഹത്തിന്റെ കട**

ഡയാലിസിസ് രോഗികൾക്ക് കൈത്താങ്ങ് ആകുക എന്ന ലക്ഷ്യത്തോടെ ഹോസ്പിറ്റലിന്റെ 'ഹാൻഡ് ഫോർ ഡയാലിസിസ്' പദ്ധതിയുടെ ഭാഗമായി 'സ്നേഹത്തിന്റെ കട' ആരംഭിച്ചു.

മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിൽ അംഗങ്ങൾ എത്തിച്ചു നൽകുന്ന സ്നേഹ ഉപഹാരങ്ങൾ ഹോസ്പിറ്റലിൽ പ്രത്യേകമായി ഒരുക്കിയിരിക്കുന്ന സ്റ്റാൾ വഴി പൊതുജനങ്ങളിലേക്ക് എത്തിക്കുകയും, അതുവഴി ലഭ്യമാകുന്ന ധനശേഖരണം നിർധനരായ ഡയാലിസിസ് രോഗികളുടെ ചികിത്സയ്ക്കായി ഉപയോഗപ്പെടുത്തുകയും ചെയ്യുന്നു. പദ്ധതിയുടെ ഉദ്ഘാടനം ഹോസ്പിറ്റൽ ഡയറക്ടർ ഫാ. സോജി തോമസ് കന്നാലിൽ നിർവഹിച്ചു.

**ലോക ഹെപ്പറ്റൈറ്റിസ് ദിനം**

ലോക ഹെപ്പറ്റൈറ്റിസ് ദിനത്തോട് അനുബന്ധിച്ച് കുട്ടിക്കാനം മരിയൻ കോളേജിലും മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിലും ബോധവത്ക്കരണ ക്ലാസ് നടത്തി. കുട്ടിക്കാനം മരിയൻ കോളേജിൽ വച്ച് നടത്തപ്പെട്ട ബോധവൽക്കരണ ക്ലാസ് കോളേജ് പ്രിൻസിപ്പൽ പ്രൊഫസർ ഡോ. അജിമോൻ ജോർജ് ഉദ്ഘാടനം ചെയ്തു. മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ കമ്മ്യൂണിറ്റി മെഡിസിൻ വിഭാഗം മേധാവി ഡോക്ടർ ക്രിസ്റ്റി മരിയ (MBBS, MD കമ്മ്യൂണിറ്റി മെഡിസിൻ) ക്ലാസുകൾ നയിച്ചു.

**സ്വാതന്ത്ര്യ ദിനാഘോഷവും മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ആചരിച്ചു.**

പരിശുദ്ധ ദൈവമാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഭാരതത്തിന്റെ 78-ാം സ്വാതന്ത്ര്യദിനവും എം.എം.ടി ഹോസ്പിറ്റലിൽ ആചരിച്ചു. ആഘോഷമായ വിശുദ്ധ കുർബാനയ്ക്കു ശേഷം ഹോസ്പിറ്റൽ അങ്കണത്തിൽ ഹവിൽദാർ സോജൻ വി. ജോസഫ് വള്ളിപ്പറമ്പിൽ (artillery regiment) ദേശീയ പതാക ഉയർത്തി. 24 വർഷത്തെ സ്തുത്യർഹമായ രാജ്യസേവനത്തിന് ശേഷം വിരമിച്ച

ഹവിൽദാർ സോജൻ വി. ജോസഫിനെ എം.എം.ടി ഹോസ്പിറ്റൽ ഡയറക്ടർ ഫാദർ സോജി തോമസ്, അഡ്മിനിസ്ട്രേറ്റർ ഫാദർ ദീപു ആന്റണി എന്നിവർ ചേർന്ന് പൊന്നാട അണിയിച്ച് ആദരിച്ചു. എം.എം.ടി സ്കൂൾ ഓഫ് നേഴ്സിങ് വിദ്യാർത്ഥികളുടെ വിവിധ കലാപരിപാടികൾ ആഘോഷ പരിപാടികൾ വർണ്ണാഭമാക്കി.

**മൂന്ന് മാസത്തെ പരിശീലന ക്ലാസിനു തുടക്കം കുറിച്ചുകൊണ്ട് മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റൽ**

മുണ്ടക്കയം മെഡിക്കൽ ട്രസ്റ്റ് ഹോസ്പിറ്റലിന്റെയും റോട്ടറി ക്ലബ് കാഞ്ഞിരപ്പള്ളിയുടെയും സംയുക്ത ആഭിമുഖ്യത്തിൽ ശരീര താപം നിലനിർത്തുന്നതിനെപ്പറ്റി 2024 ജൂലൈ 13 ശനിയാഴ്ച 10:30 മുതൽ 12 മണി വരെ റോട്ടറി ക്ലബ്ബിൽ ക്ലാസ്സ് നടത്തപ്പെട്ടു.

ശരീര താപം ഉല്പാദിപ്പിക്കുന്നതെങ്ങനെ, ശരീര താപം നഷ്ടപ്പെടുന്നതെങ്ങനെ തുടങ്ങിയ വിഷയങ്ങളെപ്പറ്റിയാണ് MMT ഹോസ്പിറ്റൽ ചീഫ് നഴ്സിംഗ് ഓഫീസർ സിസ്റ്റർ ആഷ മാത്യു ക്ലാസ്സ് നടത്തിയത്. ക്ലബ് പ്രസിഡന്റ് തോമസ് പറമ്പിൽ മറ്റു ക്ലബ് അംഗങ്ങളും ചേർന്നാണ് ക്ലാസിനു നേതൃത്വം നൽകിയത്.

**ഓർത്തോ മെഡിക്കൽ ക്യാമ്പ് - കമ്പംമെട്ട്**

എം.എം.ടി ഹോസ്പിറ്റലിന്റെയും സെന്റ് ജോസഫ് ചർച്ച് കമ്പംമെട്ട് പിതൃവേദിയുടെയും സംയുക്താഭിമുഖ്യത്തിൽ 2024 ഓഗസ്റ്റ് 18 ഞായറാഴ്ച രാവിലെ 8.30 മുതൽ 4.00 വരെ സെന്റ് ജോസഫ് ചർച്ച് പാരീഷ് ഹാളിൽ സൗജന്യ ഓർത്തോ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു. മെഡിക്കൽ ക്യാമ്പ് ഉദ്ഘാടനം കമ്പംമെട്ട് സെന്റ് ജോസഫ് ഇടവക വികാരി ബഹുമാനപ്പെട്ട ജോർജ് തെരുവംകുന്നേൽ അച്ചൻ നിർവഹിച്ചു. MMT ഹോസ്പിറ്റൽ ഓർത്തോപീഡിക് വിഭാഗം ഡോക്ടർ അരുൾ സേവ്യർ (MBBS, MS), ഹോസ്പിറ്റൽ പി.ആർ.ഒ അരുൺ എബ്രഹാം എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി. ക്യാമ്പിൽ ഫിസിയോതെറാപ്പി, യൂറിക് ആസിഡ്

പരിശോധന, ബോൺ മിനറൽ ഡെൻസിറ്റി പരിശോധന, മരുന്നുകൾ എന്നിവ സൗജന്യമായി നൽകി.

**സൗജന്യ സ്ത്രീരോഗ മെഡിക്കൽ ക്യാമ്പ് - കോരുത്തോട്**

എം.എം.ടി ഹോസ്പിറ്റലിന്റെയും കോരുത്തോട് സെന്റ് ജോർജ് ഇടവക SMYM യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ 2024 ഓഗസ്റ്റ് 04 ഞായറാഴ്ച രാവിലെ 8.30 മുതൽ 1.00 വരെ കോരുത്തോട് കരുണാഭവൻ ആശുപത്രിയിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് നടത്തപ്പെട്ടു.

മെഡിക്കൽ ക്യാമ്പ് ഇടവക വികാരി ബഹുമാനപ്പെട്ട സക്കറിയാസ് ഇല്ലിക്കമുറിയിൽ അച്ചൻ ഉദ്ഘാടനം ചെയ്തു. എം.എം.ടി ഹോസ്പിറ്റൽ, സീനിയർ കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ഡോ.സി. റോസ് മാവേലിക്കുന്നേൽ MBBS, DGO. കൺസൾട്ടന്റ് ഗൈനക്കോളജിസ്റ്റ് ഡോ. ദിവ്യ. ബി MBBS,MS,DNB, സ്റ്റെഫി ബേയർ, SMYM ആനിമേറ്റർ ഡോ. സി. റോസ് പോൾ, പ്രസിഡന്റ് ഡൈലിഷ് ജോൺസൻ, ട്രഷറർ അജോ, SMYM മീഡിയ കോർഡിനേറ്റർ ഷോൺ ജോസഫ് എന്നിവർ ക്യാമ്പിന് നേതൃത്വം നൽകി.

**പീഡിയാട്രിക് ബോധവൽക്കരണ ക്ലാസ്**

എം.എം.ടി ഹോസ്പിറ്റലിന്റെയും കാളകെട്ടി നിർമ്മല ഇംഗ്ലീഷ് മീഡിയം LP സ്കൂളിന്റെയും ആഭിമുഖ്യത്തിൽ കുട്ടികളുടെ പോഷകാഹാരക്രമത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങളെപ്പറ്റി മാതാപിതാക്കൾക്കായി ബോധവൽക്കരണ ക്ലാസ് നടത്തപ്പെട്ടു. MMT ഹോസ്പിറ്റൽ പീഡിയാട്രിക് വിഭാഗം ഡോ. സി. റ്റാനിയ ജോർജ് ക്ലാസുകൾക്ക് നേതൃത്വം നൽകി. ബോധവൽക്കരണ ക്ലാസ് കാളകെട്ടി നിർമ്മല എൽ.പി സ്കൂൾ പ്രിൻസിപ്പൽ സി. വിമല SABS ഉദ്ഘാടനം ചെയ്തു.

**ഫാ. ജോസഫ് കന്നാലിൽ**
**ഡയറക്ടർ**

# ഡി.സി.എം.എസ്.

- ആഗസ്റ്റ് 8-ാം തീയതി വ്യാഴാഴ്ച കോട്ടയം വിമലഗിരി കത്തീഡ്രലിൽ വച്ച് ഡി.സി.എം.എസ്. സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് കൊച്ചുപറമ്പിലിന്റെ അനുസ്മരണദിനാചരണം നടത്തി. രൂപതയിൽ നിന്നും പ്രസിഡന്റും ഡയറക്ടറും പങ്കെടുത്തു.
- ആഗസ്റ്റ് 10 ഡി.സി.എം.എസ്. സംസ്ഥാനതലത്തിൽ കോട്ടയം ഗാന്ധി സ്ക്വയറിൽ വച്ച് കരിദിനാചരണം നടത്തി. അന്നേദിവസത്തെ കരിദിനാചരണത്തിൽ രൂപതയിൽനിന്നും ഡയറക്ടർ, പ്രസിഡന്റ് മറ്റു പ്രതിനിധികൾ പങ്കെടുത്തു.
- ആഗസ്റ്റ് 11 ഞായറാഴ്ച വൈകിട്ട് 6 മണി മുതൽ ആനിക്കാട് സെന്റ് മേരീസ് ഇടവകയിൽ ഡി.സി.എം.എസ്. കുടുംബസംഗമം നടത്തി. വികാരി ഫാ. ജോസ് മംഗലത്തിൽ, അസി. വികാരി, പ്രസിഡന്റ് വിൻസെന്റ്, മറ്റ് യൂണിറ്റ് ഭാരവാഹികൾ നേതൃത്വം നൽകി. ഇടവകയിൽ നിന്നുള്ള ഡി.സി.എം.എസ്. സമൂഹത്തിലെ റ്റീച്ചേഴ്സിനെ ആദരിച്ചു. വിവിധ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു.

**ഫാ. ജോസുകുട്ടി ഇടത്തിനകം**
**ഡയറക്ടർ**

# ലീജിയൻ ഓഫ് മേരി

ലീജിയൻ ഓഫ് മേരി കാഞ്ഞിരപ്പള്ളി കമ്മീസിയത്തിന്റെ 463-ാമതും കൂരിയായുടെ 920-ാമതും സമ്മേളനം 2024 ഓഗസ്റ്റ് 10-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് പ്രസിഡന്റ് സി. ലൂസി ജോസഫ് തെക്കേവയലിന്റെ അദ്ധ്യക്ഷതയിൽ കൂടി.

പ്രാരംഭപ്രാർത്ഥനയും ജപമാലയും കഴിഞ്ഞ് ലീജിയൻ നിയമഗ്രന്ഥത്തിൽ നിന്നും അദ്ധ്യക്ഷ ജ്ഞാനവായന നടത്തി. മുൻസമ്മേളനത്തിന്റെ മിനിറ്റ്സ് സെക്രട്ടറി ബ്ര. ജേക്കബ് തോമസ് ചെറിയമുക്കട വായിച്ചു. സമ്മേളനത്തിൽ ഹാജരായ ആത്മീയ നിയന്താവ് വെരി റവ. ഡോ. ജോസഫ് വെള്ളമറ്റത്തിൽ അച്ചനും, കമ്മീസിയം ഭാരവാഹികൾക്കും കൂരിയ, പ്രസീദിയം ഭാരവാഹികൾക്കും മറ്റ് സൈനികർക്കും അദ്ധ്യക്ഷ പരിശുദ്ധ അമ്മയുടെ നാമത്തിൽ സ്വാഗതം ആശംസിച്ചു.

ആത്മീയ നിയന്താവിന്റെ പ്രഭാഷണത്തിൽ ലീജിയൻ നിയമഗ്രന്ഥം അനുസരിച്ചു ജീവിക്കുന്നവരുടെ ഒരു കൂട്ടായ്മ ആയിരിക്കണം ലീജിയൻ സൈനീകരെന്നും മാതാവിനോട് ചേർന്ന് വേണം പ്രവർത്തിക്കാനെന്നും ഓർമ്മിപ്പിച്ചു

ലീജിയൻ നിയമഗ്രന്ഥം അധ്യായം 39 പേജ് 430 "തിരുസഭയുടെ സമരങ്ങളിൽ മുമ്പിലുണ്ടാകണം, കാതോലികമായ സമസ്തവും സൈനികർ പ്രചരിപ്പിക്കണം" എന്ന ഭാഗം കണമല കൂരിയ പ്രസി. സി. ത്രേസ്യാമ്മ പ്ലാവനാക്കുഴി നയിച്ച ചർച്ചയിൽ മറ്റ് അംഗങ്ങളും പങ്കുചേർന്ന് സംസാരിച്ചു.



# ഫ്രാൻസിസ്കൻ അല്മായസഭ

ഫ്രാൻസിസ്കൻ അൽമായ സഭ പ്രതിമാസ രൂപതാതല യോഗം 11-08-2024 രണ്ടാം ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2.30 ന് പാസ്റ്ററൽ സെന്ററിലുള്ള രൂപതാ ഓഫീസിൽ കൂടി. രൂപതാ പ്രസിഡന്റ് ബ്രദർ ജോസ് തോമസ് വെട്ടത്ത് അദ്ധ്യക്ഷനായിരുന്നു. രൂപതാ ഡയറക്ടർ റവ. ഫാ. റോജോ പുരയിടത്തിൽ OFM (Conv.) സന്നിഹിതനായിരുന്നു.

പ്രാരംഭപ്രാർത്ഥനയ്ക്ക് ബ്രദർ ജോസഫ് ആന്റണി മറ്റപ്പറമ്പിൽ നേതൃത്വം നൽകി. ഫ്രാൻസിസ്കൻ അൽമായ സഭാംഗങ്ങൾ ഫ്രാൻസിസ്കൻ ചൈതന്യം ആഴത്തിൽ ഉൾക്കൊണ്ടുകൊണ്ട് ഇടവകതലത്തിലുള്ള പ്രവർത്തനങ്ങളിൽ സജീവപങ്കാളികളാകണമെന്ന് രൂപതാ പ്രസിഡന്റ് അദ്ധ്യക്ഷപ്രസംഗത്തിൽ ഉദ്ബോധിപ്പിച്ചു.

ആഗസ്റ്റ് 11-ാം തീയതി ക്ലാരപുണ്യവതിയുടെ തിരുനാളാണെന്നും ഫ്രാൻസിസ്ക്കൻ സഭാംഗങ്ങൾക്ക് ഇന്നേദിവസം

---

## ലീജിയൻ ഓഫ് മേരി

കമ്മീസിയത്തിന്റെ അടുത്ത സമ്മേളനം 2024 സെപ്റ്റംബർ 14-ാം തീയതി ശനിയാഴ്ച ഉച്ചകഴിഞ്ഞ് 2 മണിക്ക് രൂപതാ പാസ്റ്ററൽ സെന്റർ അനക്സിൽ വച്ച് കൂടുന്നതാണ്. സമാപനപ്രാർത്ഥനകൾ, ദൈവദാസൻ ഫ്രാങ്ക് ഡഫിനെ വിശുദ്ധനെന്ന് നാമകരണം ചെയ്യുന്നതിനുവേണ്ടിയുള്ള പ്രാർത്ഥന, ആശീർവാദം എന്നിവയോടെ സമ്മേളനം സമാപിച്ചു.

**സെക്രട്ടറി**

അനുഗ്രഹങ്ങൾ നിറഞ്ഞ ദിവസമാണെന്നും സൂചിപ്പിച്ചുകൊണ്ടായിരുന്നു രൂപതാ ഡയറക്ടറുടെ അനുഗ്രഹപ്രഭാഷണം.

രൂപതാ വൈസ് പ്രസിഡന്റ് സിസ്റ്റർ മോളി ജോസ് വാഴപ്പനാടി മുൻമാസ യോഗറിപ്പോർട്ട് അവതരിപ്പിച്ചു. ഓരോ ഭ്രാതൃത്വം അവരവരുടെ ഇടവകകളിൽ നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങൾ റിപ്പോർട്ട് ചെയ്തു. തുടർന്നു നടന്ന ചർച്ചയിൽ താഴെപറയുന്ന തീരുമാനങ്ങൾ കൈക്കൊണ്ടു.

എല്ലാ മാസങ്ങളിലേയും മൂന്നാമത്തെ വ്യാഴാഴ്ച ദിവസം ചെങ്കൽ നസ്രത്ത് ആശ്രമത്തിൽ (ആകാശപറവകളുടെ ആശ്രമം) ചെങ്കൽ ഭ്രാതൃത്വം നൽകിവരുന്ന പൊതിച്ചോറ് നൽകൽ പ്രോഗ്രാമിനെ രൂപതായോഗം അഭിനന്ദിച്ചു. 22-08-2024 ലെ പൊതിച്ചോറ് വിതരണത്തിൽ രൂപതാ ഡയറക്ടറും ഭാരവാഹികളും പങ്കാളികളായി.

വയനാട് ദുരന്ത ദുരിതാശ്വാസത്തിനായി രൂപതാതലത്തിൽ സമാഹരിക്കുന്ന ഫണ്ടിലേയ്ക്ക് ഫ്രാൻസിസ്ക്കൻ അൽമായസഭ കാഞ്ഞിരപ്പള്ളി രൂപതാ കമ്മറ്റിയുടെ ഭാഗമായി 15000 രൂപാ നൽകുവാൻ തീരുമാനിച്ചു.

രൂപതാ ഭാരവാഹികളുടെ ഭ്രാതൃത്വ സന്ദർശനങ്ങളുടെ ഭാഗമായി ആഗസ്റ്റ് 31 ന് ആനക്കല്ല്, സെപ്റ്റംബർ 1 ന് മുണ്ടക്കയം സെപ്റ്റംബർ 15 ന് ചിറക്കടവ്, ഒക്ടോബർ 4 ന് ആനക്കല്ല് എന്നിവിടങ്ങളിൽ സന്ദർശിക്കുവാൻ തീരുമാനിച്ചു.

ഫ്രാൻസിസ്ക്കൻ സഭാംഗങ്ങളുടെ അർത്ഥിസ്വീകരണവും സഭാവസ്ത്രസ്വീകരണവും രൂപതാതലത്തിൽ ഒരു കേന്ദ്രത്തിൽ വച്ച് നടത്തുന്നത് നല്ലതാണ് എന്ന് തീരുമാനിച്ചു.

രൂപതാ ഡയറക്ടറുടെ സമാപനാശീർവാദത്തോടുകൂടി യോഗം 4.30 ന് സമാപിച്ചു.

**സെക്രട്ടറി**



# വിൻസെൻഷ്യൻ വേദി

**സെൻട്രൽ കൗൺസിൽ യോഗം**

സെൻട്രൽ കൗൺസിലിന്റെ ഒരു സബ് കമ്മിറ്റിയോഗം 25-07-2024 11 മണിക്ക് സി.സി. ഓഫീസിൽ കൂടുകയുണ്ടായി. പ്രാരംഭപ്രാർത്ഥനയ്ക്കുശേഷം പ്രസിഡന്റ് സി.സി. ആത്മീയ ഉപദേഷ്ടാവ് ബഹുമാനപ്പെട്ട കത്തീഡ്രൽ ആർച്ച് പ്രീസ്റ്റ് വർഗീസ് പരിന്തിരിക്കൽ അച്ചന് സ്വാഗതം ആശംസിച്ചു. വിവിധ വിഷയങ്ങൾ ആലോചനാ വിഷയങ്ങളായി. സി.സി.യുടെ 2023-2024 വർഷത്തെ പ്രവർത്തന അവലോകനം കണക്കുകളുടെ അടിസ്ഥാനത്തിൽ പ്രസിഡന്റ് വിശദീകരിച്ചു. അച്ചൻ വിവിധ നിർദ്ദേശങ്ങൾ നൽകുകയുണ്ടായി. 45-50 വയസ് പ്രായമുള്ള വ്യക്തികളെ കണ്ടെത്തി അംഗസംഖ്യ വർദ്ധിപ്പിക്കണമെന്നും ഓസ്സാനാം വിദ്യാഭവന് ഫണ്ട് കണ്ടെത്തുന്നതിനും ജൂബിലി സ്മാരകമായി ഭവനങ്ങൾ നിർമ്മിക്കുന്നതിനും കോൺഫ്രൻസുകൾ അവരവരുടെ ഇടവകകളിലെ റിട്ടയർ ചെയ്ത വ്യക്തികളെ കണ്ടെത്തി സ്ഥിര സഹായകാംഗങ്ങൾ ആക്കണമെന്നും അഭിപ്രായപ്പെട്ടു.

**സംയുക്തസമ്മേളനങ്ങൾ**

അണക്കര എ.സി.യുടെ ഒരു സംയുക്തസമ്മേളനം 21-07-2024 ഞായറാഴ്ച ഒരു മണിക്ക് ചെല്ലാർകോവിൽ മാർ സ്ലീവാ പള്ളിയിൽ ജപമാലയോടെ ആരംഭിച്ചു. പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന ഇവയ്ക്കുശേഷം മാർസ്ലീവാ കോൺഫ്രൻസ് സെക്രട്ടറി ബ്രദർ ജോസഫ് മാത്യു തേനംമാക്കൽ സ്വാഗതം ആശംസിച്ചു. എ.സി.

പ്രസിഡന്റ് ബേബി ജോസഫ് മണപ്പാത്തുപറമ്പിൽ അദ്ധ്യക്ഷത വഹിച്ചു. എ.സി. സെക്രട്ടറി മാത്യു തോമസ് പൊട്ടനാനി റിപ്പോർട്ടും കണക്കും അവതരിപ്പിച്ചത് യോഗം പാസ്സാക്കി. ചെല്ലാർകോവിൽ മാർ സ്ലീവാ പള്ളി വികാരി റവ. ഫാ. ജെയിംസ് ഇലഞ്ഞിപ്പുറം അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. കോൺഫ്രൻസുകളുടെ റിപ്പോർട്ടും കണക്കവതരണവും നടത്തി. സി.സി. സെക്രട്ടറി ബ്രദർ സിബി മാത്യു കളപ്പുരയ്ക്കൽ യോഗത്തിന് ആശംസ അർപ്പിച്ചു. എ.സി. സെക്രട്ടറി ബ്രദർ മാത്യു തോമസ് പൊട്ടനാനി കൃതജ്ഞത പറഞ്ഞു. സമാപന പ്രാർത്ഥനയോടെ 30 അംഗങ്ങൾ പങ്കെടുത്ത യോഗം സമംഗളം പര്യവസാനിച്ചു.

മേരികുളം ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം മേരികുളം പള്ളി പാരീഷ് ഹാളിൽ 28-07-2024 ഞായറാഴ്ച 10.30 am ന് എ.സി. പ്രസിഡന്റ് ബ്ര. പി.ജെ. സെബാസ്റ്റ്യൻ, പള്ളിപ്പറമ്പിലിന്റെ അദ്ധ്യക്ഷതയിൽ കൂടി. മേരികുളം കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ബാബു കെ.കെ. യോഗത്തിന് സ്വാഗതം ആശംസിച്ചു. എ.സി. പ്രസിഡന്റ് അദ്ധ്യക്ഷ പ്രസംഗം നടത്തി. മേരികുളം പള്ളി വികാരി ബഹു. വർഗീസ് കുളംപള്ളിൽ സന്ദേശം നൽകി. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. സി.സി. വൈസ് പ്രസിഡന്റ് ബ്ര. സി.വി. ജോർജ് ചക്കാലയും സി.സി. സെക്രട്ടറി സിബി മാത്യു കളപ്പുരയ്ക്കലും യോഗത്തിന് ആശംസയർപ്പിച്ചു. എ.സി. സെക്രട്ടറി ജോസഫ് വട്ടക്കുന്നേൽ നന്ദി പറഞ്ഞു. 12.30 പി.എം. ന് യോഗം സമംഗളം പര്യവസാനിച്ചു.

കുമളി ഏരിയാ കൗൺസിലിന്റെ ഒരു സംയുക്ത സമ്മേളനം 28-07-2024 ഞായറാഴ്ച 3 pm ന് നസ്രാണിപുരം സെന്റ് മാത്യൂസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ പാരീഷ് ഹാളിൽ ജപമാലയോടെ ആരംഭിച്ചു. കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. കെ. ജോർജ് പ്രാരംഭപ്രാർത്ഥന, ജ്ഞാനവായന എന്നിവ നടത്തി. എ.സി. സെക്രട്ടറി ബ്ര. മാന്നാനം പ്രേംദാസ് സ്വാഗതം ആശംസിച്ചു. ബ.

വികാരി റവ. ഫാ. കുര്യൻ നരിതൂക്കിൽ സന്ദേശം നൽകി. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ മുഖ്യപ്രഭാഷണം നടത്തി. സി.സി. വൈസ് പ്രസിഡന്റ് ബ്ര. സി.വി. ജോർജ് ചക്കാലയ്ക്കൽ ആശംസ പറഞ്ഞു. സി.സി. സെക്രട്ടറി സിബി മാത്യു കളപ്പുരയ്ക്കൽ സി.സി. അറിയിപ്പുകൾ നൽകി. കോൺഫ്രൻസ് സെക്രട്ടറി ബ്ര. ബിജു പനന്തോട്ടം കൃതജ്ഞത രേഖപ്പെടുത്തി. 4.45 pm ന് യോഗം സമംഗളം പര്യവസാനിച്ചു.

കാഞ്ഞിരപ്പള്ളി എ.സി.യുടെ ഒരു സംയുക്ത സമ്മേളനം ആനക്കല്ല് സെന്റ് ആന്റണീസ് കോൺഫ്രൻസിന്റെ ആഭിമുഖ്യത്തിൽ 28-07-2024 ഞായറാഴ്ച 2.30 pm ന് സെന്റ് ആന്റണീസ് പബ്ലിക് സ്കൂൾ കോൺഫ്രൻസ് ഹാളിൽ വച്ച് കൂടുകയുണ്ടായി. ബ്ര. കെ.ജെ. തോമസ് കുന്നത്ത് പ്രാരംഭപ്രാർത്ഥനയും ബ്ര. ജോസ് ജൂലിയൻ വെള്ളക്കട ജ്ഞാനവായനയും നടത്തി. കോൺഫ്രൻസ് പ്രസിഡന്റ് ജോസ് മടുക്കക്കുഴി സ്വാഗതം ആശംസിച്ചു.

എ.സി. സെക്രട്ടറി ജോർജുകുട്ടി റിപ്പോർട്ട് അവതരിപ്പിച്ചു. അസി. വികാരി റവ. ഫാ. ജിനു പി. ജോൺ MSFS അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. അംഗം ബ്ര. മാത്തുക്കുട്ടി തൊമ്മിത്താഴെ സി.സി.യെ പ്രതിനിധീകരിച്ച് സി.സി. യോഗതീരുമാനങ്ങൾ യോഗത്തിൽ ചർച്ച ചെയ്യുകയും അവതരിപ്പിക്കുകയും ചെയ്തു. എ.സി. വൈസ് പ്രസിഡന്റ് ബ്ര. എം.ജെ. ഡോമിനിക് മടുക്കക്കുഴി ആശംസാ സന്ദേശം നടത്തി. കോൺഫ്രൻസുകളുടെ അവലോകനം നടത്തി. എ.സി. പ്രസിഡന്റ് അദ്ധ്യക്ഷത വഹിച്ച് സംസാരിച്ചു.

ഓസാനാം വിദ്യാഭവൻ സെക്രട്ടറി ബ്ര. തോമസ് പി. മാത്യു പന്തിരുവേലി ഓസാനാം വിദ്യാഭവനത്തെക്കുറിച്ച് സംസാരിച്ചു. ബ്ര. ബിജു ജോസഫ് ശൗര്യാംകുഴി കൃതജ്ഞത പ്രകാശിപ്പിച്ചു. ബ്ര. ജോബി മാത്യു ഉപസംഹാര പ്രാർത്ഥന നടത്തി. യോഗം 4.30 pm ന് സമംഗളം പര്യവസാനിച്ചു.

## സെൻട്രൽ കൗൺസിലിന്റെ വാർഷിക സമ്മേളനം

സെൻട്രൽ കൗൺസിലിന്റെ 2023-24 വർഷത്തെ വാർഷിക സമ്മേളനം 04-08-2024 ഞായറാഴ്ച രാവിലെ 9.30 ന് രജിസ്ട്രേഷനോടുകൂടി ആരംഭിച്ചു. 10 മണിക്ക് കുമളി എ.സി. സെക്രട്ടറി ബ്ര. മാന്നാനം പ്രേംദാസ് നയിച്ച ജപമാലയെ തുടർന്ന് 10.30 ന് യോഗ നടപടികൾ ആരംഭിച്ചു. കാഞ്ഞിരപ്പള്ളി കത്തീഡ്രൽ കോൺഫ്രൻസ് പ്രസിഡന്റ് ബ്ര. ബെന്നി ജോസഫ് അതിരക്കുളങ്ങര പ്രാരംഭപ്രാർത്ഥന നടത്തി. സി.സി. ഓഫീസ് സെക്രട്ടറി ബ്ര. സിബി മാത്യു കളപ്പുരയ്ക്കൽ വിൻസെൻഷ്യൻ കുടുംബത്തിലെ പരേതർക്കുവേണ്ടിയും വയനാട് ദുരന്തത്തിൽപ്പെട്ടവർക്കും മരണമടഞ്ഞവർക്കും വേണ്ടി വിൻസെന്റ് ഡി പോൾ സൊസൈറ്റി കേരള റീജിയന്റെ ആഹ്വാനപ്രകാരമുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും പരേതനായ മുൻ സി.സി. പ്രസിഡന്റ് ബ്ര. പി.റ്റി. മാത്യു പുതുപ്പറമ്പിലിന്റെ അനുസ്മരണവും നടത്തി. വെളിച്ചിയാനി സെന്റ് തോമസ് (L) കോൺഫ്രൻസ് പ്രസിഡന്റ് സി. ലിനു സുബിൻ കല്ലൂകുന്നേൽ ജ്ഞാനവായന നടത്തി. സി.സി. വൈസ് പ്രസിഡന്റ് മാത്യു സഖറിയാസ് തൂങ്കുഴി യോഗത്തിന് സ്വാഗതം ആശംസിച്ച് സംസാരിച്ചു. സി.സി. സെക്രട്ടറി ബ്ര. എം.ജെ. ജോസഫ് മണിക്കൊമ്പേൽ 2023-24 വർഷത്തെ വാർഷിക റിപ്പോർട്ട് അവതരണവും സി.സി. ട്രഷറർ ബ്ര. ജെയ്ക്കുട്ടി പോൾ റിപ്പോർട്ട് വർഷത്തെ കണക്ക് അവതരണവും നടത്തി. സി.സി. പ്രസിഡന്റ് ബ്ര. ജോൺ മാത്യു തൊമ്മിത്താഴെ അദ്ധ്യക്ഷപ്രസംഗം നടത്തി. അദ്ധ്യക്ഷപ്രസംഗത്തിൽ 45-50 പ്രായമുള്ളവരെ അവരുടെ വീടുകളിൽ പോയി കണ്ടെത്തി അംഗങ്ങളാക്കണമെന്നും ഓരോ അംഗവും രഹസ്യപിരിവ് തുക വർദ്ധിപ്പിക്കണമെന്നും പ്രസിഡന്റ് ഓർമ്മിപ്പിച്ചു. എട്ട് എ.സി. കളിൽ സംയുക്തയോഗങ്ങളിലും രണ്ട് എ.സി.കളിലെ എ.സി. മീറ്റിംഗുകളിലും പ്രസിഡന്റും മറ്റ് സി.സി. ഭാരവാഹികളും സംബന്ധിച്ചതായി പ്രസിഡന്റ് അറിയിച്ചു. സുവർണ്ണ ജൂബിലി സ്മാരകമായി അൻപത് വീടുകൾ വിവിധ

കോൺഫ്രൻസുകളുടെ നേതൃത്വത്തിൽ ജൂബിലി വർഷമായ 2027 ആകുമ്പോഴേക്കും ഭവനരഹിതരായ നിർദ്ധനർക്ക് നിർമ്മിച്ച് നൽകുന്നതിന് കോൺഫ്രൻസുകൾ മുൻകൈ എടുക്കണമെന്നും യോഗത്തെ അറിയിച്ചു. സി.സി. ആത്മീയ ഉപദേഷ്ടാവ് പെരിയ ബഹു. വർഗീസ് പരിന്തിരിക്കൽ തന്റെ ആമുഖ സന്ദേശത്തിൽ നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ സഹജീവികളോട് എങ്ങനെ കരുണ കാണിക്കാമെന്നും സഭയിലെ കരുണയുടെ മുഖമാണ് വിൻസെന്റ് ഡി പോൾ സൊസൈറ്റി അംഗങ്ങൾ എന്നും പറഞ്ഞു. ദരിദ്രരെ സഹായിക്കുക എന്ന പശ്ചാത്തലം മാറി എന്നും ഒരുവനെ അവന്റെ ഏകാന്തതയിൽ അവന് സാമീപ്യവും സമയവും നൽകി അവരെ കൂടെ കൂട്ടാൻ വിൻസെൻഷ്യൻ പ്രവർത്തകർ ഭവനസന്ദർശനം നടത്തേണ്ടത് ഇന്നിന്റെ ആവശ്യമാണെന്നും അച്ചൻ ഓർമ്മിപ്പിച്ചു.

അഭിവന്ദ്യ മാർ ജോസ് പുളിക്കൽ പിതാവ് ഉൽഘാടന കർമ്മം നിർവഹിച്ചു. പിതാവ് തന്റെ ഉൽഘാടന സന്ദേശത്തിൽ ചെറിയവൻ എന്ന സുവിശേഷത്തിലെ വിശേഷണം ആ ചെറിയവനിൽ ക്രിസ്തുവിനെ ദർശിക്കുവാൻ കഴിയുന്നവനാണ് യഥാർത്ഥ ക്രിസ്ത്യാനി എന്നും നമ്മുടെ സമ്പത്തും കഴിവും സമയവും മറ്റുള്ളവരുമായി പങ്കുവയ്ക്കുന്നതാണ് വിൻസെൻഷ്യൻ ചൈതന്യം എന്നും ആ പങ്കുവയ്ക്കലിന്റെ തിരിച്ചറിവാണ് വിൻസെന്റ് ഡി പോളിന്റെ ആദർശം. അതിന് തീക്ഷ്ണമായ സമർപ്പണമാണ് ആവശ്യം. സ്വർഗ്ഗസ്ഥനായ പിതാവിന്റെ കരുണയുടെ മുഖമാണ് ഈശോമിശിഹാ. കാരുണ്യപ്രവർത്തിയിലൂടെ ഇടവകയുടെ നല്ല മുഖങ്ങളാണ് ഓരോ വിൻസെൻഷ്യൻ പ്രവർത്തകൻ എന്നും പിതാവ് ഉദ്ബോധിപ്പിച്ചു. ഈ സംഘടനയിലൂടെ ഓരോ വിൻസെൻഷ്യനും ക്രിസ്തുശിഷ്യനാവുക എന്നതാണ് ആത്യന്തിക ലക്ഷ്യം എന്നും പിതാവ് പറഞ്ഞു. ആ ലക്ഷ്യത്തിനായി അടുത്ത തലമുറയെ കൂടെ ചേർത്തുപിടിക്കണമെന്നും പുതിയ അംഗങ്ങളെ കൂട്ടാൻ കഴിയാത്തതിന്റെ കാരണം വിശകലനം ചെയ്യണമെന്നും നമ്മുടെ പ്രവർത്തനങ്ങൾ മറ്റുള്ളവരെ സ്വാധീനിക്കുകയും അവർക്ക്

പ്രചോദനമായിത്തീരുകയും വേണം എന്നും പിതാവ് ഓർമ്മപ്പെടുത്തി. സുവർണ്ണജൂബിലി ആഘോഷങ്ങളുടെ ഭാഗമായി കോൺഫ്രൻസുകളുടെ ആഭിമുഖ്യത്തിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന നിർദ്ധനരായ ഭവനരഹിതർക്കുവേണ്ടിയുള്ള 50 വീടുകളുടെ ഭവനനിർമ്മാണ പദ്ധതിയും സുവർണ്ണജൂബിലി ആഘോഷത്തിന്റെ ഔദ്യോഗിക പ്രഖ്യാപനവും പിതാവ് നിർവ്വഹിച്ചു.

ഓസാനാം ബുള്ളറ്റിൻ ചീഫ് എഡിറ്റർ വി.റ്റി. കുരീപ്പുഴ മുഖ്യപ്രഭാഷണം നടത്തി. ദരിദ്രരെ മറക്കരുത് എന്നും കൊടുക്കേണ്ട സഹായം ഏറ്റം ചുരുങ്ങിയ സമയത്തിനുള്ളിൽ അത് നിർവ്വഹിക്കണമെന്നും നമ്മുടെ സാഹചര്യങ്ങളിൽ നിന്നുകൊണ്ട് ചെയ്യാൻ പറ്റുന്ന എല്ലാ കാര്യങ്ങളും ചെയ്യണമെന്നും യേശുക്രിസ്തുവിനോട് ചേർന്ന് ചെയ്യുമ്പോഴാണ് നമ്മുടെ കുറവുകൾ പരിഹരിക്കപ്പെടുക എന്നും യേശുക്രിസ്തുവിനെ പ്രതിയായിരിക്കണം നമ്മുടെ പ്രവർത്തികൾ എന്നും പറഞ്ഞു. നിങ്ങളുടെ മുമ്പിൽ വരുന്ന അർത്ഥികൾ നിങ്ങളുടെ യജമാനൻമാരാണ് എന്നും വിൻസെൻഷ്യൻ പ്രവർത്തകന് വേണ്ട ഒരു അരൂപിയാണ് എളിമ എന്നും അദ്ദേഹം ഓർമ്മപ്പെടുത്തി.

സി.സി. വൈസ് പ്രസിഡന്റ് ബ്ര. സി.വി. ജോർജ് ചക്കാലയ്ക്കൽ യോഗത്തിന് നന്ദി പ്രകാശിപ്പിച്ചു. സി.സി. ട്രഷറർ ബ്ര. വർഗീസ് ജോർജ് രണ്ടുപ്ലാക്കൽ സമാപനപ്രാർത്ഥന നടത്തി. ലൂർദ്ദ് ഹാളിൽ ക്രമീകരിച്ചിരുന്ന ഉച്ചഭക്ഷണത്തോടെ 400 ലധികം പേർ പങ്കെടുത്ത വാർഷികയോഗം 1.30 p.m. ന് സമംഗളം പര്യവസാനിച്ചു.

**സെക്രട്ടറി**

# ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

**ലഹരിവിമോചന ധ്യാനം**

തമ്പലക്കാട് പെനുവേൽ ധ്യാനകേന്ദ്രത്തിൽ വച്ച് ഓഗസ്റ്റ് 10 മുതൽ 17 വരെ തീയതികളിൽ നടത്തിയ ധ്യാനത്തിൽ 51 പേർ സംബന്ധിച്ചു. ഫാ. അലക്സാണ്ടർ കുരീക്കാട്ടിൽ, ഫാ. ജെയിംസ് പന്നാംകുഴി, ഫാ. ജെയിംസ് തെക്കുംചേരിക്കുന്നേൽ, ഫാ. സെബാസ്റ്റ്യൻ വെച്ചൂക്കരോട്ട് എന്നിവർ ക്ലാസ്, ധ്യാനം, ആരാധന, കൗൺസിലിംഗ്, ചർച്ച എന്നിവ വളരെ വിജയപ്രദമായി നടത്തി. കൂടാതെ സി. ടെസി മരിയ എഫ്.സി.സി., ശ്രീ. ജോർജുകുട്ടി ആഗസ്തി തുടങ്ങി എല്ലാ മാസവും ധ്യാനത്തിന് സഹായിച്ചുകൊണ്ടിരുന്ന എല്ലാവരും എത്തുകയും ധ്യാനദിവസങ്ങൾ വളരെ ഫലദായകമാക്കുകയും ചെയ്തു. ഫാ. സെബാസ്റ്റ്യൻ പെരുനിലം, ഫാ. ടോമി കൊല്ലംപറമ്പിൽ എന്നിവരുടെ പരിപൂർണ്ണ ഉത്തരവാദിത്വത്തിലാണ് ഏഴു ദിവസത്തെ ധ്യാനവും അനുബന്ധപരിപാടികളും നടത്തിയത്. 17-ാം തീയതി രാവിലെ ദിവ്യബലിയോടെ സമാപിച്ചു.

ഓഗസ്റ്റ് 6-ാം തീയതി ജീസസ് ഫ്രട്ടേണിറ്റിയുടെ കോട്ടയം സോണിന്റെ എക്സിക്യൂട്ടീവ് മീറ്റിംഗ് പാലാ അഡാർട്ടിൽ വച്ച് നടന്നു. സംസ്ഥാന ഡയറക്ടർ റവ. ഫാ. മാർട്ടിൻ സന്നിഹിതനായിരുന്നു. തദവസരത്തിൽ ജയിൽ പ്രേഷിതരുടെ മദ്ധ്യസ്ഥനായ വി. പാദ്രേ പീയോയുടെ തിരുനാൾ സമുചിതമായി ആഘോഷിച്ചു.

15-ാം തീയതി 10 മണിക്ക് സി. ടെസി മരിയയുടെ നേതൃത്വത്തിൽ എരുമേലി നിർമ്മല പബ്ളിക് സ്കൂളിലെ

# വിമല പബ്ലിക്കേഷൻസ്

**പുത്തൻപുസ്തകങ്ങൾ**

**1. അനുരഞ്ജനകൂദാശ : ഡോ. തോമസ് പൂവത്താനിക്കുന്നേൽ**

പേജ് :40/- വില: 25/- എഡിഷൻ:1

അനുരഞ്ജനകൂദാശയെക്കുറിച്ച് സഭാപിതാക്കന്മാരുടെ, ദൈവശാസ്ത്രപരവും, സഭാശാസ്ത്രപരവുമായ ചിന്തകളുടെ ലളിതമായ സമാഹാരം. കുമ്പസാരമെന്ന കൂദാശയുടെ അർത്ഥവും വ്യാപ്തിയും ആവശ്യകതയും വ്യക്തമാക്കുന്ന ആവിഷ്കരണം. കുട്ടികൾക്കും മുതിർന്നവർക്കും ഒരുപോലെ വേദോപദേശങ്ങൾക്ക് സഹായകരമായ രീതിയിൽ ചിട്ടപ്പെടുത്തിയിരിക്കുന്നു.

**2. Saint Mariam Thresia : Fr. Justin Mathiyath**

പേജ് :68/ വില: 60/ എഡിഷൻ:1

കുടുംബങ്ങളുടെ മധ്യസ്ഥയും, ആത്മീയ ധീരതയുടെ ആൾരൂപവും അതിജീവനത്തിന്റെ നേർസാക്ഷ്യവുമായ സഹനങ്ങളുടെ രാജകു

---

## ആരോഗ്യപുനരധിവാസ മദ്യവിരുദ്ധ സമിതി

കുട്ടികളോടൊപ്പം പൊൻകുന്നം ജയിൽ സന്ദർശിച്ചു. സ്വാതന്ത്ര്യദിനചിന്തകളെ അടിസ്ഥാനപ്പെടുത്തി ജയിൽ നിവാസികൾക്ക് ക്വിസ് മത്സരം നടത്തി. പങ്കെടുത്ത എല്ലാവർക്കും സമ്മാനങ്ങൾ നൽകി. കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. ഉച്ചഭക്ഷണത്തോടെ സമാപിച്ചു.

**ഫാ. സെബാസ്റ്റ്യൻ പെരുനിലം**
**ഡയറക്ടർ**

മാരി വിശുദ്ധ മറിയം ത്രേസ്യായുടെ ധീരജീവചരിത്രത്തിന്റെ ഇംഗ്ലീഷ് വിവർത്തനം. മനോഹരമായ ചിത്രങ്ങളുടെ അകമ്പടിയോടെ ലളിതമായ ഭാഷയിൽ ചിത്രീകരിച്ചിരിക്കുന്നു.

**3. നർമ്മം ഒരു ബോണസ് : എൻ. എസ് ഐസക്**

പേജ് :76/ വില: 90/ എഡിഷൻ:1

ചിരി ആരോഗ്യത്തിന്റെ താക്കോലാണ്. അതു ഹൃദയത്തിന് ആവശ്യമായ അമൃതതുല്യമായ ഒരു ഉത്തേജനൗഷധം കൂടിയാണെന്നാണ് പണ്ഡിതമതം. ഇതിൽ ചേർത്തിരിക്കുന്നവയെല്ലാം നുറുങ്ങുകഥകളായതുകൊണ്ട് യാത്രാവേളയിലും, വിശ്രമസമയത്തും, ബെഡ്റീഡിംഗിനും ഇതുപകരിക്കുമെന്നതിൽ സംശയമില്ല. ടെൻഷന്റെയും വിരസതയുടെയും മദ്ധ്യത്തിൽ ഈ ചെറുപുസ്തകം ഒരാശ്വാസമായോ ബോണസ്സായോ ഉപകരിക്കും.

**പുത്തൻ പതിപ്പുകൾ**

1. The Childrens Bible (4th Edi.) : Fr.Justin Mathiyath, Prof. M.J. Jince
2. Saint Dominic Savio : Aby Augustin
3. Saint Mother Theresa : Sr. Dr. Jeena Therese CMC
4. St. Alphonsa : Somi Jose Kodamullil
5. St. Therese of Lisieux : Aby Augustine
6. St. Antony of Padua : Mathew V. J Valiplakal
7. St. Fransis of Assisi : Rosna Jacob

**ഫാ. ജസ്റ്റിൻ മതിയത്ത്**
**ഡയറക്ടർ**

**പണിപ്പുരയിൽ**

1. സൗഖ്യാരാധന : ഫാ. നിബി കന്നായി
2. വിരലുകൾ പറഞ്ഞ കഥ : എൻ.എസ് ഐസക്

# Special Care Homes & Charitable Institutions (SEARCH)

**ആശാ നിലയം (എയ്ഞ്ചൽസ് വില്ലേജ്)**

ചെങ്കൽ എയ്ഞ്ചൽസ് വില്ലേജിൽ ഡിജിറ്റൽ ലേണിംഗ് ക്ലാസുകൾ ആരംഭിച്ചു. സ്പെഷ്യൽ സ്കൂളിലെ അധ്യാപന പഠനരീതിയോടൊപ്പം അമേരിക്കൻ മാതൃകയിലുള്ള അത്യാധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് രക്ഷിതാക്കളെ ചേർത്തുനിർത്തിയുള്ള പഠനരീതിയാണിത്. കാഞ്ഞിരപ്പള്ളി രൂപതാ വികാരി ജനറാൾ വെരി റവ. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ പൊൻകുന്നം വ്യാപാരി വ്യവസായി ഏകോപന സമിതി പ്രസിഡന്റ് ഡൊമിനിക് പറക്കാട്ടുകുന്നേൽ, ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ എന്നിവർ ചേർന്ന് ഡിജിറ്റൽ ക്ലാസ് റൂം പദ്ധതി ഉദ്ഘാടനം ചെയ്തു. ഡോ. ജിനോ അരുഷി, പ്രിൻസിപ്പൽ സി. ലിറ്റി സേവ്യർ SCJG, ശ്രീമതി സുശീല കുര്യാച്ചൻ തുടങ്ങിയവർ സംസാരിച്ചു.

**സ്വാതന്ത്ര്യദിനാഘോഷം**

ഭാരതത്തിന്റെ 78-ാം സ്വാതന്ത്ര്യദിനാചരണവും പരി. കന്യകാമറിയത്തിന്റെ സ്വർഗ്ഗാരോപണതിരുനാളും ആശാനിലയം സ്കൂളിലും ആഘോഷിച്ചു. 14-08-2024 സ്കൂൾ ഓഡിറ്റോറിയത്തിൽ ആരംഭിച്ച സ്വാതന്ത്ര്യദിനാഘോഷത്തിൽ സ്വാതന്ത്ര്യദിനത്തിന്റെ ഓർമ്മ പുതുക്കിക്കൊണ്ട് കുട്ടികൾ നൃത്തകലാരൂപം അവതരിപ്പിച്ചു. വയനാട്ടിലെ പ്രളയം, അർജുൻ എന്ന യുവാവിന്റെ ആകസ്മികമായ തിരോധാനം ഇവയെ അടിസ്ഥാനമാക്കി കുട്ടികൾ അവതരിപ്പിച്ച പരിപാടികൾ ഏറെ ശ്രദ്ധേയമായി. അവരെ ഇതിനുവേണ്ടി പരിശീലിപ്പിച്ച അധ്യാപകരെ പ്രത്യേകമായി അനുമോദിച്ചു. കോട്ടയം

ചൈൽഡ് വെൽഫെയർ കമ്മിറ്റി ചെയർമാൻ അരുൺ കുര്യൻ, വുമൺ ആന്റ് ചൈൽഡ് ഡെവലപ്പ്മെന്റ് ഓഫീസർ സ്വപ്ന ജി. എന്നിവർ ഈ പരിപാടിയിൽ മുഖ്യ അതിഥികൾ ആയിരുന്നു.

**നല്ല സമറായൻ ആശ്രമം**

ജീവിതത്തിൽ താളം തെറ്റിയ മനസ്സുകൾക്ക് കരുണയുടെയും കരുതലിന്റെയും കൈത്താങ്ങാകുവാൻ ആരംഭിച്ച നല്ല സമറായൻ ആശ്രമത്തിന്റെ 26-ാം വാർഷികം ആഗസ്റ്റ് 15 ന് സമുചിതമായി ആഘോഷിച്ചു. ഉച്ചകഴിഞ്ഞ് 2 മണിക്ക് ആഘോഷമായ കൃതജ്ഞതാബലിയെ തുടർന്ന് ബഹു. സെബാസ്റ്റ്യൻ ഇടക്കരോട്ട് അച്ചന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതുസമ്മേളനത്തിൽ ആശ്രമ ഡയറക്ടർ ഫാ. റോയി മാത്യു വടക്കേൽ ഏവരേയും ഹൃദയപൂർവം സ്വാഗതം ചെയ്തു. കാഞ്ഞിരപ്പള്ളി രൂപതാ സിഞ്ചെല്ലൂസ് പെരിയ ബഹു. ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ ഉദ്ഘാടനവും സി.എം.സി. അമലാ പ്രൊവിൻസിന്റെ സുപ്പീരിയർ ബഹു. സിസ്റ്റർ എലിസബത്ത് സാലി മുഖ്യപ്രഭാഷണവും നടത്തി. ആശ്രമത്തിന്റെ മാനേജർ സി. മരീന സി.എം.സി. കഴിഞ്ഞ ഒരു വർഷത്തെ പ്രവർത്തന റിപ്പോർട്ട് നവമാധ്യമസഹായത്തോടെ അവതരിപ്പിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർ ബിജു ചക്കാല ആശംസകൾ അർപ്പിച്ചു. ആശ്രമ കമ്മറ്റിഅംഗം റെജി കൊച്ചുകരിപ്പാപറമ്പിൽ ഏവർക്കും കൃതജ്ഞത രേഖപ്പെടുത്തി സംസാരിച്ചു. തുടർന്ന് ആശ്രമ മക്കളുടെയും സഹ സ്ഥാപനങ്ങളിലെ മക്കളുടെയും അയൽവാസി കളുടെയും വിവിധ കലാപരിപാടികൾ സമ്മേളനത്തിന് മാറ്റ് കൂട്ടി.

**ഫാ. റോയി മാത്യു വടക്കേൽ**
**ഡയറക്ടർ**

# മലനാട് ഡവലപ്പ്മെന്റ് സൊസൈറ്റി

## എം.എം.പി.എസ്. വാർഷിക പൊതുയോഗം

മലനാട് മിൽക്ക് പ്രൊഡ്യൂസേഴ്സ് സൊസൈറ്റി സംഘങ്ങളുടെ 2023-24 പ്രവർത്തനവർഷത്തെ വാർഷിക പൊതുയോഗം എം.ഡി.എസ്. ഓഡിറ്റോറിയത്തിൽ വച്ച് എം.എം.പി.എസ്. ഡയറക്ടർ റവ. ഫാ. തോമസ് മറ്റമുണ്ടയിലിന്റെ അധ്യക്ഷതയിൽ നടത്തപ്പെട്ടു. എം.എം.പി.എസ്. പ്രസിഡന്റ് പെരിയ ബഹു. ബോബി അലക്സ് മണ്ണംപ്ലാക്കൽ അച്ചൻ ഉദ്ഘാടനം നിർവഹിച്ചു. റവ. ഫാ. ജോസഫ് പുൽത്തകിടിയേൽ, മോൺ. ഫാ. ജോർജ് ആലുങ്കൽ, ഫാ. മാത്യു വാഴപ്പനാടി, ഡോ. സെബാസ്റ്റ്യൻ മണ്ണംപ്ലാക്കൽ, ഡോ.പി.വി. മാത്യു പ്ലാത്തറ, പ്രൊഫ. സാലിക്കുട്ടി തോമസ്, ജയകുമാർ മന്നത്ത്, എബ്രാഹം പൂവത്താനി എന്നിവർ പ്രസംഗിച്ചു. വിവിധ ക്ഷീര സംഘങ്ങളിൽ നിന്നായി 600 പ്രതിനിധികൾ പങ്കെടുത്തു.

## മലനാട് ക്ഷീരശ്രീ സ്വർണ്ണ പതക് അവാർഡ്

2023 - 2024 വർഷത്തിലെ ഫാ. മാത്യു വടക്കേമുറിയിൽ മെമ്മോറിയൽ മലനാട് ക്ഷീരശ്രീ സ്വർണ്ണ പതക് അവാർഡ് കൊച്ചറ ക്ഷീരോൽപ്പാദക സംഘത്തിലെ മെമ്പറായ ശ്രീമതി റീജ ബിൻസ് കണയങ്കൽ കരസ്ഥമാക്കി. 1,00,000/- രൂപയുടെ ക്യാഷ് അവാർഡും, പ്രശംസാഫലകവും നൽകി.

## മലനാട് ക്ഷീരശ്രീ രജത് പതക് അവാർഡ്

ഫാ. മാത്യു വടക്കേമുറിയിൽ മെമ്മോറിയൽ മലനാട് ക്ഷീരശ്രീ രജത് പതക് അവാർഡ് കടുക്കാസിറ്റി ക്ഷീരോൽപ്പാദക സംഘത്തിലെ മെമ്പറായ ശ്രീ. ബാബു ജോസഫ് ചിരട്ടവയലിൽ കരസ്ഥമാക്കി. 75,000/- രൂപയുടെ ക്യാഷ് അവാർഡും, പ്രശംസാഫലകവും നൽകി

## മലനാട് ക്ഷീരശ്രീ കാൻസി പതക് അവാർഡ്

ഫാ. മാത്യു വടക്കേമുറിയിൽ മെമ്മോറിയൽ മലനാട് ക്ഷീരശ്രീ കാൻസി പതക് അവാർഡ് മുരിക്കടി ക്ഷീരോൽപ്പാദക സംഘത്തിലെ മെമ്പറായ ശ്രീ. ബേബി സെബാസ്റ്റ്യൻ ഗണപതിപ്ലാക്കൽ കരസ്ഥമാക്കി. 50,000/- രൂപയുടെ ക്യാഷ് അവാർഡും, പ്രശംസാഫലകവും നൽകി.

മലനാട് ക്ഷീരശ്രീ നക്ഷത്ര പതക് ജേതാക്കളായ 10 പേർക്ക് 25,000/- രൂപാ വീതം സമ്മാനം നൽകി.

## ഫാ. മാത്യു വടക്കേമുറിയിൽ വിദ്യാഭ്യാസ അവാർഡ് വിതരണം

ഫാ. മാത്യു വടക്കേമുറിയിൽ മെമ്മോറിയൽ മലനാട് മിൽക്ക് വിദ്യാശ്രീ പുരസ്ക്കാറിന് അർഹയായ പ്ലസ് ടു പരീക്ഷയിൽ ഏറ്റവും കൂടുതൽ മാർക്കു നേടിയ കുട്ടിക്ക് 25,000/- രൂപയും എസ്.എസ്.എൽ.സി. പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് നേടിയവർക്ക് 10,000/- രൂപ വീതവും ക്യാഷ് അവാർഡും പുരസ്ക്കാരങ്ങളും നൽകി.

മികച്ച സംഘങ്ങൾക്കുള്ള എവർറോളിംഗ് ട്രോഫിയും ക്ഷീരകർഷകർക്കുള്ള വേനൽക്കാല ഇൻസെന്റീവും യോഗത്തിൽ വിതരണം ചെയ്തു.

## ഭവനനിർമ്മാണ സഹായം

നിർദ്ധനരായ ഭവനരഹിതർക്ക് വീട് നിർമ്മിക്കുവാൻ 5,35,000/- രൂപ ധനസഹായമായി നൽകി.

## മറ്റ് സഹായങ്ങൾ

ഭക്ഷ്യസഹായം, വിദ്യാഭ്യാസസഹായം, ഗ്രാമവികസനം എന്നീ ഇനങ്ങളിൽ സൊസൈറ്റി 5,27,055/- രൂപ ചിലവഴിച്ചു.

## മലനാട് ജീവകാരുണ്യ പദ്ധതി

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റി ഇടവകകൾ തോറും

നടപ്പിലാക്കുന്ന കരുതൽ, സാന്ത്വനം പദ്ധതികൾക്കായും ചികിത്സാസഹായമായും 4,09,450/- രൂപ ചിലവഴിച്ചു.

**കാലിത്തീറ്റ സബ്സിഡി**

മലനാട് ഡെവലപ്പ്മെന്റ് സൊസൈറ്റിയിൽ ഉത്പാദിപ്പിക്കുന്ന പോഷക സമൃദ്ധമായ കാലിത്തീറ്റ മലനാട് മിൽക്ക് സൊസൈറ്റികൾ വഴി സബ്സീഡി നിരക്കിൽ ക്ഷീരകർഷകർക്ക് വിതരണം ചെയ്തു വരുന്നു. മികച്ചയിനം കന്നുകുട്ടികളുടെ പരിപോഷണവും, ക്ഷീരകർഷകരുടെ വരുമാന വർദ്ധനവും ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ഈ പദ്ധതിക്കായി 3,10,960/- രൂപ ചിലവഴിച്ചു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**

**സെക്രട്ടറി**

# ഇൻഫാം

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല നിർവാഹക സമിതി യോഗം 2024 ഓഗസ്റ്റ് ഒന്നാം തീയതി ഉച്ചകഴിഞ്ഞ് രണ്ടുമണിക്ക് പാറത്തോട് കേന്ദ്ര ഓഫീസിൽ ചേർന്നു

- വീർ കിസാൻ ഭൂമിപുത്ര അവാർഡ് വിതരണം താലൂക്ക് തലത്തിൽ താഴെപ്പറയുന്ന തീയതികളിൽ നടന്നു.
  ഓഗസ്റ്റ് 10 ഉപ്പുതറ, ഓഗസ്റ്റ്11 കുമിളി, ഓഗസ്റ്റ് 11 കട്ടപ്പന, ഓഗസ്റ്റ് 14 പൊൻകുന്നം, ഓഗസ്റ്റ് 15 മുണ്ടിയെരുമ, ഓഗസ്റ്റ് 16 മുണ്ടക്കയം, ഓഗസ്റ്റ് 17 അണക്കര, ഓഗസ്റ്റ് 17 കാഞ്ഞിരപ്പള്ളി. ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല ഡയറക്ടറും, ജോയിൻ ഡയറക്ടർമാരും, എക്സിക്യൂട്ടീവ് അംഗങ്ങളും, താലൂക്ക് ഡയറക്ടർമാരും വിവിധ സ്ഥലങ്ങളിൽ നടന്ന പരിപാടികളിൽ പങ്കെടുത്തു താലൂക്ക് ഭാരവാഹികൾ പരിപാടികൾക്ക് നേതൃത്വം നൽകി.

- വെളിച്ചിയാനി-റാന്നി കാർഷിക താലൂക്കുകളിൽ വീടുകളിൽ എത്തി വീർ കിസാൻ ഭൂമിപുത്ര അവാർഡ് നൽകി 80 വയസ്സിനു മുകളിൽ പ്രായമുള്ള കർഷകരെ ആദരിച്ചു.

- ഇൻഫാം കാഞ്ഞിരപ്പള്ളി കാർഷിക ജില്ല നിർവാഹക സമിതി യോഗം ഓഗസ്റ്റ് 29 രാവിലെ 10:30 നു പാറത്തോട് കേന്ദ്ര ഓഫീസിൽ വച്ച് നടന്നു.

**ഫാ. തോമസ് മറ്റമുണ്ടയിൽ**
**ഡയറക്ടർ**

# പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റി

പീരുമേട് ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി ഗ്രാമ തലങ്ങളിൽ നടത്തിയ വിവിധ വികസനപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ.

**പിഡിഎസ് ഓർഗാനിക് സ്പൈസസ്**

**കോപ്പർ സൾഫേറ്റ് വിതരണം നടത്തി**

പി.ഡി.എസ് ഓർഗാനിക് സ്പൈസസിന്റെ ഇടുക്കി കോട്ടയം ജില്ലകളിലെ 2000 ജൈവകർഷകർക്ക് 4500 കിലോഗ്രാം കോപ്പർ സൾഫേറ്റ് വിതരണം ചെയ്തു.

**ബയോഫാക്ക് ഇന്ത്യ**

ബയോഫാക്ക് ഇന്ത്യ ആഗസ്റ്റ് മാസം 3,4,5 തീയതികളിൽ ഡൽഹിയിലെ നോയിഡയിൽ വച്ച് നടന്നു. പ്രസ്തുത പ്രോഗ്രാമിൽ പി.ഡി.എസ് ഓർഗാനിക് സ്പൈസസിനെ പ്രതിനിധീകരിച്ച് ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം, ബിനോജ് തോമസ്, ജേക്കബ് ജോസ്, സുബിൻ സാബു എന്നിവർ പങ്കെടുത്തു.

**കോഫി ബോർഡ് മീറ്റിംഗ്**

2024 ഓഗസ്റ്റ് ഏഴിന് തങ്കമണി ഫൊറോന ചർച്ച് പാരീഷ് ഹാളിൽ വച്ച് നടന്ന സെമിനാറിൽ പി.ഡി.എസ് നെ പ്രതിനിധീകരിച്ച് ലിബിൻ ജോസഫ്, റോയ് മാത്യു, നിതിൻ വി. പോൾ എന്നിവർ പങ്കെടുത്തു.

**കയറ്റുമതി:**

പി.ഡി.എസ് ഓർഗാനിക് സ്പൈസസിൽ നിന്നും കഴിഞ്ഞ മാസം നടന്ന കയറ്റുമതികൾ:

യു എസ് എ : 1, ഫ്രാൻസ് : 1, ബെൽജിയം : 1

**പി.ഡി.എസ് സഹ്യാദ്രി ആയുർവേദ ഡിവിഷൻ**

സഹ്യാദ്രിയുടെ അടുത്ത മാസത്തേക്കുള്ള ബുക്കിംഗ് രജിസ്റ്റർ ചെയ്തു. ഓ പി കൺസൽട്ടേഷൻ നടത്തുകയും ചെയ്തു.

ഓഗസ്റ്റ് 2 ന് സഹ്യാദ്രി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ആയുർവേദയുടെ ഉദ്ഘാടനം ഫാ. ബോബി അലക്സ് മണ്ണംപ്ലാക്കൽ നിർവഹിച്ചു. കോട്ടയം, ഇടുക്കി, എറണാകുളം ജില്ലകളിൽ ആയുർവേദ മരുന്നുകൾ വിതരണം ചെയ്തു വരുന്നു.

**സഹ്യാദ്രി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**

**വാട്ടർ & സോയിൽ ടെസ്റ്റിംഗ് ലാബ്**

സാമ്പിളുകൾ പരിശോധിച്ചത്

വാട്ടർ: 9, സോയിൽ: 1, കമ്പോസ്റ്റ്: 1

**മൈക്രോബയോളജി ലാബ്**

ട്രൈക്കോഡർമ : 475 L വിൽപ്പന നടത്തി

ട്രൈക്കോഡർമ : 250 L ഉല്പാദിപ്പിച്ചു.

**ഇക്കോ ഫാം**

560 കുരുമുളക് തൈകൾ വിൽപ്പന നടത്തി.

**ഗാർഡൻ**

പുതുതായി 832 തൈകൾ ഉത്പാദിപ്പിച്ചു. 748 തൈകൾ വിൽപ്പന നടത്തി

**കമ്പോസ്റ്റ്**

500 കിലോഗ്രാം പുതിയതായി ഉത്പാദിപ്പിച്ചു. 428 കിലോഗ്രാം വിൽപ്പന നടത്തി.

**ബയോഗറിജിൻ തട്ടാത്തിക്കാനം**

വിവിധ ഇനം ഉൽപ്പന്നങ്ങളിലായി 342 പാക്കറ്റുകൾ വില്പന നടത്തി.

**കമ്മ്യൂണിറ്റി ഡെവലപ്മെന്റ് ഡിപ്പാർട്ട്മെന്റ്**

**റീജിയണൽ മീറ്റിംഗ്**

പി.ഡി.എസ് വിവിധ ഗ്രാമങ്ങളിൽ നടത്തിവരുന്ന വികസന പ്രവർത്തനങ്ങളെ വിലയിരുത്തുക, ഭാവി പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി എല്ലാമാസവും നടത്തപ്പെടുന്ന മീറ്റിങ്ങുകൾ പതിവുപോലെ കട്ടപ്പന, കുമളി, പീരുമേട്, കാഞ്ഞിരപ്പള്ളി, റീജിയണൽ ഓഫീസുകളിൽ വച്ച് നടത്തപ്പെടുകയുണ്ടായി. വിവിധ ഗ്രാമങ്ങളിൽ നിന്നുള്ള പ്രതിനിധികൾ മീറ്റിങ്ങിൽ പങ്കെടുത്ത് റിപ്പോർട്ട് അവതരിപ്പിച്ചു.

പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി ജോയിന്റ് ഡയറക്ടർ ഫാ: ബ്രിജേഷ് പുറ്റുമണ്ണിൽ പ്രോഗ്രാം ഡയറക്ടർ ഡോ: സിബി ജോസഫ് എന്നിവർ മീറ്റിങ്ങുകൾക്ക് നേതൃത്വം നൽകി. റീജിയണൽ കോഡിനേറ്റേഴ്സ് മീറ്റിങ്ങിൽ സന്നിഹിതരായിരുന്നു.

**കർഷക ഉത്പാദക കമ്പനി**

നബാർഡ്, എൻ.സി.ഡീ.സി എന്നീ ഏജൻസികളുമായി സഹകരിച്ച് പി.ഡി.എസ് നേതൃത്വത്തിൽ നടപ്പിലാക്കിവരുന്ന കർഷക കമ്പനികളുടെ പ്രവർത്തനങ്ങൾ നല്ല രീതിയിൽ മുന്നോട്ടു പോകുന്നു.

കേരളത്തിലെ വിവിധ ജില്ലകളികളിലായി രൂപീകരിച്ച 32 കർഷക കമ്പനികളിൽ 28 കർഷക കമ്പനികളുടെ രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കി ബിസിനസ് സംരംഭങ്ങളിലേക്ക് കടന്നു.

**ഇക്കോഷോപ്പ് ഉദ്ഘാടനം**

എൻ.സി.ഡി.സി യുടെയും പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയുടെയും സഹകരണത്തോടെ ഇടുക്കി ജില്ലയിൽ

അഴുത ബ്ലോക്ക് കേന്ദ്രീകരിച്ച് പ്രവർത്തിച്ചുവരുന്ന ഹൈറേഞ്ച് ഫാർമർ പ്രൊഡ്യൂസർ ആൻഡ് മാർക്കറ്റിംഗ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന ഹൈറേഞ്ച് എഫ് പി ഓ കർഷകരായ സൊസൈറ്റി ഓഹരി ഉടമകളുടെ കാർഷിക ഉത്പന്നങ്ങളും കാർഷികമൂല്യ വർദ്ധിത ഉൽപ്പന്നങ്ങളും വിപണനം നടത്തുന്നതിനായി ഒരു ഇക്കോ ഷോപ്പ് പീരുമേട് ടൗണിൽ ടീ ബോർഡ് ഓഫീസിന് സമീപം പഴയ എസ്.ബി.ഐ കെട്ടിടത്തിൽ പ്രവർത്തനം ആരംഭിച്ചു.

2024 ഓഗസ്റ്റ് ഒന്നാം തീയതി ബഹുമാനപ്പെട്ട പീരുമേട് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ ആർ ദിനേശൻ അവർകൾ ഷോപ്പിന്റെ ഉദ്ഘാടന കർമ്മം നിർവഹിച്ചു. എൻ.സി.ഡി.സി റിജിയണൽ ഡയറക്ടർ ശ്രീ കെ എൻ ശ്രീധരൻ പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം, പ്രോഗ്രാം ഡയറക്ടർ ഡോ. സിബി ജോസഫ്, കേരള സംസ്ഥാന സഹകരണ പെൻഷൻ ബോർഡ് ചെയർമാൻ ശ്രീ. തിലകൻ, വാർഡ് മെമ്പർ ശ്രീ. എസ് സാബു എന്നിവർ സന്നിഹിതരായിരുന്നു.

## ഇന്റൺഷിപ്പ് പ്രോഗ്രാം

സാമൂഹിക പ്രവർത്തകർക്കു വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി വിവിധ കോളേജുകളിൽ നിന്നായി 5 വിദ്യാർത്ഥികൾ പി.ഡി.എസിൽ ഇന്റൺഷിപ്പ് പൂർത്തിയാക്കി വരുന്നു.

## സാമ്പത്തിക സഹായങ്ങൾ

കുടുംബ വികസന പ്രവർത്തനങ്ങളുടെ ഭാഗമായി പീരുമേട് ഡവലപ്മെന്റ് സൊസൈറ്റി വഴിയായും പി.ഡി.എസ് ഫാമിലി സ്പോൺസർഷിപ്പ് പ്രോഗ്രാം വഴിയായും ഈമാസം നൽകിയ സാമ്പത്തിക സഹായങ്ങൾ.

വിദ്യാഭ്യാസ സഹായം: 135739/-, ഭവന നിർമ്മാണം: 125000/-, വരുമാനദായക പ്രവർത്തനങ്ങൾ: 40000/-, ചികിത്സാ സഹായം: 50000/-

**കൗൺസിലിംഗ് സേവനം**


പീരുമേട് ഡെവലപ് മെന്റ് സൊസൈറ്റിയുടെ കട്ടപ്പന ഫാമിലി കൗൺസിലിംഗ് സെന്ററിൽ ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി 24 കേസുകൾ രജിസ്റ്റർ ചെയ്തു ഇവർക്ക് ആവശ്യമായ കൗൺസിലിംഗ് സേവനവും ഇതര സഹായങ്ങളും ഈ സെന്ററിൽ നിന്നും നൽകി വരുന്നു.

**ആരോഗ്യ ഇൻഷുറൻസ് പദ്ധതി**

ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുടെ സഹായത്തോടെ പി.ഡി.എസ് നടത്തുന്ന യൂണിവേഴ്സൽ ഹെൽത്ത് ഇൻഷുറൻസ് പദ്ധതിയിൽ 146 കുടുംബങ്ങൾ അംഗത്വമെടുത്തു. ആശുപത്രിയിൽ കിടന്നുള്ള ചികിത്സാസഹായമായി 3 യൂണിറ്റിൽ 5 പേർക്ക് 40035/- രൂപ വിതരണം ചെയ്തു.

സന്യാസിയോട : 9150/-, നരിയമ്പാറ: 11985/-, രാജഗിരി: 18900/-

**ഫാ. ജിൽസൺ ജെയിംസ് കുന്നത്തുപുരയിടം**
**ഡയറക്ടർ**



# രൂപതാവാർത്തകൾ

**മാർ ജോസ് പുളിക്കൽ**
**ആഗസ്റ്റ് 2024**

01 കുട്ടിക്കാനം മരിയൻ കോളേജിൽ പുതുതായി നിർമ്മിച്ച ചാപ്പലും ഹോസ്റ്റലുകളും മ്യൂസിയവും അനുബന്ധ സംവിധാനങ്ങളും ആശീർവദിച്ചു.

02 ചങ്ങനാശ്ശേരിയിൽ wings 2.0 പരിശീലന പരിപാടിയിൽ സംബന്ധിച്ചു.

03 പൊടിമറ്റം മൈനർ സെമിനാരിയിൽ ബെനഫാക്ടേഴ്സ് മീറ്റിനോടനുബന്ധിച്ച് വി. കുർബാനയർപ്പിച്ചു.

04 പൊടിമറ്റത്ത് യുവദമ്പതിമാരുടെ സംഗമം 'എബൈനസർ സംഗമത്തിൽ' സന്ദേശം നൽകി.

– പാസ്റ്ററൽ സെന്ററിൽ വിൻസെന്റ് ഡി പോൾ സംഘടനയുടെ വാർഷികയോഗത്തിൽ സംബന്ധിച്ചു.

– ചങ്ങനാശ്ശേരിയിൽ wings 2.0 സമാപനചടങ്ങിൽ സംബന്ധിച്ചു.

– കാഞ്ഞിരപ്പള്ളി വിയാനിഹോമിലെ വിയാനി ഡേ ആഘോഷങ്ങളിൽ സംബന്ധിച്ചു.

– എസ്.എം.സി.സി.യുടെ ഓൺലൈൻ സമ്മേളനത്തിൽ പങ്കെടുത്തു.

5–9 കാക്കനാട് മൗണ്ട് സെന്റ് തോമസ് കെ.സി.ബി.സി. മെത്രാന്മാരുടെ ധ്യാനത്തിലും സമ്മേളനത്തിലും സംബന്ധിച്ചു.

10 കരുണാപുരം ഇടവകയിൽ മ്ശംശാന വർഗീസ് കാരക്കൽ OP-യുടെ ശുശ്രൂഷാ പൗരോഹിത്യ സ്വീകരണത്തിൽ കാർമ്മികത്വം വഹിച്ചു.

– നരിയമ്പാറ ഇടവകയിൽ വി. കുർബാനയർപ്പിക്കുകയും പുതുക്കിപ്പണിത കപ്പേള ആശീർവദിക്കുകയും ചെയ്തു.

11 അണക്കര ഇടവകയിൽ വി. കുർബാനയർപ്പിച്ചു.

– കട്ടപ്പനയിൽ ഇൻഫാം ഇടുക്കി താലൂക്കിന്റെ കർഷക സമ്മേളനത്തിൽ പങ്കെടുത്തു.

12 ചങ്ങനാശ്ശേരിയിൽ ഇന്റർ എപ്പാർക്കിയൽ സമ്മേളനത്തിൽ പങ്കെടുത്തു.

12–13 മാനന്തവാടി രൂപത ദ്വാരക പാസ്റ്ററൽ സെന്ററിൽ കെ.സി.ബി.സി. ജെ.പി.ഡി. കമ്മീഷന്റെ യോഗത്തിൽ പങ്കെടുക്കുകയും ഉരുൾപൊട്ടൽ ബാധിത പ്രദേശമായ വിലങ്ങാട് സന്ദർശിക്കുകയും ചെയ്തു.

14 കോതമംഗലം രൂപതാ കാളിയാർ ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

15 പാസ്റ്ററൽ സെന്ററിൽ എസ്.എം.വൈ.എം. സംഘടിപ്പിച്ച ഓൾഡ് ഈസ് ഗോൾഡ് സംഗമത്തിൽ സംബന്ധിച്ചു.

– ഇളങ്ങുളം ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശകൾ നൽകി.

16 സഹ്യാദ്രി ക്രെഡിറ്റ് സൊസൈറ്റിയുടെ എക്സിക്യൂട്ടീവ് യോഗത്തിൽ പങ്കെടുത്തു.

– എസ്.എം.സി.സി.യുടെ ഓൺലൈൻ യോഗത്തിൽ പങ്കെടുത്തു.

17 ചീനിക്കുഴി സാൻ ജോസ് ഹോമിൽ വി. കുർബാനയർപ്പിക്കുകയും പുതുതായി ക്രമീകരിച്ച സൗരോർജ പ്ലാന്റ് ആശീർവദിക്കുകയും ചെയ്തു.

17–18 കപ്പാട് ഇടവകയിൽ അജപാലന സന്ദർശനം നടത്തി.

19–22 കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

22–25 പാലായിൽ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുത്തു.

25–31 കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

## മാർ മാത്യു അറയ്ക്കൽ
## ആഗസ്റ്റ് 2024

01 അമൽജ്യോതി കോളേജിലെ Start up business - ന്റെ ഭാഗമായി ഒരു പുതിയ firm blessing നടത്തി.

04 നെറ്റിത്തൊഴു ഇടവകദൈവാലയത്തിൽ വി. ബലിയർപ്പിക്കുകയും വിയാനിദിനത്തിലെ സന്ദേശമേകുകയും പുതുതായി നിർമ്മാണമാരംഭിക്കുന്ന വൈദികമന്ദിരത്തിന്റെ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

06 കാഞ്ഞിരമറ്റം ഇടവകയിൽ പരേതനായ പായിക്കാട്ട് ജോസഫിന്റെ (ബഹു. മാത്യു പായിക്കാട്ടച്ചന്റെ സഹോദരൻ) മൃതസംസ്ക്കാരകർമ്മങ്ങൾ പരികർമ്മം ചെയ്തു.

09 എലിക്കുളം ഇടവകയിൽ പരേതനായ തങ്കച്ചൻ കാരങ്കലിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾ ദൈവാലയത്തിൽ നടത്തി.

10 ബഹു. വയലുങ്കൽ ചാണ്ടിയച്ചന്റെ 8-ാം ചരമവാർഷിക ദിനത്തിൽ ചെങ്ങളം ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് കബറിടത്തിങ്കൽ ഒപ്പീസ് നടത്തി.

11 കപ്പാട് ഇടവകയിൽ ഒരു കുഞ്ഞിന് പ്രാരംഭകൂദാശ പരികർമ്മം ചെയ്തു.

12 ഇളങ്ങുളം ദൈവാലയത്തിൽ പരേതനായ വാളിപ്ലാക്കൽ ജോസഫിന്റെ മൃതസംസ്ക്കാരകർമ്മങ്ങൾ നടത്തി.

\- കുന്നുംഭാഗം ദൈവാലയത്തിൽ ഒരു കുഞ്ഞിന് പ്രാരംഭ കൂദാശകൾ പരികർമ്മം ചെയ്തു.

15 പരി. അമ്മയുടെ സ്വർഗ്ഗോരോപണദിനത്തോടനുബന്ധിച്ച് പ്ലാച്ചേരി ഇടവക ദൈവാലയത്തിൽ വി. ബലിയർപ്പിച്ച് സന്ദേശമേകുകയും സ്വാതന്ത്ര്യദിനപതാക ഉയർത്തുകയും ചെയ്തു.

19-22 കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

22-25 പാലായിൽ സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ പങ്കെടുത്തു.

25-31 കാക്കനാട് സീറോ മലബാർ സഭാ കാര്യാലയത്തിൽ മെത്രാന്മാരുടെ സിനഡിൽ പങ്കെടുത്തു.

# BISHOP'S ENGAGEMENTS
## MAR JOSE PULICKAL
## SEPTEMBER - 2024

| Date | Programme | Place | Time |
|---|---|---|---|
| 1 | Holy Qurbana and laying of foundation stone | Chenkal | 7.00 am |
| - | Message, Marian Theerthadanam | Akkarapally | 11.30 am |
| 2 | Funeral | Kumarakam | 9.00 am |
| - | Holy Qurbana | Pattumala | 3.30 pm |
| 3 | Marian Gathering | Akkarapally | 11.30 am |
| 4 | Inauguration, Drama | Pastoral Centre | 7.00 pm |
| 7 | Laying of foundation stone | Angelvalley | 10.00 am |
| - | Holy Qurbana | Akkarapally | 4.30 pm |
| 8 | Church Consecration | Vallackadavu | 9.00 am |
| 9 | Betrothal | Podimattom | 11.00 am |
| 9-13 | Priests' Retreat | Ramanadapuram | |

| Date | Programme | Place | Time |
|---|---|---|---|
| 14 | Meeting | Arpookkara | 10.30 am |
| - | Marriage | Laikkadu | 3.00 pm |
| 15 | Marriage | Cathedral | 12.00 pm |
| 17 | Couples' Gathering | Podimattom | 11.00 am |
| 18 | Marriage | Athirampuzha | 11.00 am |
| 19 | Baptism | Edakunnam | 11.00 am |
| 20 | Presbyteral Council | Pastoral Centre | 10.00 am |
| 22 | Holy Qurbana | Pastoral Centre | 6.30 am |
| 22-27 | Priests' Annual Retreat, Batch I | Minor Seminary | |
| 28 | Special Schools' Meeting | POC | 9.00 am |
| 29-Oct 4 | Priests' Annual Retreat, Batch II | Minor Seminary | |



സെപ്റ്റംബർ 21–ാം തീയതി

നാമഹേതുകത്തിരുനാൾ ആഘോഷിക്കുന്ന

**അഭിവന്ദ്യ മാർ മാത്യു അറയ്ക്കൽ പിതാവിന്**

രൂപതാകുടുംബത്തിന്റെ ആശംസകൾ

# 2024 സെപ്റ്റംബർ

## ഏലിയാ – സ്ലീവ – മൂശെ കാലങ്ങൾ

| | | |
|---|---|---|
| 1 | ഞായർ | ✠ ഏലിയാ സ്ലീവ മൂശെ രണ്ടാം ഞായർ (എട്ടുനോമ്പാരംഭം) നിയ 18:14–22; പ്രഭാ 48:1–11; ഹെബ്രാ 11:23–29; മത്താ 17:9–13. |
| 2 | തിങ്കൾ | ഗലാ 5:19–26; ലൂക്കാ 3:7–14. |
| 3 | ചൊവ്വ | റോമാ 2:1–11; മത്താ 12:38–42. |
| 4 | ബുധൻ | യാക്കോ 3:1–12; മത്താ 12:33–37. |
| 5 | വ്യാഴം | ഗലാ 5:13–18; ലൂക്കാ 21:29–38. |
| 6 | വെള്ളി | 2 തിമോ 3:1–9; മത്താ 24:1–14. |
| 7 | ശനി | വെളി 2:1–7; ലൂക്കാ 13:1–5. |
| 8 | ഞായർ | ✠ ഏലിയാ സ്ലീവ മൂശെ മൂന്നാം ഞായർ പ. ക. മറിയത്തിന്റെ ജനനത്തിരുനാൾ ഉത്പ 17:15–22 (17:1–27); ഏശ 43:1–7 (42:18–43:13); വെളി 12:1–6; മത്താ 1:1–16. |
| 9 | തിങ്കൾ | 1 തിമോ 6:11–16; മത്താ 24:45–51. |
| 10 | ചൊവ്വ | വെളി 3:14–22; മർക്കോ 11:12–14, 20–26. |
| 11 | ബുധൻ | വെളി 22:10–19; മത്താ 25:1–13. |
| 12 | വ്യാഴം | 1 തിമോ 4:1–11; മർക്കോ 13:32–37. |
| 13 | വെള്ളി | എഫേ 4:1–7, 11–13; മർക്കോ 4:1–9. |
| 14 | ശനി | മാർ സ്ലീവായുടെ പുകഴ്ച സംഖ്യ 21: 4–9; ഏശ 42:13–17 (42:13–43:12); 1 കോറി 1:18–25 (1:18–31); ലൂക്കാ 24:13–27 (24:13–35). |
| 15 | ഞായർ | ✠ ഏലിയാ സ്ലീവ മൂശെ നാലാം ഞായർ സംഖ്യ 21:1–9; സഖ 10:8–12; ഗലാ 6:11–18; മത്താ 10:34–42. |
| 16 | തിങ്കൾ | 2 കോറി 10:1–6; ലൂക്കാ 18:31–34. |
| 17 | ചൊവ്വ | കൊളോ 2:6–15; യോഹ 3:13–21. |
| 18 | ബുധൻ | ഹെബ്രാ 12:1–3; ലൂക്കാ 24:13–35. |
| 19 | വ്യാഴം | എഫേ 2:11–22; യോഹ 11:45–57. |
| 20 | വെള്ളി | ശ്ലീഹ 4:1–12; ലൂക്കാ 20:9–19. |
| 21 | ശനി | ഹെബ്രാ 11:23–26; മത്താ 9:9–13. |
| 22 | ഞായർ | ✠ ഏലിയാ സ്ലീവ മൂശെ അഞ്ചാം ഞായർ ഉത്പ 9:8–17; ദാനി 7:9–14; 1 കോറി 1:18–25; മത്താ 24:29–36. |
| 23 | തിങ്കൾ | 1 കോറി 10:1–13; മത്താ 24:15–28. |
| 24 | ചൊവ്വ | 1 യോഹ 2:18–29; യോഹ 7:25–31, 40–43. |
| 25 | ബുധൻ | വെളി 19:11–15; ലൂക്കാ 12:54–59. |
| 26 | വ്യാഴം | 1 കോറി 5:9–13, 6:9–11; ലൂക്കാ 17:20–25. |
| 27 | വെള്ളി | 1 കോറി. 1:26–31; മത്താ. 9:35–38. |
| 28 | ശനി | 2 പത്രോ 3:10–13; മത്താ 4:12–17. |
| 29 | ഞായർ | ✠ ഏലിയാ സ്ലീവ മൂശെ ആറാം ഞായർ ഉത്പ 41:37–45; പ്രഭാ 47:2–3, 8–11; ഹെബ്രാ 1:1–4; യോഹ 12:27–36. |
| 30 | തിങ്കൾ | 2 തിമോ 3:12–17; മത്താ 13:44–52. |

Edited and printed by Rev. Fr. Kurian Thamarasserry, Chancellor,
Pastoral Centre, Kanjirapally, Ph:04828-205200, 9447080520, Fax : 04828-205200
E-mail : kthamarassery@gmail.com
Layout : Smarts Kanjirapally - 203850 Printing : Amala offset Kanjirapally 204654